بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 3

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം 5

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഫെബ്രുവരി 1/ഹി:ശം:1397 തബ്ലീഗ് 1/ഹി:ഖ:1439 ജമാദുൽ അവ്വൽ 14

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 15-12-2018നും 22-12-2018നും മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിലും 9-ാം പേജിലും വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**ജീവനുള്ള ദൈവത്തിന്റെ ജീവസുറ്റ ശക്തിപ്രഭാവങ്ങൾ മനുഷ്യൻ ദർശിക്കാത്തിടത്തോളം ശയ്ത്വാൻ അവന്റെ മനസ്സിൽനിന്ന് പുറത്തുപോകുകയില്ലെന്നതാണ് കാര്യം; സത്യസന്ധമായ തൗഹീദ് അവന്റെ മനസ്സിൽ കടക്കുകയുമില്ല; യഥാർഥനിലയിൽ ദൈവവിശ്വാസി ആകുകയുമില്ല. ഈ സംശുദ്ധവും സമ്പൂർണവുമായ തൗഹീദ് നബി(സ)തിരുമേനി മുഖേന മാത്രമേ ലഭിക്കുകയുള്ളു."**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"തീർച്ചയായും മനസ്സിലാക്കിക്കൊള്ളുവിൻ! യഥാർഥ തൗഹീദ് അഥവാ ഏകദൈവവിശ്വാസം നബി മുഖേന മാത്രമേ ലഭിക്കുകയുള്ളു. നമ്മുടെ നബി(സ)തിരുമേനി അറേബ്യയിലെ നിരീശ്വരവാദികളേയും ദുഷിച്ചമതക്കാരേയും ആയിരക്കണക്കിന് ദിവ്യദൃഷ്ടാന്തങ്ങൾ കാണിച്ച് ദൈവവിശ്വാസികളാക്കിത്തീർത്തു. നബി(സ)തിരുമേനിയെ സത്യസന്ധവും സമ്പൂർണവുമായ നിലയിൽ അനുധാവനം ചെയ്യുന്നവർ ഇന്നും ആ ദിവ്യദൃഷ്ടാന്തങ്ങൾ നാസ്തികരുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ജീവനുള്ള ദൈവത്തിന്റെ ജീവസുറ്റ ശക്തിപ്രഭാവങ്ങൾ മനുഷ്യൻ ദർശിക്കാത്തിടത്തോളം ശയ്ത്വാൻ അവന്റെ മനസ്സിൽനിന്ന് പുറത്തുപോകുകയില്ലെന്നതാണ് കാര്യം;സത്യസന്ധമായ തൗഹീദ് അവന്റെ മനസ്സിൽ കടക്കുകയുമില്ല; യഥാർഥ നിലയിൽ ദൈവവിശ്വാസി ആകുകയുമില്ല. ഈ സംശുദ്ധവും സമ്പൂർണവുമായ തൗഹീദ് നബി(സ)തിരുമേനി മുഖേന മാത്രമേ ലഭിക്കുകയുള്ളു."

**(ഹഖീഖത്തുൽവഹ്യ് റൂഹാനീ ഖസായിൻ വാല്യം 22 പേജ് 121)**

**(2017-ൽ നടന്ന 123-ാമത് ജൽസസാലാനയുടെ സംക്ഷിപ്ത റിപ്പോർട്ട്(തുടങ്ങിയതുമുതൽ 126-ാമത്)**

## അഹ്മദിയ്യാകേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ 123-ാമത് ജൽസസാലാന വിജയകരമായനിലയിൽ സമാപിച്ചു.

**മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ മുഖേന സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അത്യുജ്ജ്വലമായ ആത്മീയ പ്രഭാഷണം.**

**●44 രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ. 20,048 പേർ ജൽസയിൽ പങ്കെടുത്തു.**
**●ഹുദൂറിന്റെ സമാപന പ്രഭാഷണത്തിൽ ലണ്ടനിൽ 5300 പ്രതിനിധികൾ സന്നിഹിതരായി.**
**●തഹജ്ജുദ് നമസ്കാരം. ●ദർസുൽഖുർആൻ. ●ദിക്റെ ഇലാഹിയുടെ തികവാർന്ന അന്തരീക്ഷം. ●ആദരണീയരായ ആലിംകളുടെ ഉജ്ജ്വല പ്രസംഗങ്ങൾ. ●സർവമത സമ്മേളനം. ●അതിഥികളുടെ പരിചയപ്പെടുത്തൽ ഭാഷണം. ●ദേശീയവും അന്തർദേശീയവുമായ ഭാഷകളിൽ പരിഭാഷ. ●അഹ്മദികളുടെ അറിവുകളിൽ വർധനവരുത്തുന്നതിന് ശിക്ഷണപരമായ കാര്യങ്ങളടങ്ങിയ ഡോക്യുമെന്ററികളും പ്രദർശനങ്ങളും. ●32 വിവാഹ വിളംബരങ്ങൾ. ●പ്രിന്റ്-ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജൽസയുടെ കവറേജ്. ●സമാധാനപരവും സന്തോഷഭരിതവുമായ അന്തരീക്ഷത്തിൽ ജൽസയ്ക്ക് സമാപനം. ●ഡിസംബർ 20 മുതൽ 22വരെ എം.ടി.എ ഇന്റർ നാഷണൽ ഖാദിയാൻ സ്റ്റുഡിയോയിൽനിന്ന് അറബി പ്രോഗ്രാം "ഇസ്മഊ സ്വൗത്തസ്സമാ ജാഅൽ മസീഹ് ജാഅൽ മസീഹ്"ന്റെ തൽസമയ സംപ്രേഷണം. ●ജനുവരി 3 മുതൽ 5 വരെ 'The Messiah of the Age' എന്ന ശീർഷകത്തിൽ ആഫ്രിക്കൻ രാജ്യങ്ങൾക്കുവേണ്ടി തൽസമയ സംപ്രേഷണം.**

അൽഹംദുലില്ലാഹ് ഖാദിയാൻ ജൽസാ സാലാന ബുസ്താനെ അഹ്മദിന്റെ പ്രവിശാലമായ അങ്കണത്തിൽ 2017 ഡിസംബർ 29,30,31 തിയതികളിൽ സംഘടിപ്പിക്കുകയുണ്ടായി. 44 രാഷ്ട്രങ്ങളിൽനിന്നുള്ള 20,048 പ്രതിനിധികൾ പങ്കെടുത്തു. ജൽസയുടെ തയ്യാറെടുപ്പുകൾ വളരെ മുമ്പേ തുടങ്ങിയിരുന്നു. റോഡുകളും ഇടവഴികളും വെടിപ്പും വൃത്തിയുമുള്ളതാക്കി. നാലു ഭാഗത്തും വെളിച്ചത്തിനുള്ള സംവിധാനം ചെയ്തു. ബിഹിശ്തി മഖ്ബറ, ദാറുൽ മസീഹ്, മസ്ജിദ് മുബാറക്, മസ്ജിദ് അഖ്സ്വാ, മിനാരത്തുൽ മസീഹ് തുടങ്ങിയ ദൈവിക ചിഹ്നങ്ങളെല്ലാം ദീപാലങ്കാരം ചെയ്തിരുന്നു. അതിന്റെ ദൃശ്യം ഏവരുടെയും ഹൃദയം കവരുന്നതായിരുന്നു. ആഴ്ചയ്ക്കുമുമ്പേ അതിഥികളെത്തിച്ചേരാൻ തുടങ്ങി. ജൽസ അടുത്തടുത്ത് വന്നതോടൊപ്പം ഖാദിയാനിന്റെ ശോഭയ്ക്കും മാറ്റുകൂടിക്കൊണ്ടിരുന്നു. ജൽസാ ദിനങ്ങളിൽ അതിഥികളുടെ ആധിക്യംകൊണ്ട് അത് പാരമ്യതയിലെത്തി.

### പരിശോധന:

2017 ഡിസംബർ 25 ന് ജൽസാ സാലാന സംബന്ധമായുള്ള തയ്യാറെടുപ്പുകളുടെ പരിശോധന, സയ്യിദുനാ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ പ്രതിനിധി എന്ന നിലയിൽ മൗലാന മുഹമ്മദു ഇനാം സാഹിബ് ഗോറി നാളിർ അഅ്ലാ, വ അമീർ മഖാമി നടത്തി. ജൽസാ ഗാഹിൽ സംഘടിപ്പിച്ച ഈ പരിശോധനാ പരിപാടിയിൽ കൃത്യം 10.30ന് ഹുദൂറിന്റെ പ്രതിനിധി ആദ്യം എല്ലാ പ്രവർത്തകർക്കും ഹസ്തദാനം ചെയ്തു. പരിപാടി ആരംഭിച്ചത് വിശുദ്ധ ഖുർആൻ പാരായണത്തോടെയായിരുന്നു. മൗലവി മുർശിദ് അഹ്മദ് ഡാറാണ് ഖുർആൻ പാരായണം ചെയ്തത്. അതിന്റെ തർജമയും അദ്ദേഹം കേൾപ്പിക്കുകയുണ്ടായി. തുടർന്ന് നാളിർ അഅ്ലാ സാഹിബ് തന്റെ പ്രസംഗത്തിൽ പറഞ്ഞു: എല്ലാ പ്രവർത്തകരും ഒരു മെഷീന്റെ വിവിധ ഭാഗങ്ങൾ പോലെയാണ്. അതിന്റെ എല്ലാ ഭാഗങ്ങളും ഒരേ പോലെ ശരിയായി നിലനിൽക്കുന്നതാണ്. ജൽസാ സാലാനയുടെ എല്ലാ പ്രവൃത്തികളും ഭംഗിയായി നടക്കുന്നതിനുവേണ്ടി ഏകദേശം രണ്ടു ഡസനിലേറെ വകുപ്പുകൾക്ക് രൂപം നല്കിയിരുന്നു.

ഈ പരിപാടിയിൽ എല്ലാ വകുപ്പിന്റേയും സെക്രട്ടറിമാരും ജോയിന്റ് സെക്രട്ടറിമാരും പങ്കെടുത്തിരുന്നു. നാളിർ അഅ്ലാ സാഹിബ് പറഞ്ഞു: 'ഈ പരിശോധനാ പരിപാടി ജമാഅത്തിന്റെ സുപ്രധാന പാരമ്പര്യങ്ങളിൽപ്പെട്ടതാണ്. ഖലീഫത്തുൽ മസീഹിന്റെ സാന്നിധ്യമുള്ളിടത്ത് അവിടന്ന് നേരിട്ടാണ് ഇത് നടത്തുന്നത്. മറ്റു സ്ഥലങ്ങളിൽ അവിടന്ന് തന്റെ പ്രതിനിധിയെ അതിന് നിശ്ചയിക്കുന്നു.'

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

പ്രവർത്തകരെ ഉപദേശിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: 'എല്ലാ പ്രവർത്തകരും എല്ലാ സമയവും തങ്ങളുടെ ജോലികളിൽ ഉണ്ടായിരിക്കേണ്ടതാണ്. രാത്രി താമസിച്ച് ഉറങ്ങേണ്ടിവന്നാലും രാവിലെ നമസ്കരിക്കാനെത്തേണ്ടതാണ്; ദുആകളും ചെയ്തുകൊണ്ടിരിക്കണം. അല്ലാഹു സന്തുഷ്ടനാണെങ്കിൽ അതിഥികളും സന്തുഷ്ടരായിരിക്കും.' അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ആതിഥ്യമര്യാദയുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ, ആതിഥ്യമര്യാദയെകുറിച്ചുള്ള സുപ്രധാന നിർദേശങ്ങളും വായിച്ചു കേൾപ്പിച്ചു.

ഈ പരിപാടിയിൽ ശുഅയ്ബ് അഹ്മദ് സാഹിബ് (അഫ്സർ ജൽസാസാലാന), മുസഫ്ഫർ അഹ്മദ് നാസിർ (അഫ്സർ ജൽസാഗാഹ്), കെ. ത്വാരിഖ് അഹ്മദ് (അഫ്സർ ഖിദ്മത്തെ ഖൽഖ്), എല്ലാ നാഇബ് ഓഫീസർമാരും സ്റ്റേജിൽ ഉപവിഷ്ഠരായിരുന്നു. എല്ലാ സെക്രട്ടറിമാരും ആതിഥേയരും അവരുടെ നാഇബുമാരും സഹായികളോടൊപ്പം സ്റ്റേജിന്റെ മുമ്പിൽ ഓരോ വകുപ്പിന്റെയും ബാനറിന്റെ പിന്നിൽ അണിനിരന്നിരുന്നു. 20 മിനിറ്റു നേരത്തെ പ്രഭാഷണത്തിനുശേഷം നാളിർ അഅ്ലാ സാഹിബ് ദുആ ചെയ്യിച്ചു. പരിപാടി സമാപിച്ചതിനുശേഷം ബഹുമാന്യ നാളിർ അഅ്ലാ സാഹിബ് ജൽസാഗാഹും, അതിഥികൾക്കുള്ള താമസസൗകര്യങ്ങളും മറ്റു ഏർപ്പാടുകളും നോക്കിക്കണ്ടു.

**2017 ഡിസംബർ 29 വെള്ളിയാഴ്ച:**

ദൂരെ ദൂര സ്ഥലങ്ങളിൽ നിന്നെത്തിയ അഹ്മദിയ്യത്തിന്റെ വർണശലഭങ്ങൾ രാവിലെ ജൽസാഗാഹിൽ ആഗതരാകാൻ തുടങ്ങി. ദുആകളിൽ വ്യാപൃതരായി. വിശ്വാസ ദൃഢീകരണത്തോടെയുള്ള തക്ബീർ ധ്വനികളും മുദ്രാവാക്യങ്ങളുംകൊണ്ട് ജൽസാഗാഹ് മുഖരിതമായി. ഈ ദൃശ്യം ഈമാന് കൂടുതൽ കരുത്തു പകരുന്നതായിരുന്നു.

**പതാക ഉയർത്തൽ:**

ജമാഅത്തിന്റെ പാരമ്പര്യമനുസരിച്ച് ഒരു സുരക്ഷിതമായ പെട്ടിയിൽ അഹ്മദിയ്യാ യുവാക്കളുടെ കാവലിൽ അഹ്മദിയ്യാ പതാക ജൽസാഗാഹിൽ കൊണ്ടുവരപ്പെട്ടു. ഹാഫിള് മഖ്ദൂം ശരീഫ് സാഹിബ് (നാളിർ നശ്ർ വ ഇശാഅത്ത് ഖാദിയാൻ), വസീം അഹ്മദ് സിദ്ദീഖ് സാഹിബ് (നാളിർ ബയ്ത്തുൽ മാൽ ആമദ്), മുഹമ്മദു നസീം ഖാൻ സാഹിബ് (വക്കീലുത്തബ്ശീർ), മൗലാനാ ഇനായത്തുല്ലാഹ് സാഹിബ് (അഡീഷണൽ നാളിർ ഇസ്ലാഹ് വ ഇർശാദ് തഅ്ലീമുൽ ഖുർആൻ വ വഖ്ഫെ ആർസി), സയ്നുദ്ദീൻ ഹാമിദ് സാഹിബ് (സ്വദ്ർ മജ്ലിസ് അൻസ്വാറുല്ലാഹ് ഭാരത്), കെ ത്വാരീഖ് സാഹിബ് (സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്) തുടങ്ങിയവർ അഹ്മദിയ്യാ പതാകയെ അനുധാവനം ചെയ്തു.

കൃത്യം 10.08ന് മൗലാന ജലാലുദ്ദീൻ സാഹിബ് നയ്യർ (സ്വദ്ർ, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ പതാക ഉയർത്തുകയും ദുആ ചെയ്യുകയും ചെയ്തു. പതാക ഉയരുന്ന വേളയിൽ സ്റ്റേജിൽനിന്ന് *റബ്ബനാ തഖബ്ബൽമിന്നാ ഇന്നക്ക അൻതസ്സമീഉൽ അലീം വതുബ് അലയ്നാ ഇന്നക്ക അൻത ത്തവ്വാബുർറഹീം* എന്ന ദുആകളും വിലാപങ്ങളും ലൗഡ്സ്പീക്കറിലൂടെ ഉയർന്നുകൊണ്ടിരുന്നു. ജൽസാ ഗാഹിലുണ്ടായിരുന്ന എല്ലാവരും ഈ ദുആ പൂർണ ആവേശത്തോടും വിലാപത്തോടും കൂടി ഏറ്റുചൊല്ലിക്കൊണ്ടിരുന്നു.

മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യറിന്റെ അധ്യക്ഷതയിൽ, മുർശിദ് അഹ്മദ് ഡാറിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ ജൽസാ പരിപാടിയ്ക്ക് തുടക്കം കുറിച്ചു. അദ്ദേഹം സൂറ നമലിലെ 61 മുതൽ 65 വരെയുള്ള വചനങ്ങൾ ഓതുകയും അതിന്റെ തർജമ കേൾപ്പിക്കുകയും ചെയ്തു.

അതിനുശേഷം യോഗാധ്യക്ഷൻ ഉദ്ഘാടന പ്രഭാഷണത്തിൽ പറഞ്ഞു: "ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ക്ഷണത്തിന് ഉത്തരം നല്കിക്കൊണ്ട്, അല്ലാഹുവിനു വേണ്ടിമാത്രം നിങ്ങൾ ഇവിടെ വന്നിരിക്കുകയാണ്. ഇതിനു ഞാൻ നിങ്ങൾക്കെല്ലാവർക്കും ആശംസകൾ നേരുന്നു."

ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചുകൊണ്ട് അദ്ദേഹം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിശ്വാസ ദൃഢീകരണ നിർദേശങ്ങൾ അവതരിപ്പിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മസീഹ് മൗഊദ്(അ) പറയുന്നു: 'മനുഷ്യർ സംഘടിപ്പിക്കുന്ന സമ്മേളനംപോലെ ഈ സമ്മേളനത്തെ നിങ്ങൾ കരുതരുത്. കേവലം ദൈവിക പിന്തുണയാലും ഇസ്ലാമിന്റെ കലിമയുടെ ഉന്നതിയാലുമുള്ള കാര്യമാണിത്. ഈ പരമ്പരയുടെ അടിസ്ഥാന ശില അല്ലാഹുതന്നെ അവന്റെ കൈകൊണ്ടുവച്ചതത്രെ! അടുത്തുതന്നെ അതിലേക്ക് കൂട്ടം കൂട്ടമായി വന്നെത്തുന്നതിന് ജനപദങ്ങളെ അവൻ ഒരുക്കിക്കഴിഞ്ഞിരിക്കുന്നു. എന്തെന്നാൽ, ആരുടെ മുമ്പിൽ ഒന്നും അസാധ്യമായിട്ടില്ലയോ ആ സർവശക്തന്റെ പ്രവൃത്തിയത്രെ ഇത്.

"നമ്മുടെ ജമാഅത്തിലെ ആളുകൾ ഏതുവിധത്തിലും ആവർത്തിച്ചാവർത്തിച്ചുള്ള കൂടിക്കാഴ്ചയിലൂടെ തങ്ങളുടെ ഹൃദയത്തെ പൂർണമായും ആഖിറത്തിലേക്ക് കുനിക്കുകയും തങ്ങളുടെ ഉള്ളിൽ അല്ലാഹുവിനോടുള്ള ഭയമുണ്ടാക്കുകയും ആത്മപരിത്യാഗവും തഖ്വയും പരിശുദ്ധിയും പരസ്പര സ്നേഹത്തിലും സാഹോദര്യത്തിലും മറ്റുള്ളവർക്ക് ഒരു മാതൃകയായിത്തീരുകയും വിനയവും വണക്കവും സത്യസന്ധതയും അവരിൽ ഉണ്ടാകുകയും ദീനീപരമായ നടപടികൾക്ക് സന്നദ്ധത സ്വായത്തമാക്കുകയും ചെയ്യുക എന്നതാണ് ഈ ജൽസയുടെ ഉദ്ദേശ്യവും ലക്ഷ്യവും.

"ഈ ജൽസയിൽ ദൃഢവിശ്വാസത്തിനും ദിവ്യജ്ഞാനത്തിനും കരുത്ത് പകരുന്നതിനാവശ്യമായ തത്ത്വോദ്ബോധനവും ആധ്യാത്മിക ജ്ഞാനവും കേൾപ്പിക്കാനുള്ള സംവിധാനം ഉണ്ടായിരിക്കും. ഓരോ വർഷവും ജമാഅത്തിൽ പ്രവേശിക്കുന്ന ഓരോരുത്തരും നിശ്ചിത തിയ്യതികളിൽ ഇവിടെ സന്നിഹിതരായി തങ്ങൾക്കു മുമ്പേ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളവരുടെ മുഖം ദർശിക്കാനും അങ്ങനെ പരസ്പരം തിരിച്ചറിഞ്ഞ് ബന്ധം അഭിവൃദ്ധിപ്പെടുത്താനും സാധിക്കുമെന്നത് ഈ ജൽസകൊണ്ടുള്ള ഒരു പ്രയോജനമാണ്."

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) 1905ൽ വസിയ്യത്ത് പദ്ധതിക്ക് തുടക്കം കുറിച്ചു. അതിന്റെ യഥാർഥ ഉദ്ദേശ്യം പരിശുദ്ധമായ ജമാഅത്തിന്റെ സംഘം നിലവിൽ വരിക എന്നതായിരുന്നു. അദ്ദേഹം സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ഒരു നിർദേശത്തിന്റെ വെളിച്ചത്തിൽ പറഞ്ഞു:

'വസിയ്യത്ത് പദ്ധതി ദൈവസാമിപ്യം പ്രാപിക്കുന്നതിനുള്ള ഒരു മാർഗമാണ്.' സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ നവലോകക്രമം എന്ന പ്രഭാഷണത്തിന്റെ അടിസ്ഥാനത്തിലും വസിയ്യത്ത് പദ്ധതിയുടെ പ്രാധാന്യത്തേയും അനുഗ്രഹങ്ങളേയും കുറിച്ചും അദ്ദേഹം പറഞ്ഞു.

അതിനുശേഷം ഖാദിയാൻ നൂർ ഹോസ്പിറ്റലിന്റെ ശതവർഷ സേവനങ്ങളടങ്ങിയ അന്നൂർ എന്ന പേരിൽ പ്രസിദ്ധീകരിച്ച സോവനീറിന്റെ പ്രകാശന കർമം നടന്നു. മൗലാനാ മുഹമ്മദ് ഹമീദ് കൗഥർ സാഹിബ് നാളിർ ദഅ്വത്തെ ഇലല്ലാഹ് മർക്കസിയ്യ ഖാദിയാൻ സോവനീർ പരിചയപ്പെടുത്തിക്കൊണ്ടു സംസാരിച്ചു. യോഗാദ്ധ്യക്ഷൻ മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യർ സോവനീർ പ്രകാശനംചെയ്തു. അദ്ദേഹത്തോടൊപ്പം ശീറാഥ് അഹ്മദ് സാഹിബ്(അഡീഷണൽ നാളിർ അഅ്ലാ ജുനൂബി ഹിന്ദ്), ഡോക്ടർ ത്വാരീഖ് അഹ്മദ് സാഹിബ് (അഡ്മിനിസ്ട്രേറ്റർ നൂർ ഹോസ്പിറ്റൽ ഖാദിയാൻ) എന്നിവരുമുണ്ടായിരുന്നു. തുടർന്ന് യോഗാദ്ധ്യക്ഷൻ ദുആ ചെയ്യിച്ചു.

**ആദ്യ ദിവസം - ആദ്യയോഗം**

ഉദ്ഘാടന പരിപാടിയ്ക്കുശേഷം ജൽസയുടെ ആദ്യസെഷൻ തുടങ്ങി. തൻവീർ അഹ്മദ് നാസിർ സബ് എഡിറ്റർ ബദ്ർ വീക്കിലി ഖാദിയാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ

ലോഗോ സുനോ കെ സിന്ദ ഖുദാ വോ ഖുദാ നഹി
ജിസ്നെ ഹമേശ ആദത്തെ ഖുദ്റത്ത് നുമാ നഹി

എന്ന പദ്യം മനോഹരമായ ഈണത്തിലും ശബ്ദത്തിലും ആലപിച്ചു.

ഈ സെഷനിലെ ആദ്യത്തെ പ്രസംഗം മൗലാനാ മുഹമ്മദ് കരീമുദ്ദീൻ ശാഹിദ് (സ്വദ്ർ ഖളാ ബോർഡ്, ഖാദിയാൻ) സാഹിബിന്റേതായിരുന്നു. ദൈവാസ്തിക്യം (ഇസ്ലാം ഒരു ജീവനുള്ള മതത്തെ സമർപ്പിക്കുന്നു) എന്നതായിരുന്നു വിഷയം.

അദ്ദേഹം സൂറാ ബഖറയിലെ 256ാം വചനം അതായത് ആയത്തുൽ ഖുർസി ഓതിയതിനുശേഷം പറഞ്ഞു, ഇന്ന് ലോകത്ത് എത്ര

(ശേഷം പേജ് 14ൽ)




"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**വിശുദ്ധ ഖുർആൻ, തിരുഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദേശങ്ങൾ, ചരിത്രപരമായ സംഭവങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നബി(സ)തിരുമേനിയുടെ തിരുസഖാക്കളുടെ ഉന്നതസ്ഥാനവും അവരുടെ ഈമാനും ആത്മാർഥതയും കൂറും അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കുന്നതിനുള്ള സൽക്കർമങ്ങളുടെ ഉയർന്നപദവിയിലുള്ള നിലവാരങ്ങളുടെ ചർച്ചയും ആ പരിശുദ്ധവും തെളിമയാർന്നതുമായ ഉദാഹരണങ്ങൾ ഉദ്ധരിച്ചുകൊണ്ട് ജമാഅത്തംഗങ്ങളോടു ആ മാതൃകകളെ സ്വായത്തമാക്കാനും അവരെ അനുധാവനം ചെയ്യാനുമുള്ള ഉപദേശങ്ങളും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2017 ഡിസംബർ 15/1396 ഫത്ഹ് 15**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -
وَالسّٰبِقُوْنَ الْاَوَّلُوْنَ مِنَ الْمُهٰجِرِيْنَ وَالْاَنْصَارِ وَالَّذِيْنَ اتَّبَعُوْهُمْ بِاِحْسَانٍ ۙ رَّضِيَ
اللّٰهُ عَنْهُمْ وَرَضُوْا عَنْهُ وَاَعَدَّ لَهُمْ جَنّٰتٍ تَجْرِيْ تَحْتَهَا الْاَنْهٰرُ خٰلِدِيْنَ فِيْهَآ اَبَدًا ؕ ذٰلِكَ الْفَوْزُ
الْعَظِيْمُ (التوبۃ:100)

മുഹാജിറുകളിൽനിന്നും അൻസ്വാറുകളിൽനിന്നും സത്യവിശ്വാസത്തിൽ മുൻകടന്ന ആദിമവിശ്വാസികളും സുകൃതം ചെയ്തുകൊണ്ടു അവരെ പിൻപറ്റിയവരുമാരോ അവരെ സംബന്ധിച്ച് അല്ലാഹു സംതൃപ്തനായിരിക്കുന്നു; അവർ അവനെ സംബന്ധിച്ചും സംതൃപ്തരായിരിക്കുന്നു. അവൻ അവർക്ക് താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന ഉദ്യാനങ്ങൾ തയ്യാറാക്കി വെച്ചിട്ടുമുണ്ട്. അവർ അതിൽ ശാശ്വതനിവാസികളായിരിക്കുന്നതാണ്. അതത്രെ മഹത്തായ വിജയം.(9:100)

ഈ ആയത്തിൽ നബി(സ)തിരുമേനിയുടെ സ്വഹാബത്തിനെ കുറിച്ചുള്ള കാര്യമാണ് പറഞ്ഞിട്ടുള്ളത്. അവർ നന്മകളിൽ എല്ലാവരേയും കവച്ചുവച്ചു പോകുന്നവരാണ്. ആത്മീയമായ നിലയിൽ എല്ലാവരെക്കാളും മുകളിലാണ്. തങ്ങളുടെ ഈമാനിന്റെ നിലവാരത്തിലും അല്ലാഹുവിന്റെ അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരിലും മറ്റുള്ള എല്ലാവരേയും പിന്തള്ളി മുന്നോട്ടുപോകുന്നവരാണ്. ഇക്കൂട്ടരാണ് ഏറ്റവു മാദ്യം വിശ്വസിച്ചവരും ഭാവിതലമുറയ്ക്ക് തങ്ങളുടെ ഉദാഹരണങ്ങൾ മാതൃകയെന്നോണം വിട്ടുംവച്ച് പോയവരും; മറ്റുള്ളവരും തങ്ങളുടെ മാതൃകകളെ പിൻപറ്റുന്നതിനുവേണ്ടി. അല്ലാഹു ഇവിടെ സ്വഹാബത്തിനെ ഭാവിയിൽ വരുന്നവർക്കുവേണ്ടി അനുധാവനാർഹമായ ഒരു മാതൃകയാക്കിയിരിക്കുന്നു. അല്ലാഹു അവരുടെ ഈമാനിന്റെ നിലവാരത്തിലും അവരുടെ കർമങ്ങളിലും സംതൃപ്തനായിരിക്കുന്നുവെന്നും അവരും അല്ലാഹുവിന്റെ സമ്പ്രീതിയുടെ സംപ്രാപ്തിയെ തങ്ങളുടെ ജീവിതത്തിന്റെ ഉദ്ദേശ്യമാക്കിയിരിക്കുന്നുവെന്നും വിളംബരം ചെയ്തു. അല്ലാഹുവിനോടു നന്ദി കാണിക്കുന്നവരുമായി എല്ലാ അവസ്ഥയിലും അവർ ചേർന്നിരുന്നു. അവരുടെ മാതൃകയിലൂടെ ആരുനടന്നാലും, ഈമാനോടും ആത്മാർഥതയോടും കൂറോടും കൂടി സൽക്കർമം ചെയ്തുകൊണ്ടിരുന്നാലും അവർ അല്ലാഹുവിന്റെ പാരിതോഷികങ്ങൾ കരസ്ഥമാക്കുന്നവരായിരിക്കുമെന്ന് അല്ലാഹു പറയുന്നു.

അല്ലാഹു സ്വഹാബത്തിന്റെ ഉന്നതസ്ഥാനത്തെ കുറിച്ച് നബി(സ)തിരുമേനിയോടു പറഞ്ഞുകൊണ്ട് അവരെ പിൻപറ്റുന്നതിനെ സന്മാർഗപ്രാപ്തിക്കുള്ള മാർഗമാക്കിയിരിക്കുന്നു. ഒരു ഹദീഥിൽ വന്നിരിക്കുന്നു, ഹദ്റത്ത് ഉമർ(റ) വിവരിക്കുന്നു, നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു: ‘ഞാൻ എന്റെ സ്വഹാബാക്കളുടെ ഇടയിലുള്ള അഭിപ്രായഭിന്നതകളെ കുറിച്ച് അല്ലാഹുവിനോടു ചോദിച്ചു. അപ്പോൾ അല്ലാഹു എന്നിലേക്ക് വഹ്‌യ് ഇറക്കി: ഏ മുഹമ്മദ്! നിന്റെ സ്വഹാബത്തിന് ആകാശത്തിലെ നക്ഷത്രങ്ങളുടെ സ്ഥാനമാണ് എന്റെ പക്കലുള്ളത്. ചിലർ ചിലരെക്കാൾ തിളക്കമാർന്നവരാണ്. പക്ഷേ, പ്രകാശം എല്ലാവരിലുമുണ്ട്. നിന്റെ സ്വഹാബത്തിൽ ആരെ പിൻപറ്റുന്നവനും എന്റെ പക്കൽ ഹിദായത്ത് പ്രാപിച്ചവനായിരിക്കും.’ (അല്ലാഹുവിന്റെ പക്കൽ അവൻ സന്മാർഗപ്രാപ്തനായിരിക്കും).(മിർഖാത്തുൽ മഫാത്തീഹ് ശറഹ് മിശ്ക്കാത്ത് വാല്യം 11 പേജ് 162–163, കിതാബുൽമനാഖിബ്, ബാബു മനാഖിബുസ്സ്വഹാബ ഹദീഥ് 6018, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001)

ഹദ്റത്ത് ഉമർ(റ)ഇങ്ങനേയും പറഞ്ഞിട്ടുണ്ട്, ‘നബി(സ)തിരുമേനി പറഞ്ഞു: ‘എന്റെ സ്വഹാബത്ത് നക്ഷത്രങ്ങളെ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിൻപറ്റിയാലും സന്മാർഗം പ്രാവിക്കുന്നതാണ്.’

അതിനാൽ ഈ സ്ഥാനമാണ് നബി(സ)തിരുമേനിയുടെ സ്വഹാബത്തിന് അല്ലാഹു നല്കിയിട്ടുള്ളത്. അവരിൽ ഓരോരുത്തരും നമുക്ക് കൈത്തിരിയാണ്. സ്വഹാബത്തിന്റെ സ്ഥാനവും പദവിയും അല്ലാഹു അവരെ തൃപ്തിപ്പെട്ടതിനേയും അവർ അല്ലാഹുവിനെ തൃപ്തിപ്പെട്ടതിനേയും സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്തു പറയുന്നു:‘സ്വഹാബത്ത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും വഴിയിൽ എങ്ങനെയുള്ള സത്യസന്ധതയാണ് കാണിച്ചതെന്നാൽ അവർ റളിയല്ലാഹു അൻഹും വറളൂ അൻഹു എന്ന അശരീരി കേട്ടു. ഇത് സ്വഹാബത്തിന് കരസ്ഥമായ ഉന്നതനിലയിലുള്ള സ്ഥാനമാണ്. അതായത് അല്ലാഹു അവരെ തൃപ്തിപ്പെട്ടു. അവർ അല്ലാഹുവിനേയും തൃപ്തിപ്പെട്ടു. ഈ പദവിയുടെ സവിശേഷതകളും സമ്പൂർണതകളും വാക്കുകളിൽ വിവരിക്കാൻ സാധിക്കുകയില്ല.’ (അവർക്ക് എന്തെന്തല്ലാം സവിശേഷ ഗുണങ്ങളും കഴിവുകളുമാണുള്ളത്? അത് വിവരിക്കാൻ വാക്കുകൾക്ക് കഴിവില്ല). പറഞ്ഞു: “അല്ലാഹുവിനെ തൃപ്തിപ്പെടുക എന്നത് വ്യക്തിയുടെ ജോലിയല്ല. പ്രത്യുത ഇത് സമർപണത്തിന്റേയും സർവവും ത്യജിക്കുന്നതിന്റേയും തൃപ്തിയുടേയും അംഗീകാരത്തിന്റേയും ഉന്നത നിലയാണ്. അവിടെ എത്തിയാൽ മനുഷ്യന് ഒരു തരത്തിലുള്ള പരാതിയും തന്റെ യജമാനനോടു ഉണ്ടാകുകയില്ല. അല്ലാഹു തന്റെ ദാസരിൽ തൃപ്തിപ്പെടുക എന്നത് ദാസരുടെ സമ്പൂർണമായ സത്യസന്ധതയിലും, കൂറുപുലർത്തുന്നതിലും ഉന്നതക്കിടയിലുള്ള പരിശുദ്ധിയിലും പവിത്രതയിലും തികഞ്ഞ അനുസരണത്തിലുമാണ് നിലകൊള്ളുന്നത്.” പറഞ്ഞു: “ഇതിൽനിന്ന് സ്വഹാബത്ത് ദൈവജ്ഞാനത്തിന്റേയും ദൈവത്തോടുള്ള പെരുമാറ്റത്തിന്റേയും സകല നിലകളും താണ്ടിയിരുന്നുവെന്ന് മനസ്സിലാകുന്നു.”

ഇത് വ്യക്തമാക്കിക്കൊണ്ട് അവിടന്ന് പറഞ്ഞു: ‘ഉദാരവാനായ അല്ലാഹു നിങ്ങളെ ഇഷ്ടപ്പെടുന്നതിന് നിങ്ങൾ നിങ്ങളുടെ മനസ്സിനെ പരിശുദ്ധമാക്കിവെക്കുക.’ നമ്മെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: ‘നിങ്ങൾ അവനിൽ തൃപ്തിയുള്ളവരായിരിക്കുക.’ (അതായത് അല്ലാഹുവിനോട് ഒരിക്കലും ഒരുതരത്തിലുള്ള പരാതിയും ഉണ്ടാകരുത്. അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നതിന് നിങ്ങളുടെ സത്യസന്ധതയും കൂറും പൂർണമായും ഉപയോഗിക്കുക. നിങ്ങളുടെ പരിശുദ്ധിയുടെ പദവിയും ഉന്നതനിലവരെ എത്തിക്കുക. പവിത്രതയും ഉയർന്നത നിലവരെ കൊണ്ടുപോകണം. അനുസരണത്തിന്റെ ഉന്നതനില സ്ഥാപിക്കുകയും വേണം. പറഞ്ഞു: ഉദാരവാനായ അല്ലാഹു നിങ്ങളെ തൃപ്തിപ്പെടുന്നതിന് നിങ്ങൾ അവനോട് തൃപ്തിയുള്ളവരാകുക. ഇത്തരം കാര്യങ്ങൾ ഉണ്ടായാൽ അവൻ നിങ്ങളെ ഇഷ്ടപ്പെടുന്നതായിരിക്കും) “നിങ്ങൾ അവനെ ഇഷ്ടപ്പെടുക. അപ്പോൾ അവൻ നിങ്ങളുടെ ശരീരത്തിലും നിങ്ങളുടെ സംസാരത്തിലും അനുഗ്രഹം ചൊരിയുന്നതാണ്.” (മൽഫൂദാത്ത്, വാല്യം 8, പേജ് 139–140, 1985 ലണ്ടൻ പതിപ്പ്)

ഈ സ്ഥാനം കരസ്ഥമാകുമ്പോൾ അനുഗ്രഹം കരസ്ഥമാകുന്നതാണ്. സ്വഹാബാക്കൾ നമുക്ക് മാതൃകയാണ്. നമ്മൾ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കണമെങ്കിൽ അവരുടെ പരസ്പരമുള്ള അഭിപ്രായഭിന്നത എവിടെയെങ്കിലും കണ്ടാൽത്തന്നെയും അല്ലാഹു അവരെ അനുകരണാർഹരും തിളങ്ങുന്ന നക്ഷത്രങ്ങളുമായി അവർക്ക് പേര് നൽകിയിരിക്കുന്നു. തിളക്കമുള്ള നക്ഷത്രമെന്ന് പറഞ്ഞിരിക്കുന്നു.

നബി(സ)തിരുമേനി ഒരിക്കൽ തന്റെ സ്വഹാബത്തിന്റെ പദവിയും സ്ഥാനവും സംബന്ധിച്ച് വിവരിച്ചുകൊണ്ട് പറഞ്ഞു: “എന്റെ സ്വഹാബത്തിനെപറ്റി അല്ലാഹുവിനെ ഭയന്നുകൊണ്ട് പ്രവർത്തിക്കേണ്ടതാണ്. അവരെ പരിഹാസത്തിനും ആക്ഷേപത്തിനും കുറിമാനമാക്കരുത്. അവരെ സ്നേഹിക്കുന്നതാരായാലും അവർ

എന്നോടുള്ള സ്നേഹം കാരണത്താലായിരിക്കും സ്നേഹിക്കുന്നത്. അവരോടു ആര് വെറുപ്പുകാണിച്ചാലും യഥാർഥത്തിൽ അവർ എന്നോടുള്ള വെറുപ്പ് കാരണത്താലായിരിക്കും വെറുപ്പ് കാണിക്കുന്നത്. അവരെ ദുഃഖിപ്പിക്കുന്നവൻ എന്നെ ദുഃഖിപ്പിക്കുന്നു. എന്നെ ദുഃഖിപ്പിക്കുന്നവൻ അല്ലാഹുവിനെ ദുഃഖിപ്പിക്കുന്നു. അല്ലാഹുവിനെ ദുഃഖിപ്പിക്കുന്നവനും അവനെ വെറുപ്പിക്കുന്നവനും അല്ലാഹുവിന്റെ പിടിയിലാണ്."(സുനനുത്തുർമുദി, അബ്വാബുൽ മനാഖിബു ഹദീഥ് 3862)

വേറൊരിടത്ത് അവിടന്ന് പറയുന്നു:'എന്റെ സ്വഹാബത്തിനെ ചീത്ത പറയരുത്.' നമ്മുടെ മുസ്ലിംകളിൽ വിവിധ കക്ഷികളുണ്ട്. പ്രത്യേകിച്ചും ശിയാക്കൾ. അവർ പരസ്പരം ആക്ഷേപമുന്നയിക്കുമ്പോൾ സ്വഹാബാക്കളെക്കുറിച്ച് അനാവശ്യങ്ങൾ ധാരാളമായി പറയുന്നു. പറയുന്നു: 'അവരെ ചീത്ത വിളിക്കരുത്. അവരുടെ ഒരു നടപടികളേയും വിമർശിക്കരുത്. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! നിങ്ങൾ ഉഹുദ് മലയോളം സ്വർണം ദാനധർമങ്ങൾ ചെയ്താലും അതിലൊന്നോ രണ്ടോ അല്ലെങ്കിൽ അതിന്റെ പകുതിയ്ക്ക് സമാനമായതോ അവർക്ക് ചെലവഴിക്കാൻ കിട്ടിയതിന്റെ പുണ്യത്തിനും പ്രതിഫലത്തിനും തുല്യമാകുകയില്ല.'(സ്വഹീഹുൽ ബുഖാരി കിതാബുൽ ഫളാഇൽ അസ്ഹാബുന്നബിയ്യി(സ), ഹദീഥ് 3673)

അക്കൂട്ടരുടെ പദവിയും സ്ഥാനവും വളരെ ഉന്നതമാണ്. നമുക്ക് മാതൃകയാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കണമെങ്കിൽ അവരുടെ പിന്നാലെ നമ്മൾ നടക്കേണ്ടതാണ്. അവരിലാർക്കെങ്കിലും എതിരിൽ എന്തെങ്കിലും പറയാനോ അല്ലെങ്കിൽ ആരെയെങ്കിലും കുറിച്ച് തെറ്റായി വിചാരിക്കാനോ ആരുടെയെങ്കിലും പദവിയെ നമ്മളുണ്ടാക്കിയ നിലവാരമനുസരിച്ച് ഉരച്ചുനോക്കാനോ ശ്രമിക്കാതിരിക്കുക. ഇതു തെറ്റായ വഴിയാണ്.

നമുക്ക് സ്വഹാബത്തിന്റെ പദവിയുടേയും സ്ഥാനത്തിന്റേയും കൂടുതൽ ഗ്രാഹ്യം നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'നമ്മുടെ സമ്പൂർണ മാർഗദർശിയുടെ (സ) സ്വഹാബത്ത് തങ്ങളുടെ അല്ലാഹുവിനും റസൂലിനുംവേണ്ടി എന്തെന്തെല്ലാം ത്യാഗങ്ങളാണ് ചെയ്തതെന്ന് നീതിയോടുകൂടി നോക്കുക. അവർ നാടുകടത്തപ്പെട്ടു. അക്രമങ്ങൾ ശിരാസാവഹിച്ചു. പല രീതിയിലുള്ള വിപത്തുകളും സഹിക്കുകയും ജീവൻ നല്കുകയും ചെയ്തു. പക്ഷേ, സത്യസന്ധതയോടും കൂറോടും കൂടി അവർ ചുവടു മുന്നോട്ടു വെക്കുകയാണ് ചെയ്തത്. അവരെ ഇങ്ങനെ ജീവിതം അർപിക്കുന്നവരാക്കിയത് എന്ത് കാര്യമായിരുന്നു? അത് സത്യസന്ധമായ ദൈവസ്നേഹത്തിന്റെ ആവേശത്തള്ളിച്ചയായിരുന്നു. അതിന്റെ കിരണങ്ങൾ അവരുടെ മനസ്സിൽ പതിഞ്ഞു കഴിഞ്ഞിരുന്നു. അതുകൊണ്ടു ഏതു നബിയുമായി താരതമ്യം ചെയ്തുനോക്കിയാലും നബി(സ) തിരുമേനിയുടെ ആത്മസംസ്കരണത്തിന്റെ അധ്യാപനത്തിന് – തന്റെ അനുയായികളിൽ ഭൗതികതയോട് വിരക്തിയുണ്ടാക്കുകയും ധീരതയോടെ സത്യത്തിനുവേണ്ടി രക്തമൊഴുക്കുകയും ചെയ്തതിന്– ഒരിടത്തും സമാനത ലഭിക്കുകയില്ല. നബി(സ)തിരുമേനിയുടെ സ്വഹാബാക്കളിലുണ്ടായിരുന്ന പരസ്പര ഇണക്കത്തിന്റേയും സ്നേഹത്തിന്റേയും ചിത്രം വിശുദ്ധ ഖുർആൻ രണ്ടു വാക്യത്തിൽ വിവരിച്ചിരിക്കുന്നു: *വ അല്ലഫ ബയ്ന ഖുലൂബിഹിം– ലവ് അൻഫഖ്ത്ത മാഫിൽഅർളി ജമീഅൻ മ്മാ അല്ലഫ്ത്ത ബയ്ന ഖുലൂബിഹിം*

സ്വർണത്തിന്റെ മലതന്നെ നല്കിയാലും അവരിലുള്ള ഇണക്കം ഒരിക്കലും ഉണ്ടാകുമായിരുന്നില്ല.(8:64) അവിടന്ന് പറയുന്നു: 'ഇനി മസീഹ് മൗഊദിന്റെ ഒരു ജമാഅത്തുണ്ട്. അവർ തങ്ങളുടെ ഉള്ളിൽ സ്വഹാബത്തിന്റെ നിറം ഉണ്ടാക്കേണ്ടതാണ്. സ്വഹാബാക്കളുടേത് പരിശുദ്ധ ജമാഅത്തായിരുന്നു. അതിനെ കുറിച്ചുള്ള സ്തുതികീർത്തനംകൊണ്ട് വിശുദ്ധ ഖുർആൻ നിറഞ്ഞുകിടക്കുന്നു.' പറയുന്നു: 'നിങ്ങൾ അങ്ങനെയുള്ളവരാണോ? മസീഹിനോടൊപ്പമുള്ളവർ സ്വഹാബാക്കളുടെ തോളോടുതോൾചേർന്നിരിക്കുന്നവരായിരിക്കുമെന്ന് അല്ലാഹു പറയുന്നു. തങ്ങളുടെ ധനവും തങ്ങളുടെ ജന്മനാടും സത്യമാർഗത്തിൽ നല്കിയവരും എല്ലാം ഉപേക്ഷിച്ചവരുമായിരുന്നു തിരുസ്വഹാബാക്കൾ. ഹദ്റത്ത് സിദ്ദീഖുൽഅക്ബർ(റ) ന്റെ കാര്യം മിക്കപ്പോഴും കേട്ടിട്ടുണ്ടാകും. ഒരിക്കൽ ദൈവമാർഗത്തിൽ ധനം കൊടുക്കാൻ കല്പനയുണ്ടായി. അപ്പോൾ ഗൃഹോപകരണങ്ങളെല്ലാം എടുത്തുകൊണ്ടുവന്നു. വീട്ടിലെന്താണ് ഉപേക്ഷിച്ചു വന്നതെന്ന് നബി(സ) തിരുമേനി ചോദിച്ചപ്പോൾ, അല്ലാഹുവിനേയും അവന്റെ റസൂലിനേയും വീട്ടിൽ ഉപേക്ഷിച്ചു വന്നിരിക്കുന്നുവെന്ന് മറുപടി നല്കി.' അവിടന്ന് പറയുന്നു, 'മക്കയിലെ നേതാവായാലും എപ്പോഴും കമ്പിൾ പുതച്ചിരിക്കുന്ന ദർവേശായാലും.'(ഹദ്റത്ത് അബൂബക്കറിന്റെ സ്ഥാനം, മക്കയിലെ ജന്മിയായിരുന്നു. മുസ്ലിമായപ്പോൾ എപ്പോഴും കമ്പിൾ പുതച്ചിരിക്കുന്ന ദർവേശായി) ദരിദ്രരുടെ വസ്ത്രം അണിഞ്ഞു. അവർ ദൈവമാർഗത്തിൽ ശഹീദായി എന്ന് മനസ്സിലാക്കുക. ഖഡ്ഗത്തിനു കീഴെ സ്വർഗം എന്നായിരുന്നു അവർക്കായി എഴുതപ്പെട്ടിരുന്നത്. പക്ഷേ, നമുക്ക് ഇത്രമാത്രം കടുപ്പമില്ല. കാരണം യളഉൽഹർബ് എന്നാണ് നമ്മെ കുറിച്ച് വന്നിട്ടുള്ളത്. അതായത് മഹ്ദിയുടെ കാലത്ത് യുദ്ധമുണ്ടാകുകയില്ലെന്ന്!'(മൽഫൂദാത്ത് വാല്യം 1 പേജ് 42–43, 198 ലണ്ടൻ പതിപ്പ്)

പിന്നീട് സ്വഹാബത്തിന്റെ ജീവിതരീതിയുടെ ചിത്രം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: "അവിശ്വാസികളെ അതിജയിച്ചിരുന്ന നബി (സ) തിരുമേനിയുടെ ഉന്നതരായ സ്വഹാബാക്കൾ രിള്വാനുല്ലാഹി അലയ്ഹിം അജമഈൻ എത്രമാത്രം അഭിമാനത്തോടെ ജീവിച്ചിരുന്നവരും അശനപാനങ്ങൾ മറ്റുള്ളവർക്ക് ദാനം ചെയ്യുന്നവരുമായിരുന്നു.' (അവർ കേവലം സൗഖ്യം ആഗ്രഹിച്ചതുകൊണ്ടാണോ സത്യനിഷേധികളുടെമേൽ വിജയം വരിച്ചത്?) പറഞ്ഞു: 'ഇക്കാര്യംകൊണ്ടല്ല. മുൻഗ്രന്ഥങ്ങളിലും അവരെ കുറിച്ച് വന്നിട്ടുള്ളത് അവർ രാത്രിയിൽനിന്ന് പ്രാർഥിക്കുന്നവരും പകൽ നോമ്പുനോക്കുന്നവരുമായിരിക്കുമെന്നാണ്. അവരുടെ രാത്രികൾ ദിക്റിലും ഫിക്റിലും കഴിഞ്ഞിരുന്നു. അവരുടെ ജീവിതം എങ്ങനെയാണ് കഴിഞ്ഞുപോയത്. വിശുദ്ധഖുർആനിലെ താഴെകാണുന്ന വചനത്തിൽ അവരുടെ ജീവിതരീതിയുടെ പൂർണമായ രൂപം വരച്ചുകാണിച്ചിരിക്കുന്നു: *വമിൻ റിബാതിൽഖയ്ലി തുർഹിബൂനബിഹീ അദുവ്വല്ലാഹി വ അദുവ്വക്കും*(8:61)*യാ അയ്യുഹല്ലദീന ആമനുസ്ബിറൂ വ സ്വാബിറൂ വ റാബിതൂ*(3:201) അതിർത്തിയിൽ കുതിരപ്പടയെ സജ്ജമാക്കി നിറുത്തുക. അല്ലാഹുവിന്റെ ശത്രുക്കളേയും നിങ്ങളുടെ ശത്രുക്കളേയും നിങ്ങൾ ഭയപ്പെടുത്തിക്കൊണ്ടിരിക്കുക. സത്യവിശ്വാസികളേ, നിങ്ങൾ സഹനം കൈക്കൊള്ളുക. നിങ്ങൾ സഹനം കൈക്കൊള്ളുന്നതിൽ മറ്റുള്ളവരെ ജയിക്കുക. എതിർശക്തികളെ വീക്ഷിച്ചുകൊണ്ട് കാവൽ നില്ക്കുക. ക്ഷമയോടും സഹനത്തോടും കൂടി ജാഗരൂകരായിരിക്കുക. (ക്ഷമിച്ചുകൊണ്ടിരിക്കുക, സഹനം കാണിക്കുക) രിബാത്ത് എന്നതിന്റെ അർഥം എന്താണ്? അവിടന്ന് പറയുന്നു: 'ശത്രുവിനെതിരിൽ അതിർത്തിയിൽ കുതിരകളെ കെട്ടുന്നതിനാണ് രിബാത്ത് എന്നു പറയുന്നത്. അല്ലാഹു സ്വഹാബാക്കളോട് ശത്രുക്കൾക്കെതിരിൽ ജാഗരൂകരായിരിക്കാൻ കല്പിക്കുന്നു. ഈ രിബാത്ത് എന്ന പദംകൊണ്ട് പൂർണമായും സത്യസന്ധമായുമുള്ള തയ്യാറെടുപ്പിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അവർക്ക് രണ്ട് ജോലിയായിരുന്നു. ഒന്ന് ബാഹ്യമായ ശത്രുക്കളോടുള്ള പോരാട്ടം. രണ്ട് ആത്മീയമായ പോരാട്ടം. (ആത്മീയമായ പോരാട്ടത്തിനും രിബാത്തിന്റെ കല്പനയുണ്ട്. എല്ലാ സമയവും സത്യസന്ധമായ തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കുക). പറഞ്ഞു: 'രിബാത്തിന് നിഘണ്ടുവിൽ ശരീരമെന്നും മനുഷ്യഹൃദയമെന്നും പറയുന്നു. ഇത് അതിസൂക്ഷ്മമായ കാര്യമാണ്. കുതിരകൾ പ്രവർത്തിക്കുന്നത് അതിനെ പഠിപ്പിച്ചതുപോലെയായിരിക്കും. അവിടന്ന് പറയുന്നു: ഇക്കാലത്ത് എപ്രകാരം കുട്ടികൾക്ക് സ്കൂളിൽ വളരെ സൂക്ഷ്മതയോടും സംവിധാനത്തോടും കൂടി വിദ്യ നല്കുന്നുവോ കുതിരകളുടെ പഠനത്തിന്റേയും ശിക്ഷണത്തിന്റേയും കാര്യം അതേ രീതിയിലാണ് നടത്തുന്നത്. അതേരീതിയിൽ അവയ്ക്ക് ശിക്ഷണം നല്കുന്നു. അവയെ പഠിപ്പിക്കുന്നു. കുട്ടികളെ പഠിപ്പിച്ചില്ലെങ്കിൽ അവർക്ക് ശിക്ഷണം ലഭിച്ചില്ലെങ്കിൽ അവർ ഒന്നിനും കൊള്ളാത്തവരായിപോകും. ഫലപ്രദരാകുന്നതിനു പകരം ഭയാനകമായ ദുഷ്ഫലങ്ങൾ ഉണ്ടാക്കുന്നവരായിരിക്കും.' (മൽഫൂദാത്ത്, വാല്യം 1, പേജ് 54–55)

ഇതേപോലെ ആത്മാവിനേയും നിയന്ത്രിച്ചു നിറുത്തേണ്ട ആവശ്യമുണ്ട്. അതിനെ കീഴൊതുക്കി നിറുത്തേണ്ട ആവശ്യമുണ്ട്. അതിനും വിദ്യ നല്കേണ്ട ആവശ്യമുണ്ട്. അതിനാൽ മനുഷ്യൻ, ഒരു സത്യവിശ്വാസി ജ്ഞാനപരവും കർമപരവുമായ നിലയിൽ അഭിവൃദ്ധിപ്പെടാൻ ശ്രമിക്കുമ്പോഴും തന്റെ ആത്മാവിനെ കടിഞ്ഞാണിട്ടുകൊണ്ടിരിക്കുമ്പോഴുമാണ് രിബാത്ത് ഉണ്ടാകുന്നത്

നബി(സ)തിരുമേനിയുടെ പരിശുദ്ധ ശക്തി പ്രഭാവത്തിന്റെ ഫലമായി സ്വഹാബാക്കളിൽ

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്വ്ബ ജുമുഅ, 2017 മെയ് 5)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തുകടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്വ്ബ ജുമുഅ, 2017 മാർച്ച് 10.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

എങ്ങനെയുള്ള മാതൃകകളായിരുന്നു ഉണ്ടായത്. അതിനുള്ള ചില ഉദാഹരണങ്ങൾ സമർപ്പിക്കുകയാണ്. അവരുടെ ജീവിതം എങ്ങനെയാണ് കഴിഞ്ഞുപോയത്.

ഒന്ന് നാം ഹദ്റത്ത് അബൂക്കർ സിദ്ദീഖ്(റ)ന്റെ മാതൃക മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണിയിൽ കണ്ടു. തന്റെ വീട്ടിലെ എല്ലാ സാധനങ്ങളും മതപരമായ ആവശ്യത്തിനുവേണ്ടി കൊണ്ടുവന്നു. അവിടത്തെ വിനയവും അല്ലാഹുവിനോടുള്ള ഭയത്തിന്റെ ഒരു സംഭവവും ഇനി കേൾക്കുക.

ഒരിക്കൽ ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറുമായി അഭിപ്രായവ്യത്യാസമുണ്ടായി. ദ്വേഷമുണ്ടാകുന്നതുവരെ ദീർഘമായ വാദപ്രതിവാദം നടന്നു. അവരുടെ ശബ്ദങ്ങൾ ഉയർന്നുപൊന്തിയിട്ടുണ്ടാകും. അതിനുശേഷം എല്ലാം കഴിഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്കർ ഹദ്റത്ത് ഉമറിന്റെടുക്കൽ പോയി. ഖേദം പ്രകടിപ്പിച്ചു. കൂടുതൽ സംസാരമുണ്ടായപ്പോൾ ശബ്ദം കുറച്ച് ഉയർന്നിട്ടുണ്ടാകും. കഠിനമായ പദങ്ങൾ വന്നിട്ടുണ്ടാകും. പക്ഷേ, ഹദ്റത്ത് ഉമർ മാപ്പു കൊടുക്കാൻ തയ്യാറായില്ല. അപ്പോൾ ഹദ്റത്ത് അബൂബക്കർ നബിയുടെ തിരുസന്നിധിയിൽ ഹാജരായി. സംഭവങ്ങൾ വിവരിച്ചു. അദ്ദേഹത്തിനോട് മാപ്പ് ചോദിക്കുന്നതിനുവേണ്ടി ഞാൻ അങ്ങയുടെയടുക്കൽ വന്നിരിക്കുന്നുവെന്ന് പറഞ്ഞു. നബി(സ) പറഞ്ഞു: അല്ലാഹു മാപ്പാക്കട്ടെ.

കുറച്ച് കഴിഞ്ഞ് ഹദ്റത്ത് ഉമറിനും നാണക്കേട് തോന്നി. തെറ്റായിപ്പോയെന്ന ബോധമുണ്ടായി. അദ്ദേഹം അബൂബക്കറിന്റെ വീട്ടിൽപോയി; അദ്ദേഹത്തോട് ഖേദം പ്രകടിപ്പിക്കാൻ. അവിടെ വീട്ടിൽ അദ്ദേഹം ഉണ്ടായിരുന്നില്ല. ഹദ്റത്ത് ഉമറും നബി(സ)തിരുമേനിയുടെ അടുക്കൽവന്നു. അദ്ദേഹത്തെ കണ്ടപ്പോൾ നബി(സ) തിരുമേനിയുടെ മുഖം വെറുപ്പുകൊണ്ട് ചെമന്നുതുടുത്തു. ഇത് കണ്ട് അതായത് നബി(സ) തിരുമേനി വലിയ ദ്വേഷത്തിലാണെന്ന് കണ്ട്, ഹദ്റത്ത് അബൂബക്കർ മുട്ടുകുത്തിയിരുന്ന് നബി(സ)യോട് അപേക്ഷിക്കാൻ തുടങ്ങി; "തെറ്റ് എന്റേതാണ്. അങ്ങ് ഉമറിന് മാപ്പ് കൊടുത്താലും" (സ്വഹീഹ് ബുഖാരി, ഹദീഥ് 3661) ഇതായിരുന്നു അദ്ദേഹത്തിന്റെ വിനയം; അല്ലാഹുവിനോടുള്ള ഭയവും. പിന്നീട് ഹദ്റത്ത് ഉമറും ലജ്ജിതനായിരുന്നു. മാപ്പ് ചോദിക്കാൻ അദ്ദേഹവും വന്നു. ഇരുഭാഗത്തുനിന്നും ലജ്ജയുടെ പ്രകടനമുണ്ടായി. നബി(സ) തിരുമേനി സ്ഥാപിച്ച പരിശുദ്ധമായ സമൂഹമായിരുന്നു അവർ. അതിൽ താമസിച്ചവർ അല്ലാഹുവിന്റെ തൃപ്തിക്ക് പാത്രമായി.

ഹദ്റത്ത് ഉമർ(റ)ന്റെ വിനയത്തിന്റെ ഒരു സംഭവം ഇങ്ങനെ ലഭിക്കുന്നുണ്ട്. ഒരാൾ 'താങ്കൾ ഹദ്റത്ത് അബൂബക്കറിനെക്കാളും ശ്രേഷ്ഠനാണ്' എന്ന് ഹദ്റത്ത് ഉമറിനോടു പറഞ്ഞു. അപ്പോൾ ഹദ്റത്ത് ഉമർ കരയാൻ തുടങ്ങി. പറഞ്ഞു: അല്ലാഹുവാണ! ഹദ്റത്ത് അബൂബക്കറിന്റെ ഒരു രാവും പകലുംതന്നെ ഉമറിന്റേയും മക്കളുടേയും മുഴുവൻ ജീവിതത്തെക്കാളും ഉത്തമമാണ്. പറഞ്ഞു, ഞാൻ നിനക്ക് ആ രാത്രിയുടേയും പകലിന്റേയും അവസ്ഥ കേൾപ്പിച്ചുതരട്ടെ. കേൾപ്പിക്കുക, എന്ന് ചോദിച്ചയാൾ പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു:"അദ്ദേഹത്തിന്റെ രാത്രി എന്നു പറയുന്നത്, നബി(സ)തിരുമേനിക്ക് ഹിജ്റത്ത് ചെയ്തുപോകേണ്ടിവന്ന രാത്രിയായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹത്തോടൊപ്പം പോയി. അദ്ദേഹത്തിന്റെ പകൽ എന്നു പറയുന്നത് നബി(സ)തിരുമേനി വഫാത്തായ പകലാണ്. അറബികൾ നമസ്കാരവും സക്കാത്തും നിഷേധിക്കുന്നവരായി. ആ നേരത്ത് അദ്ദേഹം എന്റെ അഭിപ്രായം വകവെക്കാതെ ജിഹാദു ചെയ്യാൻ തീരുമാനിച്ചു. അല്ലാഹു അതിൽ അദ്ദേഹത്തിന് വിജയം നല്കിക്കൊണ്ട് അദ്ദേഹം സത്യത്തിലായിരുന്നുവെന്ന് സ്ഥാപിച്ചു കാണിച്ചു.'(കൻസുൽ ഉമ്മാൽ, കിതാബുൽഫളാഇൽ ബാബ് ഫളാഇലുസ്സ്വഹാബ(റ)ഫള്ലുസ്സിദ്ദീഖ് വാള്യം 12 പേജ് 493–494 ഹദീഥ് 35615).

നബി(സ)തിരുമേനിയുടെ മറ്റൊരു മഹാനായ സ്വഹാബിയായിരുന്നു ഹദ്റത്ത് ഉഥ്മാൻ(റ). അദ്ദേഹം മൂന്നാമത്തെ ഖലീഫയുമായിരുന്നു. അവിടത്തെ ചാർച്ചയെ ചേർക്കലും അവിടത്തെ ജീവിതത്തിന്റെ ധാരാളം പ്രത്യേകതകളും വളരെ വ്യക്തമായിരുന്നു. ഹദ്റത്ത് ആയിശ(റ) പറയുന്നു: "ഹദ്റത്ത് ഉഥ്മാൻ ഏറ്റവുമധികം ചാർച്ചയെ ചേർക്കുന്നയാളും ഏറ്റവുമധികം അല്ലാഹുവിനെ ഭയപ്പെടുന്നയാളുമായിരുന്നു. ദീനിനുവേണ്ടി ധാരാളം ത്യാഗങ്ങൾ വരിക്കുന്ന ദേഹവുമായിരുന്നു.'(അൽഅസ്വാബ ഫീ തമീസിസ്സ്വഹാബ)

മസ്ജിദു നബ്‌വിയുടെ വിപുലീകരണത്തിന്റെ പ്രശ്നം വന്നപ്പോൾ ചുറ്റുവട്ടത്തുള്ള എല്ലാ വീടുകളും മസ്ജിദിൽ ഉൾപ്പെടുത്തുക എന്ന് നബി(സ)തിരുമേനി പറഞ്ഞു. ആ വീടുകൾ ആളുകളിൽനിന്ന് വാങ്ങേണ്ടിവരുമെന്നത് വ്യക്തമാണ്. ആ നേരത്ത് ഹദ്റത്ത് ഉഥ്മാൻ അത് വാങ്ങാൻ തയ്യാറായി. 15000 ദിർഹം കൊടുത്തു ആ സ്ഥലം വാങ്ങി. മുസ്‌ലീംകൾക്ക് വെള്ളത്തിന് ബുദ്ധിമുട്ടുണ്ടായി. ഒരു യഹൂദിയുടെ കിണറുണ്ടായിരുന്നു. അവിടെനിന്ന് വെള്ളമെടുക്കുന്നത് ബുദ്ധിമുട്ടായി. ഹദ്റത്ത് ഉഥ്മാൻ(റ) പറഞ്ഞ വിലകൊടുത്ത് ആ കിണർ വാങ്ങി മുസ്‌ലീംകൾക്ക് വെള്ളത്തിനുള്ള ഏർപാട് ചെയ്തു. (സുനനുന്നിസ്സാഇ ഹദീഥ് 3637–3638)

പിന്നീടുള്ളത് ഹദ്റത്ത് അലി(റ)യാണ്. അമീർ മുആവിയ(റ) ഒരാളോടു ഹദ്റത്ത് അലി(റ)യുടെ ഗുണഗണങ്ങൾ വിവരിക്കാൻ പറഞ്ഞു. അയാൾ പറഞ്ഞു: ഉന്നതമായ സഹിഷ്ണുതയുടേയും ശക്തമായ കഴിവുകളുടേയും ഉടമയായിരുന്നു. നിർണ്ണായകമായ കാര്യങ്ങൾ പറയുകയും നീതിയോടുകൂടി വിധിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് അറിവിന്റെ അരുവി ഉദ്ഭവിക്കുകയും വിവേക ജ്ഞാനം ഇറ്റു വീഴുകയും ചെയ്യുമായിരുന്നു. ദുൻയാവിനേയും അതിലെ അലങ്കാരങ്ങളേയും ഭയപ്പെടുകയും രാത്രിയേയും അതിന്റെ ഏകാന്തതയേയും ഇഷ്ടപ്പെടുകയും ചെയ്തിരുന്നു. ധാരാളം കരയുന്നയാളും ദീർഘമായി ചിന്തിക്കുന്ന വ്യക്തിയുമായിരുന്നു. അദ്ദേഹം ഞങ്ങളിൽ ഞങ്ങളെപ്പോലെ കഴിഞ്ഞിരുന്നു. വളരെ ലളിതമായ ജീവിതമായിരുന്നു. അല്ലാഹുവാണ! ഞങ്ങൾ അദ്ദേഹത്തോടു സ്നേഹത്തിന്റേയും സമീപ്യത്തിന്റേയും ബന്ധം പുലർത്തിയിരുന്നിട്ടും അദ്ദേഹത്തിനോടുണ്ടായിരുന്ന ആദരയുക്തമായ ഭയം നിമിത്തം സംസാരിക്കുന്നതിൽ നിന്ന് അറച്ചുനിന്നിരുന്നു. അദ്ദേഹം നീതിനിഷ്ഠയുള്ളവരെ ആദരിക്കുകയും അശരണർക്ക് തന്റെ അടുത്ത് സ്ഥലം നല്കുകയും ചെയ്തിരുന്നു. ശക്തൻമാർക്ക് അവരുടെ നിരർഥമായ നിലപാടുകളിൽ ആക്ഷേപത്തിനുള്ള അവസരം കൊടുക്കുമായിരുന്നില്ല." അപ്പോൾ താങ്കൾ സത്യമാണ് പറഞ്ഞതെന്ന് പറഞ്ഞ് അമീർ മുആവിയ പൊട്ടിക്കരഞ്ഞു.'(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്വഹാബ് വാള്യം 3 പേജ് 208–209, അലിയ്യുബ്നു അബീത്വാലിബ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

നബി(സ)യുടെ സ്വഹാബിയായിരുന്നു ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ). സാമ്പത്തികത്യാഗം ചെയ്യുന്നതിൽ അദ്ദേഹത്തിന്റെ സ്ഥാനം വളരെ വലുതായിരുന്നു. വലിയ സമ്പന്നനായ വ്യാപാരിയായിരുന്നു. സ്വത്ത് മുതലുകളുടെ കൂമ്പാരമുണ്ടായിരുന്നു. ഒരിക്കൽ ഒരാൾ കഅ്ബാ ദേവാലയത്തെ പ്രദക്ഷിണം ചെയ്തുകൊണ്ട് ആരുടെയോ ശബ്ദം കേട്ടു. അയാൾ ഇങ്ങനെ ദുആ ചെയ്യുകയായിരുന്നു: 'അല്ലാഹുവേ, എന്നെ എന്റെ ആത്മാവിന്റെ പിശുക്കിൽനിന്ന് സുരക്ഷിതനാക്കേണമേ.' അതാരാണെന്ന് നോക്കിയപ്പോൾ,അബ്ദുർറഹ്മാൻ ബിൻ ഔഫായിരുന്നു.' (അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്വഹാബ് വാള്യം 3 പേജ് 388–389, അബ്ദുർ റഹ്മാനിബ്നി ഔഫ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

ഒരിക്കൽ അദ്ദേഹത്തിന്റെ ഒരു കച്ചവടസംഘം മദീനയിൽ വന്നു. അതിൽ എഴുന്നൂറ് ഒട്ടകത്തിനുമേൽ ഗോതമ്പും ആട്ടയും മറ്റു ഭക്ഷണസാധനങ്ങളുമുണ്ടായിരുന്നു. ഇത്രവലിയ കച്ചവടസംഘത്തെക്കുറിച്ച് മദീനയിൽ ചർച്ച നടക്കുകയായിരുന്നു. ഹദ്റത്ത് ആയിശ(റ)യും ഈ വിവരം അറിഞ്ഞു. അവർ പറഞ്ഞു: 'അബ്ദുർ റഹ്മാൻ സ്വർഗവാസിയാണെന്ന് നബി(സ) തിരുമേനി പറയുന്നത് ഞാൻകേട്ടിട്ടുണ്ട്. അബ്ദുർറഹ്മാൻ ഇതറിഞ്ഞപ്പോൾ ഹദ്റത്ത് ആയിശയുടെ അടുക്കൽ വന്നു. പറഞ്ഞു, 'അങ്ങയെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് സാധനങ്ങൾ കയറ്റിയ 700 ഒട്ടകങ്ങളുടെ സംഘത്തെ അല്ലാഹുവിന്റെ വഴിയിൽ ഞാൻ വഖ്ഫ് ചെയ്യുന്നു.' (അസ്ദുൽ ഗാബ, വാള്യം 3 പേജ് 378 അബ്ദുർ റഹ്മാനിബ്നി ഔഫ്, ദാറുൽ ഫിക്ർ ബേറൂത്ത് 2003)

ഹദ്റത്ത് അബ്ദുർറഹ്മാന്റെ സ്ഥാനത്തിന്റെ വലുപ്പം നമുക്ക് ഇതിൽനിന്ന് മനസ്സിലാക്കാം: ഒരിക്കൽ ഹദ്റത്ത് ഖാലിദിന്റെയും ഹദ്റത്ത് അബ്ദുർറഹ്മാന്റേയും ഇടയിൽ വാക്കേറ്റമുണ്ടായി. നബി(സ) പറഞ്ഞു: 'ഖാലിദേ, എന്റെ സ്വഹാബാക്കളെ ഒന്നും പറയാതിരിക്കുക. നിങ്ങളിൽ ആരെങ്കിലും ഉഹുദ് മലയ്ക്കു തുല്യം സ്വർണം ചെലവഴിച്ചാലും, അബ്ദുർറഹ്മാൻ ബിൻ ഔഫ് അല്ലാഹുവിന്റെ വഴിയിൽ ഒരു പ്രഭാതവും ഒരു പ്രദോഷവും ചെയ്ത ജിഹാദിന് തുല്യമാവുകയില്ല.' (കൻസുൽ ഉമ്മാൽ വാള്യം 13 പേജ് 222–223, ഹദീഥ് 36674. മുഅസ്സസ്സത്തുർരിസാല ബേറൂത്ത് 1985)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

ഒരു സ്വഹാബിയായിരുന്നു സഅ്ദ് ബിൻ വഖാസ്. ഇസ്‌ലാം സ്വീകരിച്ചതിനുശേഷമുള്ള അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ ഒരു സംഭവം ഇങ്ങനെ വിവരിക്കുന്നു: അദ്ദേഹംതന്നെ പറയുന്നു: 'ഞാൻ ഇസ്‌ലാം സ്വീകരിച്ചപ്പോൾ എന്റെ ഉമ്മ പറഞ്ഞു, 'നീ എന്ത് മതമാണ് സ്വീകരിച്ചിട്ടുള്ളത്? നിനക്കെന്തായാലും ഈ മതം ഉപേക്ഷിക്കേണ്ടിവരും. ഇല്ലെങ്കിൽ ഞാൻ ഒന്നും തിന്നുകയില്ല. കുടിക്കുകയുമില്ല. നിരാഹാരം കിടന്ന് മരിക്കുന്നതായിരിക്കും. അതിന്റെ ഫലമായി നിന്നെക്കുറിച്ച് മാതാവിന്റെ കൊലപാതകിയാണ് നീ എന്ന് ജനങ്ങൾ പറയും. മാതാവിനെ കൊന്നുവെന്നുള്ള കുത്തുവാക്ക് നിനക്ക് എപ്പോഴും കേൾക്കേണ്ടിവരും.' അദ്ദേഹം പറയുന്നു: അപ്പോൾ ഞാൻ ഉമ്മയോടു പറഞ്ഞു: ഉമ്മാ! അങ്ങനെ ഒരിക്കലും ചെയ്യരുത്. എനിക്കെന്റെ മതം ഉപേക്ഷിക്കാൻ കഴിയില്ല.' പക്ഷേ, എന്തു പറഞ്ഞിട്ടും അവർ സമ്മതിച്ചില്ല. മൂന്ന് ദിവസം രാവും പകലും കഴിഞ്ഞുപോയി. അവർ ഒന്നും തിന്നില്ല, കുടിച്ചില്ല. വിശപ്പുകൊണ്ട് അങ്ങേയറ്റം പൊറുതിമുട്ടി. പറയുന്നു: 'അപ്പോൾ ഞാൻ അവരുടെയടുക്കൽ പോയി പറഞ്ഞു: 'അല്ലാഹുവാണ! നിങ്ങൾക്ക് ആയിരം ജീവനുണ്ടെങ്കിലും അത് ഓരോന്നോരോന്നായി പുറത്തുപോയാലും ഞാൻ എന്റെ മതം ഉപേക്ഷിക്കുകയില്ല.' തന്റെ മകന്റെ ഈ ദൃഢനിശ്ചയം അവർ കണ്ടപ്പോൾ തിന്നാനും കുടിക്കാനും തുടങ്ങി. (അസ്ദുൽ ഗാബ, വാല്യം 2 പേജ് 234 സഅ്ദുബനുൽ മാലി ക്കുൽ ഖുർശീ ദാറുൽ ഫിക്ർ ബേറൂത്ത് 2003)

മാതാപിതാക്കൾ പറയുന്നത് അനുസരിക്കണമെന്നും അവരെ സേവിക്കണമെന്നും അല്ലാഹു പറയുന്നു. പക്ഷേ, മതപരമായ കാര്യവും അല്ലാഹുവിന്റെ കാര്യവും വരുമ്പോൾ അവിടെ എന്തായാലും നിങ്ങൾ അല്ലാഹു പറഞ്ഞ കാര്യങ്ങൾ കേൾക്കേണ്ടതാണ്. അദ്ദേഹത്തിന് നബി(സ) തിരുമേനിയെ സേവിക്കാനും കാവൽ നിൽക്കാനും അവസരം കിട്ടി. ഹദ്റത്ത് ആയിശ(റ) പറയുന്നു: നബി(സ) മദീനയിൽ വന്നപ്പോൾ ചില ദിവസങ്ങളിൽ നല്ലതും ചില ദിവസങ്ങളിൽ കുറച്ച് മോശവുമായ അവസ്ഥകളായിരുന്നു. ഇക്കാരണത്താൽ നബി(സ)തിരുമേനിക്ക് രാത്രിയിൽ സമാധാനമായി ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല. ആയിശ(റ) പറയുന്നു: പല രാത്രികളും ഇങ്ങനെ കഴിഞ്ഞുകടന്നുപോയി. ഒരു രാത്രി അവിടന്ന് പറഞ്ഞു, 'രാത്രിയിൽ അല്ലാഹുവിന്റെ ഏതെങ്കിലും ദാസൻ കാവൽ നിന്നിരുന്നുവെങ്കിൽ എത്ര നന്നായേനേ. അപകടം ഇല്ലാതാകുമായിരുന്നു. എനിക്ക് കുറച്ചു നേരം സാധാരണരീതിയിൽ വിശ്രമിക്കാനും കഴിയുമായിരുന്നു. ആയിശ(റ) പറയുന്നു: അവിടന്ന് ഇത് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് ആയുധങ്ങളുടെ ശബ്ദം കേട്ടു. ആരാണെന്ന് നബിതിരുമേനി ചോദിച്ചു. ഞാൻ സഅ്ദാണെന്ന് മറുപടി വന്നു. എന്തിനാണ് വന്നതെന്ന് ചോദിച്ചു. അങ്ങയുടെ സംരക്ഷണത്തിന് വേണ്ടിയാണെന്ന് അദ്ദേഹം പറഞ്ഞു. നബി(സ) തിരുമേനി സമാധാനത്തോടെ ഉറങ്ങുകയും അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്യുകയും ചെയ്തു. (സ്വഹീഹ് മുസ്‌ലിം, കിതാബുൽ ഫളാഇലുസ്സ്വഹാബ, ബാബ് ഫീ ഫള്‌ലി സഅ്ദ് ബിൻ വഖാസ്. ഹദീഥ് 6231)

ഹദ്റത്ത് സുബയ്റുബ്നുൽ അവാമായിരുന്നു ഒരു സ്വഹാബി. അദ്ദേഹത്തിൽ ദൈവഭയം അധികമുണ്ടായിരുന്നു. എന്തെങ്കിലും കാര്യം തെറ്റായിട്ട് വന്നുപോകുകയും അല്ലാഹുവിന്റെ പിടിയിൽ വീഴുകയും ചെയ്യുമോ എന്നായിരുന്നു ചിന്ത. അദ്ദേഹത്തിന്റെ മകൻ ഒരിക്കൽ ചോദിച്ചു: 'താങ്കൾ മറ്റു സ്വഹാബിമാരെപോലെ ഹദീഥുകൾ അധികം വിവരിക്കാറില്ലല്ലോ.' പറഞ്ഞു: ഇസ്‌ലാം സ്വീകരിച്ചതു മുതൽ നബിയിൽനിന്ന് അകന്നു നിന്നിട്ടില്ല. എപ്പോഴും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. പക്ഷേ, 'ആരാണോ തന്നിലേക്ക് തെറ്റായ കാര്യങ്ങൾ കുറിമാനമാക്കി പറയുന്നത് അവൻ തന്റെ സങ്കേതം നരകമാക്കിക്കൊള്ളട്ടെ' എന്ന നബി(സ)തിരുമേനിയുടെ മുന്നറിയിപ്പിനെ ഞാൻ ഭയപ്പെടുന്നു. (ഞാൻ ഒപ്പമുണ്ടായിരുന്നു. ഒരുപാട് കാര്യങ്ങൾ കേട്ടിട്ടുണ്ട്. ഒരുപാട് ഉദ്ധരണികൾ എന്റെ കൈയിലുണ്ട്. ഒരുപാട് നിവേദനങ്ങളുണ്ട്. പക്ഷേ, നബിയുടെ മുന്നറിയിപ്പിനെ ഞാൻ ഭയപ്പെടുന്നു) 'ഏതെങ്കിലും കാര്യം ഞാൻ പറയുമ്പോൾ അത് തെറ്റായി പോകുകയാണെങ്കിൽ നരകത്തിൽ പോകും. ഈ ഭയമാണ് എനിക്കുള്ളത്.' (സ്വഹീഹുൽ ബുഖാരി, കിതാബുൽ ഇൽമ്, ഹദീഥ് 107)

ധീരതയും പുരുഷത്വവും അദ്ദേഹത്തിൽ വളരെയുണ്ടായിരുന്നു. ഇസ്കന്തരിയായിലെ ഉപരോധം ദീർഘമായപ്പോൾ അദ്ദേഹം കോട്ടയുടെ മുകൾഭാഗത്ത് ഏണിവച്ച് കയറാൻ ആഗ്രഹിച്ചു. കോട്ടയ്ക്കുള്ളിൽ പ്ലേഗ് രോഗം പടർന്നുപിടിച്ചിട്ടുണ്ടെന്ന് കൂട്ടുകാർ അറിയിച്ചു. അദ്ദേഹം പറഞ്ഞു:'അത് സാരമില്ല. നമ്മളും പ്ലേഗിനുവേണ്ടിയുള്ളവരാണ്.' അദ്ദേഹം ആ കാര്യം അംഗീകരിച്ചില്ല. കോട്ടയുടെ ഭിത്തിയിൽ കയറുകതന്നെ ചെയ്തു. വലിയ സമ്പന്നനായിരുന്നു. വരുന്ന ധനമെല്ലാം ഭൂരിഭാഗവും അല്ലാഹുവിന്റെ വഴിയിൽ ദാനം ചെയ്യുമായിരുന്നു. (അത്ത്വബഖാത്തുൽ കുബ്റ, ലിഇബ്നു സഅ്ദ് വാല്യം 3 പേജ് 57-58, മിൻ ബനീ അസദുബ്നു അബ്ദുൽ ഉസ്സാ. ദിക്റു വസിയ്യത്ത് സുബയ്ർ വഖളാ ദീനിഹീ ദാറു അഹ്യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

പിന്നീട് ഒരു സഹാബിയെക്കുറിച്ച് പറയുന്നു. അദ്ദേഹത്തിന്റെ പേര് ത്വൽഹാ ബിൻ ഉബയ്ദുല്ലാഹ് എന്നാണ്. അദ്ദേഹവും സമ്പന്നനായിരുന്നു. അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാറുണ്ടായിരുന്നു. ഒരിക്കൽ തന്റെ സ്വത്തിന്റെ ഒരു ഭാഗം 7 ലക്ഷം ദിർഹമിന് ഹദ്റത്ത് ഉഥ്മാന് വിറ്റു. എല്ലാ ധനവും അല്ലാഹുവിന്റെ വഴിയിൽ ചെലവഴിച്ചു. (അത്ത്വബഖാത്തുൽ കുബ്റ, ലിഇബ്നു സഅ്ദ് വാല്യം 3 പേജ് 117, വമിൻ ബനീ തയ്യുബ്നുബ്നു മർറ.... ത്വൽഹ ബിൻ ഉബയ്ദ്, ദാറു അഹ്യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

അതിഥി സൽക്കാരത്തിലും അദ്ദേഹത്തിന് പ്രത്യേകമായ താല്പര്യമായിരുന്നു. ഒരിക്കൽ ഒരു ഗോത്രത്തിലെ മൂന്ന് ആളുകൾ ഇസ്‌ലാം സ്വീകരിച്ചു. അവർ നബിയുടെയടുക്കൽ വന്നു. നബി(സ)തിരുമേനി ചോദിച്ചു. ഇവർക്ക് ജാമ്യം നല്കാൻ ആരാണുള്ളത്? ഹദ്റത്ത് ത്വൽഹ സന്തോഷത്തോടെ സമ്മതിച്ചു. മൂന്നുപേരേയും തന്റെ വീട്ടിൽ കൊണ്ടുവന്ന് താമസിപ്പിച്ചു. അവരെ സൽക്കരിച്ചു. മരണം അവരെ അദ്ദേഹത്തിൽനിന്ന് വേർപ്പെടുത്തുന്നതുവരെ സ്വന്തം വീട്ടിലെ അംഗങ്ങളാക്കി. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 1 പേജ് 446, ഹദീഥ് 1401, മുസ്നദ് ത്വൽഹ ബിൻ ഉബയ്ദ് ആലമുൽ ഖുത്ബ് ബേറൂത്ത് 1998)

ഹദ്റത്ത് ത്വൽഹ സാഹോദര്യബന്ധവും സുഹൃത്ത്ബന്ധവും നല്ലവണ്ണം നിറവേറ്റിയിരുന്നു. ഹദ്റത്ത് കഅ്ബ് ബിൻ മാലിക് അൻസ്വാരി തബൂഖ് യുദ്ധത്തിൽ പങ്കെടുക്കാത്ത കാരണത്താൽ ശിക്ഷയ്ക്കർഹനായി. അല്ലാഹുവിന്റെ കല്പനയാൽ അദ്ദേഹത്തിന് മാപ്പ് കിട്ടിയ വിവരം വിളംബരം ചെയ്തപ്പോൾ അദ്ദേഹം നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അപ്പോൾ ഹദ്റത്ത് ത്വൽഹ ഉന്മത്തനായിക്കൊണ്ട് ഓടിക്കിതച്ച് അദ്ദേഹത്തെ വരവേല്ക്കുന്നതിനായി മുന്നോട്ടുകുതിച്ചു. കൈകൊടുത്തുകൊണ്ട് ആശംസകൾ നേർന്നു. ഹദ്റത്ത് ത്വൽഹായെപോലെ സ്വാഗതം ചെയ്യുന്നതിലും വരവേല്ക്കുന്നതിനും ഇത്രമാത്രം ആവേശഭരിതനായ ഒരാളെ ഞാൻ കണ്ടിട്ടില്ല ഹദ്റത്ത് കഅ്ബ് എപ്പോഴും പറയാറുണ്ടായിരുന്നു.' (സ്വഹീഹുൽ ബുഖാരി കിതാബുൽ മഗാസി, ബാബ് ഹദീഥ് കഅ്ബ് ബിൻ മാലിക് ഹദീഥ് 4418)

ഒരു സവിശേഷഗുണം ഭാര്യയുമായും ഭർത്താവുമായും ബന്ധംവെക്കുന്നതാണ്. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: 'ഹദ്റത്ത് ത്വൽഹ ചിരിച്ചും മന്ദഹസിച്ചും വീട്ടിൽ തിരിച്ചെത്തും. വലിയ ജോലിയായിരുന്നു. തിരക്കായിരുന്നു. എല്ലാമുണ്ടായിരുന്നു. വീട്ടിൽ വരുമ്പോൾ വീട്ടുകാർ ഭയന്ന് മൂലയിൽപോയി ഒളിക്കുന്നവിധത്തിലുള്ള മുഖത്തോടുകൂടി വരികയില്ല. ചിരിച്ചുകൊണ്ടുവരും. ചിരിച്ചുകൊണ്ട് വെളിയിൽ പോകും. വീട്ടുകാരോട് നല്ലരീതിയിൽ പെരുമാറും. എപ്പോഴും സന്തോഷിച്ചിരിക്കും. വെളിയിൽ ഒന്നും വീട്ടിൽ മറ്റൊന്നുമായിരുന്നില്ല. പറയുന്നു: എന്തെങ്കിലും ചോദിച്ചാൽ പിശുക്ക് കാണിക്കുമായിരുന്നില്ല. ചോദിച്ചാൽ അത് തരുമായിരുന്നു. ചോദിക്കട്ടെ എന്ന് പ്രതീക്ഷിച്ചിരിക്കുമായിരുന്നില്ല; അതായത് ചോദിച്ചാൽ കൊടുക്കാമെന്നനിലയിൽ. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ സ്വയം നോക്കുകയും ഏതെങ്കിലും വിധത്തിൽ വീട്ടുകാർക്കുള്ള ആവശ്യങ്ങൾ പൂർത്തിയാക്കുകയും ചെയ്യുമായിരുന്നു. നാല് ഭാര്യമാരുണ്ടായിരുന്നു. നാലുപേരും സന്തോഷവതികളായിരുന്നു. പറയുന്നു: നന്മ ചെയ്യുക. എന്നാൽ, നന്ദിയുള്ളവനാകും. തെറ്റ് ചെയ്താൽ മാപ്പ് ചോദിക്കും. വീടുകളിലെ സമാധാനത്തിന് കാരണമാകുന്ന അടിസ്ഥാനപരമായ കാര്യമാണിത്. അത് ദാമ്പത്യബന്ധങ്ങളെ ശക്തിപ്പെടുത്തും. അതുകൊണ്ട് ഇതും നമുക്കൊരു മാതൃകയാണ്. (കൻസുൽ ഉമ്മാൽ വാല്യം 12 പേജ് 198-199, ഹദീഥ് 36592. മുസനദ് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, മുഅസ്സസ്സത്തുർരിസാല ബേറൂത്ത് 1985)

ഒരു സ്വഹാബി ഉബയ്ദുല്ലാഹ് ബിൻ മസഊദിന്റെ ഖിലാഫത്തിനോടുള്ള അനുസരണത്തെ സംബന്ധിച്ച ഒരു സംഭവം ഇങ്ങനെ വന്നിരിക്കുന്നു. ഇദ്ദേഹത്തെ ഹദ്റത്ത് ഉമർ(റ)കൂഫക്കാരുടെ വിദ്യാഭ്യാസത്തിനും ശിക്ഷണത്തിനുമായി നിശ്ചയിച്ചു. അദ്ദേഹത്തെ മദീനയിൽ ഇപ്പോൾ ആവശ്യമുണ്ടെന്നും പക്ഷേ, നിങ്ങൾക്കുവേണ്ടി ത്യാഗം ചെയ്ത് അദ്ദേഹത്തെ നിങ്ങളുടെ ശിക്ഷണത്തിനായി അയക്കുകയാണെന്നും ഖലീഫ കൂഫക്കാർക്കെഴുതിയിരുന്നു. (അത്ത്വബഖാത്തുൽ കുബ്റ, ലിഇബ്നു സഅ്ദ് വാല്യം 3 പേജ് 135-136, അമ്മാറുബ്നു യാസിർ(റ), ദാറു അഹ്യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

ഈ സ്ഥാനമായിരുന്നു അദ്ദേഹത്തിന്റേത്. ഹദ്റത്ത് ഉഥമാനും അദ്ദേഹത്തിന്റെ ഈ സ്ഥാനത്തെ നിലനിറുത്തി. എന്നല്ല കൂഫയിലെ അമീറായി നിശ്ചയിച്ചു. അതിനോടൊപ്പം ഖാസിയും ബയ്ത്തുൽമാൽ വ്യവസ്ഥിതിയും അദ്ദേഹത്തിന്റെ പക്കലായിരുന്നു. അവസാനം പ്രശ്നങ്ങളുണ്ടാകാൻ തുടങ്ങി. കൂഫക്കാർ ഉപദ്രവങ്ങൾ ചെയ്തുകൊണ്ടിരുന്നു. പിന്നീട് ചില ഉദ്ദേശ്യങ്ങൾ കാരണത്താൽ ഹദ്റത്ത് ഉഥ്മാൻ(റ) അദ്ദേഹത്തെ ഇമാറത്തിൽനിന്ന് ഒഴിവാക്കി തിരിച്ച് മദീനയിലേക്ക് വിളിച്ചു. താങ്കൾ മടങ്ങിപോകരുതെന്നും ഇവിടെ താമസിക്കണമെന്നും താങ്കൾക്ക് ഒരു നഷ്ടവും വരാതിരിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുക എന്നത് ഞങ്ങളുടെ ഉത്തരവാദിത്വമാണെന്നും കൂഫക്കാർ

അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ ഹദ്റത്ത് ഉബയ്ദുല്ല പറഞ്ഞു: 'കാലത്തിന്റെ ഖലീഫയെ അനുസരിക്കൽ എനിക്ക് നിർബന്ധമാണ്. അദ്ദേഹത്തെ ധിക്കരിച്ചുകൊണ്ട് ഫിത്നയുടെ ഏതെങ്കിലും വഴി തുറക്കുക എന്നത് എനിക്ക് ചേർന്നതല്ല.' അങ്ങനെ മദീനയിലേക്ക് പോയി. അദ്ദേഹത്തെ കുറിച്ച് ഒരു നിവേദകൻ പറഞ്ഞു: 'ഞാൻ പല സ്വഹാബിമാരുടെയും മജ്ലിസുകളിൽ ഇരുന്നിട്ടുണ്ട്. എന്നാൽ, ഉബയ്ദുല്ലായുടെ ഭൗതികതയോടുള്ള വിരക്തിയുടേയും പരലോകത്തോടുള്ള താല്പര്യത്തിന്റേയും പ്രൗഢി വേറെതന്നെയാണ്.' (അൽഅസ്വാബ ഫീ തമീസിസ്സഹാബ വാള്യം 4, പേജ് 201, ദിക്റു മിൻ ഇസ്മുഹൂ അബ്ദുല്ലാഹ്, അബ്ദുല്ലാഹ് ബിൻ മസ്ഊദുൽഗഫ്ഫാരി, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2004)

ബാഹ്യമായ നിലയിലും അദ്ദേഹം പരിശുദ്ധിയെ ഇഷ്ടപ്പെട്ടയാളായിരുന്നു. ദുൻയാവിനോടുള്ള വിരക്തിയുണ്ടായിട്ടും ഏറ്റവും മുന്തിയ നിലയിലുള്ള വെള്ളവസ്ത്രങ്ങളാണ് ധരിച്ചിരുന്നതെന്ന് അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥനും സേവകനും പറയുന്നു. മുന്തിയ സുഗന്ധങ്ങളും ഉപയോഗിച്ചിരുന്നു. അതിനെ സംബന്ധിച്ച് ഹദ്റത്ത് ത്വൽഹ(റ) പറയന്നു: 'അദ്ദേഹം ഉപയോഗിച്ചിരുന്ന മുന്തിയനിലയിലുള്ള സുഗന്ധവസ്തു രാത്രിയുടെ അന്ധകാരത്തിലും അബ്ദുല്ലായാണ് വരുന്നതെന്ന് വിളിച്ചറിയിക്കുന്നതായിരുന്നു.' (അത്ത്വബഖാത്തുൽ കുബ്റ, ലിഇബ്നു സഅ്ദ് വാള്യം 3 പേജ് 83-84, മിൻ ഖുലഫാഇ ബനീ സുഹ്റ ദിക്റു മാ ഔസാബിഹീ അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) ദാറു അഹ്യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

ഹദ്റത്ത് ബിലാൽ(റ)സകല പീഡനങ്ങളും സഹിച്ച വ്യക്തിയാണ്. പക്ഷേ, എപ്പോഴും ഏകനായ ദൈവത്തിന്റെ മുദ്രാവാക്യം മുഴക്കികൊണ്ടിരുന്നു. പാറക്കല്ലുകളിലും ചുട്ടുപഴുത്ത മണലുകളിലും അദ്ദേഹത്തെ വലിച്ചുകൊണ്ടുപോകുമായിരുന്നു. എങ്കിലും അഹദ് അഹദ് എന്നു പറഞ്ഞുകൊണ്ട് ഈമാനിൽ നിലയുറപ്പിച്ചു. ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർ റസൂലുല്ലാ എന്ന് പറഞ്ഞു. (അത്തബക്കാത്ത്)(അത്ത്വബഖാത്തുൽ കുബ്റ, ലിഇബ്നു സഅ്ദ് വാള്യം 3 പേജ് 124, മിൻ ശഹിദ ബദ്റൻ ബിലാലുബ്നു റബാഹ്, ദാറു അഹ്യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

സഅ്ദ് ബിൻ മുആദ് ഒരു അൻസ്വാരിയായിരുന്നു. അദ്ദേഹം ബദ്ർ ദിവസം അൻസ്വാറുകളെ പ്രതിനിധാനം ചെയ്ത് നബി(സ) തിരുമേനിക്ക് അൻസ്വാൻ നല്കിയ പ്രതീക്ഷ പൂർത്തിയാക്കി. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ അങ്ങയിൽ വിശ്വസിച്ചു. അങ്ങയെ സാക്ഷ്യപ്പെടുത്തി. അങ്ങ് കൊണ്ടുവന്നിരിക്കുന്ന അധ്യാപനം സത്യമാണ്. ഞങ്ങൾ അതിൽ അങ്ങയോട് പ്രതിജ്ഞ ചെയ്തു. അങ്ങ് പറയുന്ന കാര്യങ്ങൾ കേൾക്കുകയും ഉടനെ അനുസരിക്കുകയും ചെയ്തു. അതുകൊണ്ട് അല്ലാഹുവിന്റെ റസൂലേ! അങ്ങയുടെ തീരുമാനം എന്താണ്? അതനുസരിച്ച് ഞങ്ങൾ മുന്നോട്ടുപോകും. ഇൻശാ അല്ലാഹ് താങ്കൾ ഞങ്ങളെ താങ്കളോടൊപ്പം കാണുന്നു. അങ്ങ് ഞങ്ങളോട് സമുദ്രത്തിൽ ചാടാൻ പറഞ്ഞാൽ തീർച്ചയായും ഞങ്ങൾ ചാടിയിരിക്കും. ഞങ്ങളിൽ ഒരാളും പിന്നിൽ നില്ക്കുകയില്ല. ഞങ്ങൾ ശത്രുക്കളോട് പോരാടുന്നതിനെ ഭയപ്പെടുന്നില്ല. നല്ലവണ്ണം പോരാടാൻ അറിയാം ഞങ്ങൾക്ക്. അല്ലാഹു താങ്കൾക്ക് ഞങ്ങളിൽനിന്ന് താങ്കളുടെ കണ്ണിന് കുളിർമ നല്കുന്ന കാര്യങ്ങൾ കാണിക്കുമെന്നാണ് ഞങ്ങൾ പൂർണമായും പ്രതീക്ഷിക്കുന്നത്. താങ്കൾ എവിടെ വേണമെങ്കിലും ഞങ്ങളെ കൊണ്ടു പൊയ്ക്കൊള്ളുക. (സീറത്ത് ഇബ്നു ഹിശാം, പേജ് 421, ബാബ് ഗസവ ബദറുൽ കുബ്റ, ഇസ്തീശാഖുർറസൂൽ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001) )

അതിനാൽ ഇക്കൂട്ടരായിരുന്നു തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയത്. പിന്നീട് അവർ തങ്ങളുടെ മാതൃകകളിൽ നിലയുറപ്പിച്ചു. അല്ലാഹുവും അവരെ ഇഷ്ടപ്പെട്ടു. ചില സ്വഹാബാക്കളുടെ മാതൃകയാണിത്. ചരിത്രം അതുല്യമായ ഈ സംഭവങ്ങളാൽ നിറഞ്ഞുകിടക്കുന്നു. നമുക്ക് അനുധാവനം ചെയ്യാൻ പറ്റിയ ആളുകളാണിവർ.

ഹദ്റത്ത് മസീഹ് മൗഊദ് പറയുന്നു: വിശുദ്ധഖുർആനെ ഉപേക്ഷിച്ചുകൊണ്ട് വിജയം ഉണ്ടാകുക എന്നത് അസംഭാവ്യമാണ്. അത്തരം വിജയം ഒരു സാങ്കല്പിക കാര്യമാണ്. അതിന്റെ അന്വേഷണത്തിലാണ് ഇക്കൂട്ടർ ഉള്ളത്. സ്വഹാബാക്കളുടെ മാതൃകകളെ സ്വന്തം മുന്നിൽ വെക്കുക. നോക്കുക! അവർ നബിയെ പിൻപറ്റുകയും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുകയും ചെയ്തപ്പോൾ അല്ലാഹു അവരോട് ചെയ്ത എല്ലാ വാഗ്ദാനവും പൂർത്തിയാക്കി. ആരംഭകാലത്ത് എതിരാളികൾ പരിഹസിക്കാറുണ്ടായിരുന്നു. സ്വതന്ത്രമായി വെളിയിൽ ഇറങ്ങാൻ കഴിഞ്ഞിരുന്നില്ല. രാജാധിപത്യത്തിന്റെ വാദമുന്നയിച്ചിരുന്നു. പക്ഷേ, നബി(സ)യോടുള്ള അനുസരണത്തിൽ തങ്ങളെ ലയിപ്പിച്ചുകൊണ്ട് നൂറ്റാണ്ടുകളായി അവരുടെ ഓഹരിയിൽ വരാതിരുന്നതെല്ലാം അവർ സമ്പാദിച്ചു. അവർ ഖുർആനേയും നബിയേയും സ്നേഹിച്ചിരുന്നു. അവരെ അനുസരിക്കുകയും പിൻപറ്റുകയും ചെയ്യുന്നതിൽ രാപകൽ മുഴുകിയിരുന്നു. അവരോടുള്ള അനുധാവനം ഒരു ചടങ്ങ് എന്ന നിലയിൽ ഞാനും ചെയ്യുന്നില്ല.'(അതായത് വിശ്വാസം കണ്ടപ്പോൾ അവിശ്വാസികൾ എല്ലാ ജോലിയും ഉപേക്ഷിച്ചു ഇസ്ലാമികാധ്യാപനമനുസരിച്ച് അവർ പ്രവർത്തിക്കാൻ തുടങ്ങി. ഇസ്ലാമിന്റെ ഈ അവസ്ഥയിൽ അവർ ഇരുന്നപ്പോൾ അത് ഉന്നതിയുടെ കാലമായി മാറി.' (മൽഫൂദാത്ത് വാള്യം 2 പേജ് 157, 1985 ലണ്ടൻ പതിപ്പ്)

പിന്നീട് ഒരവസരത്തിൽ സ്വഹാബാക്കളെക്കുറിച്ച് അവിടന്ന് പറഞ്ഞു: നബിതിരുമേനിയുടെ സ്വഹാബാക്കൾ കൂറുള്ളവരും അനുസരണമുള്ളവരുമായിരുന്നു. ഒരു നബിയുടെ അനുയായികളിലും അതിന് തുല്യത കാണുകയില്ല. വിശുദ്ധഖുർആനിന്റെ കല്പനകൾ അവർ പാലിച്ചിരുന്നു. അതുകൊണ്ട് വിശുദ്ധഖുർആൻ നിറഞ്ഞുകിടക്കുന്നു. എഴുതിയിരിക്കുന്നു, മദ്യം ഹറാമാക്കി എന്ന കല്പന വന്നപ്പോൾ മദ്യകുടങ്ങൾ അവർ അടിച്ചുതകർത്തു. അറേബ്യയിൽ നദികളൊഴുകിയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പിന്നീട് അവരിൽനിന്ന് അത്തരം സംഭവങ്ങൾ ഉണ്ടായിട്ടില്ല. (ഒരു പ്രാവശ്യം മദ്യത്തിൽ നിന്ന് മാനസാന്തരപ്പെട്ടപ്പോൾ പിന്നീട് അവർ അതുപയോഗിച്ചില്ല. അവർ മദ്യത്തിന്റെ കഠിന വിരോധികളായി. നോക്കുക! ഇത് എത്ര വലിയ അനുസരണമായിരുന്നു. നബിതിരുമേനിയോടുള്ള അനുസരണം ഏതൊരു കൂറോടും സ്നേഹത്തോടും ഉദ്ദേശ്യത്തോടും ആവേശത്തോടുംകൂടി അവർ നിറവേറ്റിയോ മറ്റാരും അത് നിറവേറ്റിയിട്ടില്ല. മൂസായുടെ ജമാഅത്തിന്റെ അവസ്ഥകൾ വായിച്ചാൽ മനസ്സിലാകുന്നത് അവർ പല പ്രാവശ്യവും കല്ലെറിയാൻ ആഗ്രഹിച്ചിരുന്നുവെന്നാണ്. ഈസായുടെ ഹവാരികളും ബലഹീനരായിരുന്നു. അത് ക്രിസ്ത്യാനികളും സമ്മതിക്കുന്നതാണ്. യേശു ഇഞ്ചീലിൽ ദുർബലവിശ്വാസികൾ എന്ന് അവരെ പറഞ്ഞിരിക്കുന്നു. അവർ തങ്ങളുടെ ഉസ്താദിനോട് കടുത്ത വഞ്ചന കാണിച്ചു. ചതിച്ചു. ആ പരീക്ഷണഘട്ടത്തിൽ എല്ലാവരും അകന്നു. ഒരാൾ ഒറ്റിക്കൊടുത്തു. വേറൊരുത്തൻ ശാപം ചൊരിഞ്ഞു. എന്നാൽ, സ്വഹാബാക്കൾ തങ്ങളുടെ ജീവൻ ബലിയർപ്പിച്ചു. അല്ലാഹു അതിന് സാക്ഷ്യം നല്കി. ദൈവവഴിയിൽ ജീവൻതന്നെ ബലിയർപ്പിക്കാൻ അവർ മടിച്ചില്ല. ഈമാനിന്റെ എല്ലാ സവിശേഷ ഗുണങ്ങളും അവരിലുണ്ടായിരുന്നു. വിശ്വാസത്തിന്റെ നിബന്ധനയായ ഭക്തൻ, യോഗീവര്യൻ,ധർമിഷ്ഠൻ, ധൈര്യവാൻ, കൂറുള്ളവൻ ഇതൊന്നും മറ്റു ജനതയിൽ ഉണ്ടായിരുന്നില്ല."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നബി(സ)തിരുമേനിയുടേയും ആദരണീയരായ സ്വഹാബത്ത് രിള്വാനുല്ലാഹി അലയ്ഹിയും അജ്മഈന്റേയും കാലഘട്ടത്തെ നോക്കുകയാണെങ്കിൽ അവർ നിഷ്കളങ്കരായിരുന്നുവെന്ന് മനസ്സിലാകുന്നതാണ്. ഒരു പാത്രം ഈയംപൂശി വൃത്തിയാക്കിയതുപോലെയായിരുന്നു അവരുടെ ഹൃദയം. അത് ദൈവിക വചനങ്ങളുടെ പ്രകാശങ്ങളാൽ തെളിമയാർന്നതും ആത്മാവി ന്റെ മലീമസമായ തുരുമ്പിൽനിന്ന് തികച്ചും മുക്തവുമായിരുന്നു. ഖദ് അഫ്ലഹാ മൻസക്കാഹാ എന്നതിന്റെ സത്യസന്ധമായ തെളിവായിരുന്നു' അവിടന്ന് പറയുന്നു: മനുഷ്യൻ ഈ രീതിയിൽ തെളിമയുള്ളവനും തന്നെ സ്വയം ഈയംപൂശിയപാത്രംപോലെ പ്രകാശമുള്ളവനാക്കുകയും ചെയ്താൽ അല്ലാഹുവിന്റെ പാരിതോഷികങ്ങളുടെ ഭക്ഷണം അവൻ അതിൽ ഇടുന്നതായിരിക്കും. പക്ഷേ, ഇന്ന് ഇത്തരത്തിലുള്ളവരും ഖദ് അഫ്ലഹാ മൻസക്കാഹാ എന്നതിന്റെ തെളിവായിട്ടുള്ളവർ എത്രപേരാണുള്ളത്.

അതിനാൽ നമ്മൾ നമ്മുടെ പരിഷ്കരണത്തിനും നമ്മുടെ പാത്രങ്ങൾ വൃത്തിയാക്കുന്നതിനും ശ്രമിക്കേണ്ടതാണ്. നബി(സ)തിരുമേനിയുടെ സേവകനെ ഇക്കാലഘട്ടത്തിൽ നമ്മൾ വിശ്വസിച്ചിരിക്കുന്നു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചിട്ടുള്ള എല്ലാ കാര്യങ്ങളുമനുസരിച്ച് പ്രവർത്തിക്കുന്നതിന് ശ്രമിക്കേണ്ടതുമാണ്. അങ്ങനെ നമുക്ക് യഥാർഥ മുസ്ലിമാകാനും സാധിക്കും. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ




**ഉടനെ എഴുതുക or ഫോൺ ചെയ്യുക**

താങ്കൾ വിശുദ്ധ ഖുർആന്റെ കല്പനകൾ, ഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദിന്റെ മാർഗനിർദേശങ്ങൾ എന്നിവയോടൊപ്പം ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജുമുഅ ഖുത്ബകളിൽ നിന്നും പ്രഭാഷണങ്ങളിൽനിന്നും അനുഗ്രഹം തേടാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ താങ്കളുടെ കുടുംബത്തിന്റേയും കുഞ്ഞുകുട്ടികളുടേയും സത്യമായ പരിഷ്കരണത്തിന് വിശുദ്ധ ഖുർആന്റെ ജ്ഞാനങ്ങൾ അറിയാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ ബദ്ർ പത്രം നിർബന്ധമായും വായിക്കുക. ബദ്ർ പത്രത്തിൽ എന്താണുള്ളത്? അതറിയാൻ നിങ്ങൾ നിങ്ങളുടെ ഭാഷയിൽ അതിന്റെ ഒരു മാതൃക വാങ്ങി നോക്കുക. ഉടനെ എഴുതുക, അല്ലെങ്കിൽ ഫോൺ ചെയ്യുക.

**മാനേജർ ബദ്ർ വീക്കിലി ഫോൺ: 094170-20616**

# സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ ജർമൻ സന്ദർശനം 2017 (ആഗസ്റ്റ്)

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

*(തുടർച്ച)*

ഹുദൂർ വളരെ വലിയ ഒരു മനുഷ്യനാണ്. ഞാൻ ഹുദൂറിനെ എല്ലാവരേക്കാളും കൂടുതൽ വിനയനും ലാളിത്യമുള്ള ആളുമായി കണ്ടു. അതിനുള്ള തെളിവിതാണ്. ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ചയ്ക്കിടയിൽ സലാം ചൊല്ലിയതിനുശേഷം അദ്ദേഹം തന്നെ പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞു: എന്റെ ബന്ധം റോമൻ കമ്യൂണിറ്റിയുമായിട്ടാണ്. യൂറോപ്പിൽ ഏകദേശം 12 മുതൽ 15 മില്യൺവരെ അവരുടെ അംഗസംഖ്യയുണ്ട്. അദ്ദേഹം പറഞ്ഞു: എന്റെ ചോദ്യമിതാണ്, ഈ ജനത വിവിധ പരീക്ഷണങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ആയിരം വർഷമായി വഴി തെറ്റിക്കൊണ്ടിരിക്കുന്നു. ഇവരുടെ അഭിവൃദ്ധി എങ്ങനെ സാധ്യമാകാനാണ്?

അപ്പോൾ ഹുദൂർ പറഞ്ഞു: 'യാഥാർഥ്യമെന്താണെന്നാൽ ഈ ജനത മാത്രമല്ല മറിച്ച്, എല്ലാ മുസ്‌ലിംകളുടേയും അവസ്ഥ ഇതുതന്നെയാണ്. അവർ വഴിതെറ്റി കറങ്ങിക്കൊണ്ടിരിക്കുകയാണ്. അവരുടെ ഈ അവസ്ഥയിലേക്ക് സൂചന നല്കിക്കൊണ്ടാണ് മുസ്‌ലിംകളിൽ അധഃപതനത്തിന്റെ ഒരു കാലം വരുമെന്നും അക്കാലഘട്ടത്തിൽ ഒരു പരിഷ്കർത്താവ് അല്ലാഹുവിൽനിന്ന് നിയമിതനാകുമെന്നും ആ ഇമാമിനെ വിശ്വസിക്കേണ്ടതാണെന്നും അദ്ദേഹത്തിന് തന്റെ സലാം എത്തിക്കേണ്ടത് മുസ്‌ലിംകളുടെ നിർബന്ധകടമയാണെന്നും അദ്ദേഹത്തെ പിൻപറ്റുന്നതിലൂടെ മാത്രമേ അവർക്ക് വീണ്ടും അഭിവൃദ്ധിയുണ്ടാകുകയുള്ളൂവെന്നും നബി(സ)തിരുമേനി പ്രവചനം ചെയ്തത്. അതുകൊണ്ട് ആ മസീഹും മഹ്ദിയും വന്നു. അദ്ദേഹത്തിന്റെ അനുയായികൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. ഉദാഹരണമായി ആഫ്രിക്കയിലെ ജനങ്ങളെ നോക്കുക. അവർ ഈ ഇമാമിനെ വിശ്വസിച്ചു. അവരുടെ അവസ്ഥ തന്നെ മാറിപ്പോയി. ഇപ്രകാരം ഇന്തോനെഷ്യ, പാകിസ്താൻ, ഇന്ത്യതുടങ്ങിയ രാജ്യങ്ങളിൽനിന്ന് ഈ ഇമാമിനെ വിശ്വസിക്കുന്നവരുടെ അവസ്ഥയും ഇതുതന്നെയാണ്. ഇപ്രകാരംതന്നെ ജനങ്ങൾ എത്രമാത്രം ഐക്യത്തോടും ഏക മനസ്സോടുംകൂടിയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് ഈ ജൽസയിലും നിങ്ങൾ കണ്ടതാണ്. ഈ എല്ലാ അനുഗ്രഹങ്ങളും ഈ ഇമാമിനെ പിൻപറ്റുന്ന കാരണത്താലാണ്.'

ഹുദൂർ പറഞ്ഞു: "എന്തായാലും നമ്മുടെ ജോലി സന്ദേശം എത്തിക്കുക എന്നതാണ്. ദീൻ വിശ്വസിക്കുന്ന കാര്യത്തിൽ ഒരു ബലാൽക്കാരവുമില്ല. നമ്മൾ നബി(സ)തിരുമേനിയുടെ സന്ദേശം എത്തിക്കണം. സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യുക എന്നത് സ്വീകരിക്കുന്നവരുടെ ജോലിയാണ്.

സെർബിയാ(ടലൃയശമ)യിലെ നവതിപാഴ്സർ നഗരവുമായി ബന്ധമുള്ള ഒരു അഹ്മദി വനിത ടലിമറമ സാഹിബ കൂടിക്കാഴ്ചാവേളയിൽ പറഞ്ഞു: 'ഞങ്ങൾ 17 വർഷം മുമ്പേ അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നു. സെർബിയാ(ടലൃയശമ)യിൽ ജമാഅത്തിന് അഭിവൃദ്ധിയുണ്ടാകണമെന്നാണ് എന്റെ ആഗ്രഹം. എന്റെ ഭർത്താവ് ഈ ദിനങ്ങളിൽ ജോലി അന്വേഷിച്ച് ജർമനിയിൽ വന്നിട്ടുണ്ട്. വിസയ്ക്കുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന് വിസ കിട്ടാതിരിക്കാനും സെർബിയാ(ടലൃയശമ)യിൽ തിരിച്ചുപോയി ജമാഅത്തിന് സേവനം ചെയ്യാനും അവിടെ ജമാഅത്ത് വളരാനും അദ്ദേഹത്തിന് ചെറിയ എന്തെങ്കിലും ജോലി സെർബിയാ(ടലൃയശമ)യിൽ കിട്ടാനും ഹുദൂർ ദുആ ചെയ്യുക.'

അപ്പോൾ ഹുദൂർ പറഞ്ഞു: 'എല്ലാ അടിസ്ഥാനത്തിലും നല്ലതായിട്ടുള്ള ഏർപാടുകൾ അല്ലാഹു അദ്ദേഹത്തിന് ചെയ്തുകൊടുക്കുമാറാകട്ടെ. അതിനോടൊപ്പം പറഞ്ഞു, 'അഹ്മദിയ്യത്തിൽ ഭൗതികമായ ധനമോ സമ്പത്തോ അല്ലാതെ ദീനിന്റെ ചിന്തയുള്ളവരും ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നവരുമായ ഇത്തരം മാതാക്കളും ഭാര്യമാരും നിലവിലുള്ളപ്പോൾ ഇൻശാ അല്ലാഹ് ജമാഅത്ത് വ്യാപിക്കുന്നതാണ്. അവരുടെ സദുദ്ദേശ്യങ്ങളെല്ലാം പൂർത്തിയാകുന്നതുമാണ്.'

ഒരു സ്ത്രീ പറഞ്ഞു: 'സകല ജൽസയും പ്രത്യേകതയുള്ളതാണ്. പക്ഷേ ഈ ജൽസ വളരെയേറെ പ്രത്യേകതയുള്ളതായിരുന്നു. ഹുദൂർ അൻവറിന്റെ പ്രസംഗങ്ങളും പ്രഭാഷണങ്ങളും വലിയ പ്രാധാന്യമുള്ളതായിരുന്നു. ഖിലാഫത്തിന്റെ സ്ഥാനങ്ങളെയും നിലകളേയും കുറിച്ച് ഞങ്ങളുടെ അറിവിൽ ധാരാളം വർധനയുണ്ടായി. പ്രസംഗങ്ങളിൽനിന്ന് ഞങ്ങൾ വളരെ ഫലമെടുത്തു.'

ജൽസയിൽ ആദ്യമായി പങ്കെടുത്ത ഒരു അതിഥി അമീർ സാഹിബിനെ ജൽസയുടെ അന്തരീക്ഷം വളരെയേറെ സ്വാധീനിച്ചു. അദ്ദേഹം പറഞ്ഞു: 'ഞാൻ മടങ്ങിയെത്തി ഇതേ സന്ദേശം നല്കുന്നതാണ്. ഈ ജൽസ കണ്ടും ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയുമുള്ള എന്റെ മനസിന്റെ അവസ്ഥ വിവരണാതീതമാണ്. ഇക്കാര്യങ്ങൾ അനുഭവിച്ചറിയുകയേ നിർവാഹമുള്ളൂ. അതുകൊണ്ടു യഥാർഥ സ്വർഗത്തെ സംബന്ധിച്ച് ദൃഢജ്ഞാനമുണ്ടാകുന്നതിന് സ്വർഗത്തെ കാണിക്കുന്ന ഈ സമൂഹത്തിൽ കുറച്ചുദിവസം എല്ലാവരും താമസിക്കേണ്ടതാണ്.'

ബോസ്നിയായിൽനിന്ന് ഒരു അതിഥി ദയാന സാഹിബയും ജൽസയിൽ പങ്കെടുത്തിരുന്നു. അവർ ഒരു നേഴ്സാണ്. അവരുടെ കുടുംബത്തിന് ജമാഅത്തിനോടു ഒരു സുഹൃത്ബന്ധമുണ്ട്. തന്റെ ഭർത്താവും മക്കളുമൊത്ത് ബോസ്നിയായിലെ ജമാഅത്തു പരിപാടികളിലും ജമാഅത്തിന്റെ പ്രവർത്തനങ്ങളിലും സന്തോഷത്തോടെ സഹകരിക്കുന്നു. അവർ ഭർത്താവിനോടും മാതാപിതാക്കളോടുമൊപ്പം സ്വന്തം ചെലവിലാണ് ജൽസയിൽ പങ്കെടുത്തത്. അവർ പറഞ്ഞു:'ജൽസയുടെ എല്ലാ ഒരുക്കങ്ങളും വളരെ നല്ലതായിരുന്നു. ഇതിന്റെ പ്രവർത്തകരെ കാണുമ്പോൾ ഞങ്ങൾക്കുവേണ്ടി ഇക്കൂട്ടർ എത്രമാത്രം ബുദ്ധിമുട്ടുകൾ സഹിക്കുന്നുവെന്ന് കണ്ട് ഞങ്ങൾക്ക് ലജ്ജ തോന്നുന്നു. ഹുദൂറിന്റെ തിരക്കുകണ്ട്, എത്രമാത്രം പ്രസന്നതയോടുകൂടി ഹുദൂർ പണിയെടുക്കുന്നുവെന്ന് കണ്ട് അത്ഭുതം തോന്നുന്നു.'

ഒരു സ്ത്രീ പറഞ്ഞു: എനിക്ക് മക്കളുണ്ടായിരുന്നില്ല. മൂന്നു വർഷം മുമ്പേ ഒരു കുട്ടി ഉണ്ടായി. അവന്റെ ബുദ്ധി വളരുന്നുണ്ടായിരുന്നില്ല. ഞാൻ ഹുദൂറിനോടു ദുആയ്ക്ക് അപേക്ഷിച്ചിരുന്നു. അപ്പോൾ ഹുദൂർ പറഞ്ഞു:'അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.'

ഒരു അനഹ്മദി സുഹൃത്ത് മാഹിർ സാഹിബ് തന്റെ ഭാര്യയോടൊപ്പം സ്വന്തം ചെലവിൽ ജൽസയിൽ പങ്കെടുത്തു. അദ്ദേഹം പറഞ്ഞു: 'ഇവിടെ എത്രമാത്രം അതിഥികളുടെ കാര്യങ്ങൾ നോക്കുകയും അവരോടു നല്ല രീതിയിൽ പെരുമാറുകയും ചെയ്യുന്നുവോ യാഥാർഥ്യം പറയട്ടെ ഇവർ ഞങ്ങളോടു തറയിൽ കിടക്കാൻ പറഞ്ഞാലും ഭക്ഷണത്തിന് ഉണക്കറൊട്ടിമാത്രമേ ഉള്ളൂവെന്ന് പറഞ്ഞാലും ഞങ്ങൾക്കതിൽ ഒരു പരാതിയുമുണ്ടാകുകയില്ല. കാരണം ലോകത്തെങ്ങുമില്ലാത്ത സ്നേഹവും സന്തോഷവുമാണ് ഞങ്ങൾക്ക് ഇവിടെനിന്നു കിട്ടിയത്.'

ഒരു അഹ്മദി സുഹൃത്ത് ഹുദൂറിന്റെ സന്നിധിയിൽ തന്റെ മോതിരം അനുഗ്രഹദായകമാക്കാൻ നല്കി. ഹുദൂർ അയ്യദഹുല്ലാഹ് ആ മോതിരം തന്റെ വിരലിൽ അണിയുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മോതിരവുമായി സ്പർശിച്ചതിനുശേഷം ആ സുഹൃത്തിന് മടക്കി നല്കുകയും ചെയ്തു.

ബോസ്നിയൻ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 6.40 വരെ തുടർന്നു. സംഘത്തിലെ അംഗങ്ങൾ ഓരോരുത്തരായി ഹുദൂറുമൊത്ത് ഫോട്ടോ എടുത്തു. പിന്നീട് ഹുദൂർ അയ്യദഹുല്ലാഹ് വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി. (ബദ്ർ ഉർദു ആഴ്ചപ്പതിപ്പ് 2017 ഒക്ടോബർ 12–19)

## ന്യൂക്ലിയർ റേഡിയേഷനും പ്രതിരോധ ഹോമിയോ മരുന്നും

| | |
|---|---|
| *ആദ്യത്തെ ആഴ്ച* | **Carcinosin CM** |
| *രണ്ടാമത്തെ ആഴ്ച* | **Radium Bromide CM** |
| *മൂന്നാമത്തെ ആഴ്ച* | **Carcinosin CM** |
| *നാലാമത്തെ ആഴ്ച* | **Radium Bromide CM** |

12 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മുകളിൽ പറഞ്ഞ പ്രകാരംതന്നെ 1M –ൽ കൊടുക്കുക. അല്ലാഹു എല്ലാ അഹ്മദികളേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ആമീൻ

## കലാമുൽ ഇമാം:–

**"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തു കൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."**
**(മൽഫൂദാത്ത്, വാള്യം 5, പേജ് 96).**

**ത്വാലിബെ ദുആ:**
**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

## കലാമുൽ ഇമാം:–

**"ആരെയണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."**
**(മൽഫൂദാത്ത്, വാള്യം 5, പേജ് 104)**

**ത്വാലിബെ ദുആ:**
**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

# ഖുത്ബ ജുമുഅ

**നബി(സ)തിരുമേനിയുടെ ചില സ്വഹാബാക്കളുടെ ജീവിതവും അവരുടെ ആത്മാർഥതയുടേയും ആത്മാർപണസന്നദ്ധതയുടേയും ആരാധനകളിലെ അത്യാസക്തിയുടേയും ദൈവമാർഗത്തിൽ വരിച്ച ത്യാഗങ്ങളുടേയും ഉൽകൃഷ്ട സ്വഭാവങ്ങളുടേയും ഈമാൻ ദൃഢീകരിക്കുന്ന ചർച്ചയും അവരുടെ പരിശുദ്ധ മാതൃകകളെ സ്വായത്തമാക്കാൻ ജമാഅത്തിനോടുള്ള ഉപദേശവും.**

**ഹോളണ്ടിലെ ഫഹീം ഡൈഫൻ ഫോളർ സാഹിബിന്റെ ഭാര്യ അരീശാ ഡൈഫൻ സാഹിബയുടെ വഫാത്ത്, അനുസ്മരണം**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

**ഖുത്ബ ജുമുഅ 2017 ഡിസംബർ 22/1396 ഫത്ഹ് 22**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഞാൻ സഹാബത്ത് രിള്വാനുല്ലാഹി അലയ്ഹിമിന്റെ മഹത്വവും അവരുടെ അനുഗ്രഹങ്ങളും അവരുടെ മാതൃകയും ആധാരമാക്കിയാണ് കഴിഞ്ഞ ഖുത്ബ നിർവഹിച്ചിരുന്നത്. അതിൽ ചില സഹാബാക്കളുടെ ജീവിത അവസ്ഥകളും വിവരിച്ചിരുന്നു. എന്നാൽ അധികം വിവരിക്കാൻ ആഗ്രഹിച്ചിരുന്നെങ്കിലും സമയപരിധി കാരണം അതിന് സാധിച്ചില്ല. പിന്നീട് ഞാൻ കരുതിവെച്ചിരുന്ന നോട്ട്സ് എങ്കിലും വിവരിക്കേണ്ടതായിരുന്നുവെന്ന് ചിലയാളുകളുടെ കത്തുകളിൽ നിന്ന് എനിക്ക് മനസിലായി. കാരണം അതുമുഖേന സഹാബത്തിന്റെ അവസ്ഥകളെ കുറിച്ചുള്ള ഗ്രാഹ്യവും അവരുടെ ത്യാഗങ്ങളെ കുറിച്ചുള്ള അറിവും അവരുടെ മാതൃകകൾ സ്വയത്തമാക്കുന്നതിലേക്കുള്ള ശ്രദ്ധയും ജനിക്കുന്നതാണ്. അത്കൊണ്ട് തന്നെ ഇന്നും ഇതേ വിഷയത്തെ ആസ്പദമാക്കി വീണ്ടും വിവരിക്കുകയാണ്.

നബി (സ) തിരുമേനിയുടെ ഒരു ശ്രേഷ്ഠനായ സഹാബിയായിരുന്നു അബൂ ഉബയ്ദ ബിൻ ജറാഹ്. ഒരു സഹാബി എന്ന നിലയിൽ തീർച്ചയായും അദ്ദേഹത്തിന് ഒരു സ്ഥാനം ഉണ്ടായിരുന്നു. അദ്ദേഹം വളരെയധികം പ്രത്യേകതകൾക്ക് ഉടമയായിരുന്നു. എന്നാൽ, അദ്ദേഹത്തിന് നബി (സ) തിരുമേനി നല്കിയ അമീൻ (വിശ്വസ്തൻ) എന്ന സ്ഥാനപേരിനെ സംബന്ധിച്ച് നിവേദനത്തിൽ വരുന്നത് ഇപ്രകാരമാണ്, ഒരിക്കൽ നജറാനിൽ നിന്ന് വന്ന ഒരു സംഘം, നികുതി പിരിക്കുന്നതിനായി ആരെയെങ്കിലും നജറാനിലെ ആളുകളുടെ അടുത്തേയ്ക്ക് അയക്കണമെന്ന് പറഞ്ഞപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: ഞാൻ തീർച്ചയായും നിങ്ങളുടെ സമീപത്തേയ്ക്ക് വിശ്വസ്തനായ ഒരു വ്യക്തിയെതന്നെ അയക്കുന്നതാണ്. അദ്ദേഹം തികച്ചും അമീൻ (വിശ്വസ്തൻ) ആയിരിക്കും. അപ്പോൾ ആരാണ് നബി(സ) തിരുമേനി പറഞ്ഞ മഹനീയ സ്ഥാനം അലങ്കരിക്കുന്ന വ്യക്തിയെന്നറിയാൻ സ്വഹാബത്ത് കഴുത്ത് ഉയർത്തി നോക്കാൻ തുടങ്ങി. നബി (സ) പറഞ്ഞു: അബൂ ഉബയ്ദ എഴുന്നേറ്റ് നില്ക്കുക. അങ്ങനെ അബൂ ഉബയ്ദയെ അവിടേയ്ക്ക് അയക്കുവാൻ നിർദ്ദേശം നല്കി."(സ്വഹീഹുൽ ബുഖാരി കിതാബുൽ മഗാസി ബാബു ഖിസ്സ്വത്തി അഹ്ലു നജ്റാൻ ഹദീഥ് 4380)

അദ്ദേഹത്തെ കുറിച്ചുള്ള നബി(സ) തിരുമേനിയുടെ ഒരു ഉത്തരവ്, ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നതായി ഇങ്ങനെ കാണാം, നബി(സ)തിരുമേനി പറഞ്ഞു: 'എല്ലാ സമുദായത്തിലും ഒരു അമീൻ (വിശ്വസ്തൻ) ഉണ്ട്. എന്റെ സമുദായത്തിലെ അമീൻ ഉബയ്ദത്തുബ്നു ജറാഹ് ആണ്.'(സ്വഹീഹുൽ ബുഖാരി കിതാബുൽ മനാഖിബ്, ബാബു മനാഖിബു അബൂഉബയ്ദത്തുബ്നുൽ ജറാഹ്, ഹദീഥ് 3744) എത്ര മഹനീയ സ്ഥാനമാണ് അദ്ദേഹത്തിന് നബി(സ) തിരുമേനി നല്കിയത്..

നബി(സ)അദ്ദേഹത്തിന് നല്കിയനുഗ്രഹിച്ച എത്ര വലിയ ബഹുമതിയാണിത്? ഉഹുദ് യുദ്ധത്തിൽ നടന്ന അദ്ദേഹത്തിന്റെ ഒരു സംഭവം ലഭിക്കുന്നുണ്ട്. അത് അദ്ദേഹത്തിന് ഒരു മഹത്തായ സ്ഥാനം പ്രദാനം ചെയ്യുന്നു.

ഉഹുദ് യുദ്ധത്തിൽ ആദ്യം മുസ്ലിംകൾ ജയിച്ചു. പിന്നീട് ഒരു സ്ഥലം ഉപേക്ഷിച്ച കാരണത്താൽ അവിശ്വാസികൾ വീണ്ടും ആക്രമണം നടത്തി. ഇസ്ലാമികശത്രുപക്ഷത്തുനിന്ന് കഠിനമായനിലയിൽ ആക്രമണം ഉണ്ടായിക്കൊണ്ടിരുന്നു. യുദ്ധത്തിന്റെ മുഖച്ഛായ മാറിയപ്പോൾ വീണ്ടും അവർ കല്ലെറിയാൻ തുടങ്ങി. നബി(സ) തിരുമേനിയേയും അവർ കല്ലെറിഞ്ഞു. ആ മഹാത്മാവിന് ഗുരുതരമായ പരിക്കേറ്റു. മുഖത്ത് ധരിച്ചിരുന്ന ഇരുമ്പുതൊപ്പിയുടെ രണ്ട് കൊളുത്ത് നബിയുടെ മുഖത്ത് തുളച്ചുകയറി. ഹദ്റത്ത് അബൂ ഉബയ്ദ(റ), നബി(സ)തിരുമേനിയുടെ കവിളിൽനിന്ന് ആ കമ്പി പുറത്തെടുത്തു. ഹദ്റത്ത് അബൂബക്കർ(റ) നിവേദനം ചെയ്യുന്നു: ആദ്യം ഒരു കൊളുത്ത് അദ്ദേഹം തന്റെ പല്ലുകൾ കടിച്ചുപിടിച്ചു ശക്തമായി വലിച്ചു. അത് ഉള്ളിലേക്ക് തറഞ്ഞിരിക്കുകയായിരുന്നു. അത് പുറത്തുവന്നു. പക്ഷേ, എത്രമാത്രം ശക്തി ചെലുത്തേണ്ടിവന്നുവെന്നാൽ ആ കൊളുത്തു പുറത്തുവന്നതോടെ വലിയുടെ ശക്തിയാൽ അബൂ ഉബയ്ദ പിന്നാക്കം വീണു. അതിനോടൊപ്പം അദ്ദേഹത്തിന്റെ മറ്റേ പല്ലും പൊട്ടിപ്പോയി. പിന്നീട് അദ്ദേഹം രണ്ടാമത്തെ ആണിയും അതുപോലെതന്നെ പല്ലുകൾകൊണ്ട് കടിച്ചുപിടിച്ച് വലിച്ചു. അപ്പോൾ അവിടത്തെ രണ്ടാമത്തെ പല്ലും പൊട്ടിപോയി. ആദ്യത്തെപോലെതന്നെ അദ്ദേഹം പിന്നാക്കം വീണു. നബി(സ) തിരുമേനിയുടെ അനുഗൃഹീതമുഖത്ത് ആഴത്തിൽ മുറിവുണ്ടായി. ഇതാണ് ആ സ്നേഹത്തിന്റെ സംഭവം. അത് അവസാനകാലംവരെ ജീവനോടെ നിലനില്ക്കുന്നതാണ്. ആ നേരത്ത് ആളുകൾ പറയാറുണ്ടായിരുന്നു. നിവേദനത്തിൽ വന്നിരിക്കുന്നു. മുമ്പിലെ രണ്ട് പല്ലുകൾ പൊട്ടിപോയ അബൂ ഉബൈദായിൽ കണ്ട സൗന്ദര്യം ഞങ്ങൾ ഒരു മനുഷ്യരിലും ഒരിക്കലും കണ്ടിട്ടില്ല." (അത്ത്വബഖാത്തുൽ കുബ്റ, ലിഇബ്നു സഅ്ദ് വാള്യം 3 പേജ് 218, മിൻ ബനീ ഫഹറുബ്നു മാലിക്...അബൂ ഉബയ്ദത്തുബ്നു അൽജറാഹ് ദാറു അഹ്യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

പൊതുവെ പല്ല് പൊട്ടിപ്പോകുന്നതുകൊണ്ട് രൂപത്തിൽ ചില വ്യത്യാസങ്ങൾ ഉണ്ടാകാറുണ്ട്. പക്ഷേ, പറയുന്നു, അദ്ദേഹത്തിന്റെ പല്ല് പൊട്ടിയിട്ടും അദ്ദേഹത്തിന്റെ സൗന്ദര്യത്തിൽ വർധനയാണുണ്ടായത്. അദ്ദേഹത്തിന്റെ ലാളിത്യവും, പരസ്പര സഹകരണവും, ഭരണനടപടി ക്രമീകരണത്തിന് ഉതകുന്ന ഒരു സംഭവവും ഇത്തരത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ഒരു യുദ്ധത്തിനായി നബി(സ) തിരുമേനി അംറുബ്നു ആസിനെ സൈന്യാധിപനായി നിയോഗിച്ച് കൊണ്ട് അയച്ചു. എന്നാൽ, അവിടെ എത്തിയപ്പോഴാണ് ശത്രുക്കളുടെ അംഗബലം അധികമാണെന്ന് മനസിലായത്.അദ്ദേഹത്തിന്റെ സേനയിൽ അധികവും ഗ്രാമീണരായ അറബികളായിരുന്നു. വലിയ സഹാബാക്കൾ കുറവായിരുന്നു. അതിനാൽ ഹദ്റത് അംറുബ്നു ആസ് കൂടുതൽ സഹായം ആവിശ്യപ്പെട്ടു. അപ്പോൾ നബി (സ) തിരുമേനി ഹദ്റത്ത് അബൂ ഉബൈദായുടെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയച്ചു. നബി (സ) തിരുമേനി അബൂ ഉബൈദയെ ഉപദേശിച്ച് കൊണ്ട് പറഞ്ഞു: രണ്ട് അമീർമാരും പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുക. എ്ന്നാൽ ഈ സൈന്യം സഹായത്തിനായി വന്നത് കൊണ്ട് തന്റെ കീഴിലാണെന്ന് കരുതിയ അംറുബ്നു ആസ്, അബൂ ഉബൈദായുടെ സേനയ്ക്ക് നേരിട്ട് നിർദ്ദേശങ്ങൾ നല്കാൻ തുടങ്ങി. തദവസരത്തിൽ യാതൊരു വാക്ക്തർക്കത്തിനും മുതിരാതെ, അബൂ ഉബൈദ പറഞ്ഞു: നബി(സ) എന്നെ ഒരു സ്വതന്ത്ര്യനായ അമീർ എന്ന നിലയ്ക്കാണ് നിയോഗിച്ചത്. എന്നാൽ അതിനോടൊപ്പം പരസ്പരം സഹകരണത്തിനും നിർദേശം നല്കുകയുണ്ടായി. അതുകൊണ്ട് താങ്കൾ എന്റെ കാര്യം അംഗീകരിക്കുകയോ അംഗീകരിക്കാതിരിക്കുകയോ ചെയ്താലും ശരി, എന്റെ ഭാഗത്ത് നിന്ന് താങ്കൾക്ക് എപ്പോഴും സഹകരണം ലഭിക്കുന്നതാണ്. ഞാൻ എല്ലാ കാര്യത്തിലും താങ്കളുടെ നിർദേശം അംഗീകരിക്കുന്നതാണ്.(അൽഅസ്വാബ ഫീ തമീസിസ്സ്വഹാബ വാള്യം 3, പേജ് 477, ആമിറുബനു അബ്ദുല്ലാഹ് ബിൻ അ്ൽജറാഹ് ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005)

അതായത് അതിസൂക്ഷ്മമായ അവസരത്തിൽ ശരിയായ തീരുമാനം എടുത്ത് മുസ്ലിം ശക്തിയെ പ്രബലപ്പെടുത്തുന്നതിനായി തന്റെ അധികാരത്തേയും മാറ്റി നിറുത്തുക. ഈ പരസ്പര സഹകരണത്തിനാണ് മുസ്ലിംകളെ ഇന്ന് ഒരു മഹാശക്തിയാക്കി മാറ്റാൻ കഴിയുന്നത്. അഹോ കഷ്ടം! മുസ്ലിം നേതാക്കന്മാർക്കും ഇത്രമാത്രമെങ്കിലും സഹകരിക്കാനുള്ള ബുദ്ധി ഉണ്ടായിരുന്നെങ്കിൽ!.

ഭരണത്തെ നീതിയോടുകൂടി മുന്നോട്ടുകൊണ്ടുപോകുകയും ശത്രുവിനെ തന്റെ വരുതിയിൽ കൊണ്ടുവരികയും എന്നതിനുള്ള ഉദാഹരണവും ഹദ്റത്ത് അബൂ ഉബയ്ദ(റ)യുടെ സത്തയിൽനിന്നുതന്നെയാണ് കിട്ടുന്നത്. റോമിലെ രാജാവ് രാജ്യം മുഴുവനുമുള്ള സൈനികരെ ഒരുമിച്ചുകൂട്ടി മുസ്ലിംകൾക്കെതിരിൽ പടപൊരുതാൻ അയച്ച

പ്പോൾ മുസ്‌ലിംകളുടെ സൈന്യാധിപൻ അബൂ ഉബയ്ദയായിരുന്നു. മുസ്‌ലിംകൾക്ക് ആദ്യം വിജയങ്ങൾ ഉണ്ടായിരുന്നു. മുസ്‌ലിംകൾ പ്രദേശങ്ങൾ പിടിച്ചടക്കിയിരുന്നു. പിന്നീട് ഒരു വലിയ സൈന്യത്തെ റോം രാജാവ് അയച്ചു. ക്രിസ്ത്യാനികളുടെ വളരെയധികം പ്രദേശങ്ങളും നഗരങ്ങളും മുസ്‌ലിംകൾ പിടിച്ചടക്കിയിരുന്നു. ഹദ്‌റത്ത് അബൂ ഉബയ്ദ(റ) ജേർണൽമാരുമായി കൂടിയാലോചിച്ചതിനുശേഷം മുസ്‌ലിംകൾ പിടിച്ചടക്കിയിട്ടുള്ള ചില നഗരങ്ങൾ ഇപ്പോൾ വിട്ടുകൊടുക്കുന്നതാണെന്ന് തങ്ങൾക്ക് നല്ലതെന്ന യുക്തിപരമായ തീരുമാനം എടുത്തു. പക്ഷേ, ഈ വിജയത്തിനുശേഷം അവിടത്തെ അമുസ്‌ലിം വാസികളിൽനിന്ന് കരം വസൂലാക്കിക്കഴിഞ്ഞിരുന്നു. അദ്ദേഹം അത് ഇപ്പോൾ നിങ്ങളെ സംരക്ഷിക്കാൻ തങ്ങൾക്ക് കഴിയുകയില്ലെന്ന് പറഞ്ഞ് മടക്കിനല്കി; നിങ്ങളോടുള്ള കടമ നിറവേറ്റാൻ സാധ്യമല്ല. അതുകൊണ്ട് ഞങ്ങൾ നിങ്ങളോട് വാങ്ങിയ ഈ തുക തിരിച്ചുതരുന്നു. അങ്ങനെ ജയിച്ചടക്കിയ പ്രദേശത്തെ ആളുകളുടെ ലക്ഷക്കണക്കിന് തുക മടക്കിനല്കി. ഈ നീതിയും വിശ്വസ്തതയും അമുസ്‌ലിംകളെ വല്ലാതെ സ്വാധീനിച്ചു. തദ്ദേശവാസികളായ ക്രിസ്ത്യാനികൾ കരഞ്ഞും വിലപിച്ചുംകൊണ്ടാണ് മുസ്‌ലിംകളെ യാത്രയാക്കിയത്. ദൈവം നിങ്ങളെ വീണ്ടും തിരിച്ചുകൊണ്ടുവരട്ടെ എന്ന് അവർ ദുആ ചെയ്തു.” (സയ്‌റുസ്സ്വഹാബാ, വാള്യം 2, പേജ് 129, സീറത്തു അബൂഉബയ്ദത്തുബ്നു അൽജർറാഹ് ദാറുൽ ഇശാഅത്ത് കറാച്ചി 2004)

ആർക്കും മുമ്പേ സങ്കല്പിക്കാൻപോലും സാധിക്കാതിരുന്നതും ഇപ്പോഴും സാധിക്കാത്തതുമായ നീതിന്യായത്തിന്റെ നിലവാരം നബി(സ)തിരുമേനിയുടെ സഹവാസത്തിൽനിന്ന് സ്ഥാപിച്ച ആളുകളായിരുന്നു അവർ. ഇന്ന് ലോകത്തിന്റെ സമാധാനത്തിന്റെ ജാമ്യം ഈ നീതിയും ന്യായവും അമാനത്തിന്റെ കടമ നിറവേറ്റുന്നതിലൂടെയുമാണ് പൂർത്തിയാകുക. അതല്ലാതെ വലിയ ഭരണകൂടങ്ങൾ ചെറിയ ഭരണകൂടങ്ങളിൽ നിർബന്ധം ചെലുത്തി, തങ്ങളുടെ ഇഷ്ടപ്രകാരം നടക്കുക, തങ്ങൾക്കെതിരിൽ നടന്നാൽ നടപടി ഉണ്ടാകുമെന്ന ഭീഷണിപ്പെടുത്തലല്ല വേണ്ടത്. അധിക മുസ്‌ലിം രാജ്യങ്ങളും പൊതുജനങ്ങളിൽ നിന്ന് നികുതി ഈടാക്കുന്നു. എന്നിട്ട് അവരുടെമേൽ ചെലവഴിക്കുന്നതിനുപകരം സ്വന്തം ഖജനാവുകളാണ് അധിക നേതാക്കന്മാരും നിറച്ച് കൊണ്ടിരിക്കുന്നത്. നബിയോടും സ്വഹാബത്തിനോടുമുള്ള സ്നേഹത്തിന്റെയും മുദ്രവാക്യങ്ങൾ വാതോരാതെ മുഴക്കുകയും ചെയ്യുന്നു.

പിന്നെ ഹദ്‌റത്ത് അബ്ബാസ്(റ) ആണ്. അദ്ദേഹം നബി(സ) തിരുമേനിയുടെ പിതൃവ്യനായിരുന്നു. ദാനശീലത്തിലും ചാർച്ചയെ ചേർക്കുന്നതിലും വളരെ പ്രശസ്തനായിരുന്നു. നബി(സ) തിരുമേനി പറഞ്ഞു: ‘അബ്ബാസ് ഖുറയ്ശികളിൽ വച്ച് ഏറ്റവും കൂടുതൽ ദാനശീലനും ചാർച്ചയെ ചേർക്കുന്ന വ്യക്തിയുമാണ്. ഈ കാര്യം കേട്ട ഹദ്‌റത്ത് അബ്ബാസ്(റ) 70 അടിമകളെ മോചിപ്പിച്ചു.’(അസ്ദുൽ ഗാബ, വാള്യം 3 പേജ് 62 അബ്ബാസുബ്നു അബ്ദിൽ മുത്ത്വലിബ് ദാറുൽ ഫിക്ർ ബേറൂത്ത് 2003)

അതായിരുന്നു ആ ആളുകളുടെ ദാനശീലത്തിന്റെ നിലവാരം.

ഇനി നബി(സ)തിരുമേനിയുടെ പിതൃവ്യപുത്രനായ ഹദ്‌റത്ത് ജഅ്ഫർ(റ)ആണ്. അദ്ദേഹം ഹദ്‌റത്ത് അലി(റ)ന്റെ സ്വന്തം സഹോദരനായിരുന്നു. അദ്ദേഹത്തിനും പ്രാരംഭകാലത്ത് ഇസ്‌ലാം സ്വീകരിക്കാനുള്ള സൗഭാഗ്യം ലഭിച്ചിരുന്നു. മക്കയിലെ അവസ്ഥ കാരണം അദ്ദേഹത്തിന് ഹബ്ശയിലേയ്ക്ക് ഹിജറ ചെയ്യേണ്ടതായി വന്നു. മക്കയിലുള്ളവർ ഈ കാര്യം മനസിലാക്കിയപ്പോൾ, തങ്ങളുടെ രണ്ട് നേതാക്കന്മാരെ സമ്മാനങ്ങളും മറ്റും നല്കി അവർ ഹബ്ശയിലേയ്ക്ക് അയച്ചു. അവിടെയുള്ള നേതാക്കന്മാർക്കും മറ്റും ഉപഹാരങ്ങൾ നല്കികൊണ്ട് ‘തങ്ങളുടെ ചില പക്വതയില്ലാത്ത യുവാക്കൾ തങ്ങളുടെ ദീൻ ഉപേക്ഷിച്ച് നിങ്ങളുടെ രാജ്യത്ത് എത്തി ചേർന്നിട്ടുണ്ടെന്നും നിങ്ങളുടെ മതവും അവർ സ്വീകരിച്ചിട്ടില്ലെന്നും മറിച്ച് തികച്ചും പുതിയ മതമാണ് അവർ സ്വീകരിച്ചിരിക്കുന്നതെന്നുമുള്ള സന്ദേശവും കൊടുത്താണ് വിട്ടത്.

അങ്ങനെ നജ്ജാശി മക്കയിലെ അവിശ്വാസികളുടെ വാക്കുകൾ കേട്ട് മുസ്‌ലികളെ തന്റെ ദർബാറിലേയ്ക്ക് വിളിപ്പിച്ചു. തങ്ങളോട് എന്ത് പെരുമാറ്റമാണ് ഉണ്ടാവുക എന്ന് ചിന്തിച്ച് മുസ്‌ലിംകൾ വലിയ പരിഭ്രമത്തിലായിരുന്നു. നജ്ജാശി അവരോട് ചോദിച്ചു: ‘ഞങ്ങളുടെ മതമോ അതായത് ക്രിസ്തുമതം മുമ്പേയുള്ളവരുടെ മതമോ സ്വീകരിക്കാതെ നിങ്ങൾ സ്വന്തം മതം ഉപേക്ഷിക്കാൻ കാരണം എന്താണ്?’ ഹദ്‌റത്ത് ജഅ്ഫർ(റ) തദവസരത്തിൽ മുസ്‌ലികളെ പ്രതിനിധാനം ചെയ്തു പറഞ്ഞു: ‘അല്ലയോ രാജാവേ! ഞങ്ങൾ അജ്ഞരായ സമൂഹമായിരുന്നു. വിഗ്രഹങ്ങളെ ആരാധിച്ചിരുന്നു. ശവം അന്നമാക്കിയിരുന്നു. ദുർവൃത്തികൾ ചെയ്തിരുന്നു. ബന്ധുക്കളോട് അപമര്യാദയായി പെരുമാറുക എന്നത് ഞങ്ങളുടെ ശൈലി ആയിരുന്നു. ഞങ്ങളിലെ കരുത്തന്മാർ ദുർബലരെ അടിച്ചമർത്തിയിരുന്നു. ഈ അവസ്ഥയിൽ അല്ലാഹു ഞങ്ങളിൽ അവന്റെ ഒരു റസൂലിനെ നിയോഗിച്ചു. അദ്ദേഹത്തിന്റെ കുലീനതയേയും സത്യസന്ധതയേയും വിശ്വസ്തതയേയും പരിശുദ്ധിയേയും കുടുംബമഹിമയേയും സംബന്ധിച്ച് ഞങ്ങൾക്ക് നല്ല ഗ്രാഹ്യമുണ്ടായിരുന്നു. അദ്ദേഹം ഞങ്ങളെ അല്ലാഹുവിന്റെ തൗഹീദിലേയ്ക്കും ആരാധനയിലേയ്ക്കും ക്ഷണിച്ചു. അല്ലാഹുവിനോട് ഒന്നും പങ്ക് ചേർക്കരുതെന്നും വിഗ്രഹങ്ങളെ ആരാധിക്കരുതെന്നുമുള്ള അധ്യാപനം നല്കി. അദ്ദേഹം ഞങ്ങൾക്ക് സത്യസന്ധത, വിശ്വസ്തത, സഹാനുഭൂതി, അയൽവാസികളോടുള്ള സൽപെരുമാറ്റം എന്നിങ്ങനെ കല്പന നൽകുകയും വ്യർഥമായകലഹം, രക്തച്ചൊരിച്ചിൽ എന്നിവയിൽ നിന്ന് തടയുകയും ചെയ്തു. ലജ്ജാകരമായ പ്രവൃത്തികളിൽ നിന്ന് രക്ഷപെടാൻ നിർദേശിച്ചു. കളവ് പറയുന്നതിനേയും അനാഥരുടെ ധനം ഭക്ഷിക്കുന്നതിനേയും പരിശുദ്ധരുടെമേൽ അപവാദം പറയുന്നതിനേയും നിരോധിച്ചു. ഏകദൈവത്തെ ആരാധിക്കുവാൻ ഞങ്ങൾക്ക് കല്പന നല്കി. ഞങ്ങൾ അദ്ദേഹത്തെ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ നിർദേശങ്ങൾ അനുസരിച്ച് പ്രവൃത്തിക്കുകയും ചെയ്തു തുടങ്ങി. ഈ കാരണത്താൽ ഞങ്ങളുടെ സമൂഹം ഞങ്ങൾക്ക് എതിരാകുകയും ഞങ്ങൾക്ക് ബുദ്ധിമുട്ടുകൾ നല്കി പ്രയാസത്തിൽ അകപ്പെടുത്തുകയും ചെയ്തു. അതിന്റെ പരിധികൾ ലംഘിച്ചപ്പോൾ ഞങ്ങൾ സ്വന്തം നാട് ഉപേക്ഷിച്ച് അങ്ങയുടെ അഭയത്തിൽ എത്തിയിരിക്കുകയാണ്. കാരണം അങ്ങയുടെ ന്യായവും നീതിയും ഞങ്ങൾ കേട്ടിട്ടുണ്ട്. അല്ലയോ രാജാവേ! ഞങ്ങൾ പ്രതീക്ഷിക്കുന്നത്, ഈ രാജ്യത്ത് ഞങ്ങളുടെമേൽ അന്യായം ഉണ്ടാകുകയില്ലെന്നാണ്. നജ്ജാശി ഈ കാര്യങ്ങളിൽ വളരെയധികം സ്വാധീനിക്കപ്പെട്ടു. പറഞ്ഞു: ‘പ്രവാചകന്റെമേൽ അവതരിച്ച വചനങ്ങളിൽനിന്ന് ചിലത് എന്നെ കേൾപ്പിക്കുക.’ അപ്പോൾ അദ്ദേഹം സൂറ മർയമിലെ ചില ആയത്തുകൾ പാരായണം ചെയ്തു. മധുരമായ ഈണത്തിൽ പാരായണം ചെയ്ത് കേട്ട നജാശി കരയാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: അല്ലാഹു സത്യം! ഈ വചനങ്ങളും മൂസയ്ക്ക് അവതരിച്ച വചനങ്ങളും ഒരേ ഉറവയിൽ നിന്നുള്ളതാണെന്നാണ് എനിക്ക് മനസിലാകുന്നതു. മക്കയിൽ നിന്ന് വന്ന പ്രതിനിധികളോട് പറഞ്ഞു: ഞാൻ നിങ്ങൾക്ക് ഈ ആളുകളെ തിരികെ നല്കുകയില്ല. ഇനി അവർ ഇവിടെ താമസിക്കുന്നതാണ്. മക്കയിൽ നിന്ന് വന്ന പ്രതിനിധികൾ പരസ്പര ധാരണയോടെ നജ്ജാശിയോട് പറഞ്ഞു: ‘ഈ ആളുകൾ ഈസായെ ക്രിസ്ത്യാനികളുടെ വിശ്വാസപ്രകാരമല്ല അംഗീകരിക്കുന്നത്. അവർ അദ്ദേഹത്തിന്റെ സ്ഥാനം ഇകഴ്ത്തിയിരിക്കുന്നു. രാജാവ് വീണ്ടും മുസ്‌ലികളെ വിളിപ്പിച്ചു. ഹദ്‌റത്ത് ഈസായെ സംബന്ധിച്ചുള്ള വിശ്വാസത്തെ സംബന്ധിച്ച് ആരാഞ്ഞു. അതിൽ ജഅ്ഫർ പറഞ്ഞു: ഇതിനെ കുറിച്ച് ഞങ്ങളുടെ നബിയിൽ അവതരിച്ചത് ഇപ്രകാരമാണ്, ഈസാ അല്ലാഹുവിന്റെ ദാസനും അവന്റെ ദൂതനുമാണ്, അല്ലാഹു കന്യാമർയത്തിന് അദ്ദേഹത്തെ നല്കി. നജ്ജാശി താഴെ നിന്ന് ഒരു കച്ചിതുരുമ്പ് എടുത്ത് കാണിച്ചുകൊണ്ട് പറഞ്ഞു: 'നിങ്ങൾ വിവരിച്ച ഈസാ(അ)ന്റെ സ്ഥാനത്തേക്കാൾ ഇത്ര വലുപ്പംപോലും അധികമുള്ളതായി ഞാൻ മനസലാക്കുന്നില്ല.’ മുസ്‌ലികളോട് പറഞ്ഞു: ‘നിങ്ങൾക്ക് ഇവിടെ പൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കും.’ (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 1 പേജ് 539–541 മുസ്നദ് ജഅ്ഫറുബ്നു അബീത്വാലിബ് ഹദീഥ് 1740, ആലമുൽ ഖുത്ബ് ബേറൂത്ത് 1998)

അദ്ദേഹത്തിന്റെ യുക്തിനിർഭരമായ പെരുമാറ്റവും വിവേകജ്ഞാനവുമാണ് മുസ്‌ലിംകൾക്ക് അവിടെ താമസിക്കാനുള്ള സൗകര്യമൊരുക്കിയത്.

മറ്റൊരു സ്വഹാബിയായിരുന്നു മുസ്അബ് ബിൻ ഉമയ്ർ(റ). അദ്ദേഹത്തിന്റെ മാതാവ് വലിയ ധനികയും സമ്പന്നയുമായിരുന്നു. അവരുടേത് വലിയ ആഢംബര ജീവിതമായിരുന്നു. മുന്തിയ വസ്ത്രങ്ങളായിരുന്നു അവർ ധരിച്ചിരുന്നത്. മുസ്അബ് ഒരു സുന്ദരനായ യുവാവായിരുന്നു.’(അത്ത്വബഖാത്തുൽ കുബ്റ, ലിഇബ്നു സഅ്ദ് വാള്യം 3 പേജ് 62, മുസ്അബുബ്നു ഉമയ്ർ, ദാറു അഹ്‌യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996).

സഅദ് ബിൻ അബീ വഖാസ് പറയുന്നു: ‘ഹദ്‌റത്ത് മുസ്അബിനെ അദ്ദേഹത്തിന്റെ ഐശ്വര്യകാലഘട്ടത്തിലും ഞാൻ കണ്ടിട്ടുണ്ട് മുസ്‌ലിമായതിനുശേഷവും കണ്ടിട്ടുണ്ട്. അദ്ദേഹം ദൈവവഴിയിൽ വലിയ ദുഃഖം സഹിച്ചു. സഅദ് പറയുന്നു: വലിയ ഐശ്വര്യസമ്പൂർണമായ സാഹചര്യത്തിൽ വളർന്ന ആ ചെറുപ്പക്കാരന്റെ ശരീരത്തിൽനിന്ന് പീഢനങ്ങൾ കാരണത്താൽ പാമ്പ് പടം പൊഴിക്കുന്നതുപോലെ തൊലി ഉതിർന്ന് വീഴുന്നത് ഞാൻ കണ്ടിട്ടുണ്ട്.’ (അസ്ദുൽ ഗാബ, വാള്യം 4 പേജ് 388 മുസ്അബ് ബിൻ ഉമയ്ർ(റ) ദാറുൽ ഫിക്ർ ബേറൂത്ത് 2003)

ഒരു ദിവസം നബി(സ)തിരുമേനി മുസ്അബിനെ കണ്ടംവച്ച വസ്ത്രം ധരിച്ച് മജ്‌ലിസിലേയ്ക്ക് കയറി വരുന്നത് കണ്ടു. സ്വഹാബത്ത് അദ്ദേഹത്തിന്റെ അവസ്ഥ കണ്ട് തല താഴ്ത്തി. മജ്‌ലിസിൽ വന്ന് അദ്ദേഹം സലാം ചൊല്ലിയപ്പോൾ നബി(സ) തിരുമേനി ആദരവോടുകൂടി സലാമിന് മറുപടി നല്കി. ആ ധനികനായ വ്യക്തിയുടെ ആദ്യാവസ്ഥയും ഇപ്പോഴത്തെ അവസ്ഥയും കണ്ട് നബി (സ) തിരുമേനിയുടെ കണ്ണുകൾ നിറഞ്ഞു. അദ്ദേഹത്തിനെ ആശ്വസിപ്പിച്ച് കൊണ്ടു പറഞ്ഞു: അൽഹംദുലില്ലാഹ് ഭൗതികർക്ക് അവരുടെ ലോകം ലഭിച്ചു. ഞാൻ മുസ്അബിനെ അദ്ദേഹത്തെക്കാൾ വലിയ സമ്പന്നനായ ഒരു വ്യക്തിയും മക്കാ പട്ടണത്തിൽ ഇല്ലാത്ത കാലത്തും കണ്ടിരുന്നു. അദ്ദേഹം മാതാപിതാക്കൾക്ക് പ്രിയപ്പെട്ട മകനായിരുന്നു. അദ്ദേഹത്തിന് തിന്നുവാനും കുടിക്കുവാനും എല്ലാ മേൽത്തരം നിഅ്മത്തും യഥേഷ്ടം ലഭിച്ചിരുന്നു. എന്നാൽ, അല്ലാഹുവിന്റെ റസൂലിനോടുള്ള സ്നേഹം അദ്ദേഹത്തെ ഈ അവസ്ഥയിൽ എത്തിച്ചിരിക്കുന്നു. അദ്ദേഹം തന്റേതെല്ലാം അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ഉപേക്ഷിച്ചു. പിന്നീട് അല്ലാഹു അദ്ദേഹത്തി

ന്റെ മുഖത്തിന് പ്രകാശം നല്കി.'(അത്ത്വബഖാത്തുൽ കുബ്റ, ലിഇബ്നു സഅ്ദ് വാള്യം 3 പേജ് 62, മുസ്അബ് ബിൻ ഉമയ്ർ(റ), ദാറു അഹ്‌യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

മുസ്അബ് ബിൻ ഉമയ്ർ(റ)ന് തബ്ലീഗ് ചെയ്യാൻ നല്ല കഴിവായിരുന്നു. വലിയ മമതയോടെ തബ്ലീഗ് ചെയ്തിരുന്നു. താൻ തബ്ലീഗ് ചെയ്യുന്നവരോടേ അദ്ദേഹം പറയുന്നത്, ഇഷ്ടമുണ്ടെങ്കിൽ എന്റെ വാക്കുകൾ കേൾക്കുക ഇല്ലെങ്കിൽ കേൾക്കേണ്ടതില്ല, എഴുന്നേറ്റ് പോകാം എന്നായിരുന്നു. ഇത്തരത്തിൽ മദീനയിലെ അപരിചിതരിൽവരെ സത്യസന്ദേശം അദ്ദേഹം എത്തിച്ചു. അദ്ദേഹത്തിന്റെ തബ്ലീഗ് മുഖേന ഒരുപാട് ആളുകൾ മുസ്ലിമുകളായി.'(സീറത്ത് ഇബ്നു ഹിശാം, പേജ് 311, അൽഅഖ്ബത്തുൽ ഊലാ..... അസ്അദുബ്നു സർറാറ വ മുസ്ബുബ്നു ഉമയ്ർ, ......ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001) ).

ഹദ്റത്ത് സഅദ് ബിൻ റബീഅ് മറ്റൊരു അൻസ്വാരി സഹാബിയാണ്. മദീനയിൽ ഹിജ്റത്ത് ചെയ്തുവന്നതിനുശേഷം നബി(സ) ഹിജറ ചെയ്തുവന്നവരേയും(മുഹാജിർ) അവരെ സ്വീകരിച്ചവരേയും(അൻസ്വാർ) പരസ്പരം സഹോദരങ്ങളാക്കി. സഅദ് ബിൻ(റ)ന് സഹോദരനായി കിട്ടിയത് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിനെയായിരുന്നു. അദ്ദേഹം ഇദ്ദേഹത്തേയും കൂട്ടി വീട്ടിൽപോയി. നല്ലവണ്ണം ആതിഥ്യം നല്കി. എന്നിട്ട് പറഞ്ഞു: 'ഈ സാഹോദര്യബന്ധം വർധിപ്പിക്കുന്നതിന് എന്റെ സ്വന്തം സ്വത്തിൽ പകുതി അങ്ങേയ്ക്ക് പകുത്ത് നല്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്.' പിന്നീട് ഇങ്ങനേയും പറഞ്ഞു:'എനിക്ക് രണ്ട് ഭാര്യമാരുണ്ട്. താങ്കൾ പറയുന്ന ഭാര്യയെ ഞാൻ ത്വലാക്ക് ചൊല്ലാം. താങ്കൾ അവരെ സ്വീകരിക്കുക.' ഹദ്റത്ത് അബ്ദുറഹ്മാൻ ബിൻ ഔഫും എത്രമാത്രം വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ സമ്പത്തും നിങ്ങളുടെ മുതലും നിങ്ങളുടെ ഭാര്യമാരും നിങ്ങൾക്ക് അനുഗ്രഹമായിരിക്കട്ടെ.' പറഞ്ഞു: 'ഞാൻ ഒരു കച്ചവടക്കാരനാണ്. സ്വന്തമായി ജീവിച്ചുകൊള്ളാം. താങ്കൾ എനിക്ക് ബാസാറിലേക്കുള്ള വഴി പറഞ്ഞുതന്നാലും. താങ്കളുടെ വികാരങ്ങൾക്ക് ഞാൻ വളരെ നന്ദിയുള്ളവനാണ്.' (സ്വഹീഹുൽ ബുഖാരി, കിതാബുൽ മനാഖിബുൽ അൻസ്വാർ, ബാബ് അഖാഉന്നബിയ്യി(സ) ബയ്നൽ മുഹാജിരീന് വൽഅൻസ്വാർ ഹദീഥ് 3780–3781)

ഇപ്രകാരം അദ്ദേഹം കച്ചവടം ചെയ്തു. അദ്ദേഹം ഒരുകാലത്ത് വലിയ കച്ചവടക്കാരിൽ ഉൾപ്പെട്ടവനായി മാറി. ലക്ഷക്കണക്കിന് കോടിക്കണക്കിന് അദ്ദേഹത്തിന് വരുമാനമുണ്ടായി.

ഹദ്റത്ത് സഅ്ദ് ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. അതിൽ ശഹീദായി. അദ്ദേഹത്തെക്കുറിച്ച് എഴുതിയിരിക്കുന്നു ഉബയ്യുബ്നു കഅ്ബ് പറയുന്നു: 'നബി(സ)തിരുമേനി സഅദ് ബിൻ റബീഇനെക്കുറിച്ച് അന്വേഷിക്കാൻ ഉത്തരവിട്ടപ്പോൾ അദ്ദേഹത്തെ ശത്രുക്കളാൽ വലയം ചെയ്യപ്പെട്ട് യുദ്ധം ചെയ്യുന്നതാണ് ഞാൻ കണ്ടത്.' പറയുന്നു: 'ഞാൻ സഅദിനെ വിളിച്ചുകൊണ്ട് നടന്നു. സഅദ് വരെ എത്തിയപ്പോൾ കണ്ടത് അദ്ദേഹം ഗുരുതരമായി പരിക്കേറ്റ നിലയിൽ ഒരിടത്ത് വീണുകിടക്കുന്നതാണ്. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: എന്നെ നബി(സ) തിരുമേനി താങ്കളുടെയടുക്കലേക്ക് അയച്ചതാണ്. നബി(സ) തിരുമേനി താങ്കൾക്ക് സലാം അറിയിച്ചിരിക്കുന്നു; വിവരങ്ങൾ അന്വേഷിച്ചിരിക്കുന്നു. ഹദ്റത്ത് സഅദ് മറുപടിയായി പറഞ്ഞു: നബി(സ)തിരുമേനിക്ക് എന്റേയും സലാം പറയണം. എനിക്ക് അമ്പുകൾകൊണ്ടും കുന്തങ്ങൾകൊണ്ടും ഗുരുതരമായ പരിക്കേറ്റു എന്നു നബിയോട് പറയണം. ബാഹ്യമായി നോക്കുമ്പോൾ രക്ഷപ്പെടുമെന്ന് കാണുന്നില്ല. ഇങ്ങനെ പറയണം: യാ റസൂലുല്ലാഹ്! അല്ലാഹുവിന്റെ എത്രത്തോളം നബിമാർ മുമ്പേ കഴിഞ്ഞുകടന്നിട്ടുണ്ടോ അവരുടെ കണ്ണുകൾകൊണ്ട് അവരുടെ ജനത എത്രമാത്രം കുളിരണിഞ്ഞിട്ടുണ്ടോ അല്ലാഹു അവരേക്കാളുപരി അങ്ങയുടെ കണ്ണുകൾ ഞങ്ങളെക്കൊണ്ട് കുളിർമയുള്ളതാക്കട്ടെ. എന്റെ ജനതയോടു സലാം പറഞ്ഞതിനുശേഷം ഇങ്ങനെയും പറഞ്ഞുകൊടുക്കുക: അല്ലാഹുവിന്റെ റസൂൽ നിങ്ങളുടെ ഉള്ളിൽ ഉള്ളിടത്തോളംകാലം ആ അമാനത്തിനെ സംരക്ഷിക്കേണ്ടത് നിങ്ങളുടെ നിർബന്ധകടമയാണ്. ഓർമിക്കുക! ഒരാൾപോലും നിങ്ങളിൽ ജീവിച്ചിരിപ്പുണ്ടെങ്കിൽ ഈ അമാനത്തിന്റെ സംരക്ഷണത്തിൽ എന്തെങ്കിലും ന്യൂനത കാണിച്ചാൽ ഉയിർത്തെഴുന്നേല്പുനാളിൽ ദൈവസന്നിധിയിൽ നിങ്ങളുടെ ഒരു തന്ത്രവും വിലപ്പോവുകയില്ല. ഈ സന്ദേശം പറഞ്ഞുകൊണ്ട് അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു.' (അസ്ദുൽ ഗാബ, വാള്യം 2 പേജ് 214 സഅ്ദുബ്നുർറബീഉൽ അൻസ്വാരി, ദാറുൽ ഫിക്ർ ബേറൂത്ത് 2003)

ഹദ്റത് ഉസയ്ദ് ബിൻ ഹുളയ്ർ അൻസ്വാരീ, ഹദ്റത്ത് മുസ്അബ്(റ) മുഖേന ഇസ്ലാം സ്വീകരിച്ച വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ ആത്മീയ സ്ഥാനത്തെ സംബന്ധിച്ചുള്ള നിവേദനം ഇപ്രകാരമാണ്, അദ്ദേഹം പറയാറുണ്ടായിരുന്നു, എന്റെ മൂന്ന് അവസ്ഥകളിൽ ഏതെങ്കിലും ഒരവസ്ഥ എന്നിൽ ഉണ്ടെങ്കിൽ ഞാൻ സ്വയം എന്നെ സ്വർഗവാസിയായി മനസിലാക്കുന്നതാണ്. ഒന്നാമത്തെ അവസ്ഥ ഞാൻ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന അവസരത്തിൽ അല്ലെങ്കിൽ മറ്റാരെങ്കിലും തിലാവത്ത് ചെയ്യുന്നത് ശ്രവിക്കുമ്പോൾ, എന്നിൽ ഭയഭക്തിയുടെ അവസ്ഥ സംജ്ജാതമാകുകയും അത് എല്ലായിപ്പോഴും തുടരുകയും ചെയ്യുന്നുവെങ്കിൽ ഞാൻ സ്വയം എന്നെ സ്വർഗവാസിയായി ഗണിക്കുന്നതാണ്. രണ്ടാമത്തെ കാര്യം ഇതാണ്, നബി (സ) തിരുമേനി ഖുത്ബ നല്കുമ്പോൾ അങ്ങേയറ്റം ശ്രദ്ധയോടെ നബി (സ) തിരുമേനിയുടെ വാക്കുകൾ ശ്രവിക്കുകയും ആ അവസ്ഥ തുടർന്നു പോകുകയും ചെയ്യുന്നുവെങ്കിൽ എന്നെ സ്വർഗവാസികളിൽ ഞാൻ ഉൾപ്പെടുത്തുന്നതാണ്. മൂന്നാമത്തെ അവസ്ഥ പറയുന്നു, ആരുടെയെങ്കിലും ജനാസയിൽ പങ്കെടുക്കുമ്പോൾ എന്റെ അവസ്ഥ യഥാർഥത്തിൽ അത് എന്റെ ജനാസയായി മാറി എന്നോട് ചോദ്യം ഉണ്ടാക്കുന്ന സ്ഥിതി ഉണ്ടാകുകയും അങ്ങനെ ആ അവസ്ഥ നിലനിന്നുപോകുകയും ചെയ്യുന്നുവെങ്കിൽ ഞാൻ സ്വയം എന്നെ സ്വർഗവാസികളിൽ ഉൾപ്പെടുത്തുന്നതാണ്.(മജ്മ അസ്സവാഇദ് വാള്യം 9 പേജ് 378 ഹദീഥ് 15706 കിതാബുൽമനാഖിബ് ബാബ് മാ ജാഅ ഫീ ഉസയ്ദുബ്നു ഹുളയ്ർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001)

എന്തുതന്നെ ആയാലും അത് അദ്ദേഹത്തിന്റെ ഭയഭക്തിയുടെ ഉന്നതി തെളിയിക്കുന്ന അടയാളമാണ്. ഈ അവസ്ഥ മനുഷ്യന് അല്ലാഹുവിലുള്ള ഭയത്തെ ഉണർത്തുന്നതാണ്. മനുഷ്യൻ സൽകർമങ്ങൾ ചെയ്യുന്നതിന് പരിശ്രമവും നടത്തും. എല്ലായിപ്പോഴും ദൈവീക സ്മരണയും അത് ഉണ്ടാക്കുന്നതാണ്. ഈ ചോദ്യം അതായത് ആ അവസ്ഥ സ്ഥായിയായി നില്ക്കുന്ന പക്ഷം സർഗവാസികളിൽ ഉൾപ്പെടുത്തുന്നതാണ്, ഈ കാര്യം വ്യക്തമാക്കുന്നത്, അദ്ദേഹം തീർച്ചയായും സ്വർഗവാസികളിൽപെട്ട ആളായിരുന്നുവെന്നും അല്ലാഹുവിന്റെ സംപ്രീതി കരസ്ഥമാക്കിയിരുന്നു എന്നുമാണ്.

അദ്ദേഹത്തിന്റെ ഒരു പ്രത്യേകത ആരാധനയോടും നമസ്കാരങ്ങളോടും അഗാധമായ സ്നേഹമുണ്ടായിരുന്നുവെന്നതാണ്. തന്റെ മഹല്ലിലെ മസ്ജിദിലെ ഇമാമായിരുന്നു. രോഗാവസരത്തിലും മസ്ജിദിൽ നമസ്കാരത്തിനുവേണ്ടി വരാറുണ്ടായിരുന്നു. ചിലപ്പോൾ എഴുന്നേറ്റുനിന്ന് നമസ്കരിക്കുക പ്രയാസമായിരിക്കുമ്പോഴും മസ്ജിദിൽ വന്ന് ഇരുന്ന് നമസ്കരിക്കുമായിരുന്നു. (അത്ത്വബഖാത്തുൽ കുബ്റ, ലിഇബ്നു സഅ്ദ് വാള്യം 3 പേജ് 307, ഉസയ്ദ് ബിൻ ഹുളയ്ർ അൻസ്വാരീ ദാറു അഹ്‌യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

അദ്ദേഹത്തിന്റെ അഭിപ്രായവും സ്വീകാരാർഹമായിരുന്നു. ഉന്നതനിലവാരത്തിലുള്ള അഭിപ്രായങ്ങൾ പറയുമായിരുന്നു. ഹദ്റത്ത് ഉസയ്ദിന്റെ അഭിപ്രായത്തിനുശേഷം ഹദ്റത്ത് അബൂബക്കർ(റ) ഇനി അതിൽ ഭിന്നിക്കുന്നത് ഉചിതമല്ലെന്ന് പറയുമായിരുന്നു.

ഹദ്റത്ത് അബൂബക്കറിന്റെയും ഹദ്റത്ത് ഉമറിന്റെയും ഖിലാഫത്ത് കാലവും അദ്ദേഹം പ്രാപിച്ചു. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്താണ് വഫാത്തായത്. ഖിലാഫത്തിനോട് അസാധാരണമായ അനുസരണത്തിന്റെ കർമപരമായ മാതൃക കാഴ്ചവച്ച അദ്ദേഹം ഔസ് ഖബീലയുടെ നേതാവായിരുന്നു. തന്റെ ഖബീലയോടു പറഞ്ഞു, മദീനയിലെ മറ്റൊരു ഖബീല ഭിന്നിക്കുകയോ ഭിന്നിക്കാതിരിക്കുകയോ ചെയ്യട്ടെ നമ്മൾ ഒരിക്കലും ഭിന്നിക്കാൻ പാടില്ല. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന് ബയ്അത്ത് ചെയ്യണം.' (അസ്ദുൽ ഗാബ, വാള്യം 1 പേജ് 130–131, ഉസയ്ദുബ്നുൽ ഹുളയ്ർ ദാറുൽ ഫിക്ർ ബേറൂത്ത് 2003)

ഒരു അൻസാരി സ്വഹാബി ഉബയുബ്നു കഅ്ബ്. അദ്ദേഹവും പണ്ഡിതനും പാണ്ഡിത്യമനസരിച്ച് കർമങ്ങൾ ചെയ്യുന്ന ആളുമായിരുന്നു. കൃത്യമായി അഞ്ചുനേരനമസ്കാരം നബി(സ) തിരുമേനിയോടൊപ്പം നിർവഹിച്ചിരുന്നു. നമസ്കാര നിഷ്ഠയെ കുറിച്ച് നബി(സ) തിരുമേനിയുടെ ഒരു നിർദ്ദേശം വിവരിക്കുന്നു: സുബ്ഹി നമസ്കാരത്തിനുശേഷം അവിടന്ന് നമസ്കാരത്തിനായി ഹാജരാകാത്ത ചിലയാളുകളെ സംബന്ധിച്ച് ചോദിച്ചു. പിന്നീട് അവിടന്ന് പറഞ്ഞു, രണ്ട് നമസ്കാരങ്ങൾ സുബ്ഹിയും ഇശായും വിശ്വാസത്തിൽ ദുർബലർക്കും കപടവിശ്വാസികൾക്കും വളരെ ഭാരമേറിയതാണ്. ഒരു പക്ഷേ, ഈ നമസ്കാരങ്ങളുടെ പ്രതിഫലം എത്രയെന്ന് ഇവർക്ക് ഗ്രാഹ്യമുണ്ടായിരുന്നെങ്കിൽ മുട്ടുകളിൽ ഇഴഞ്ഞിട്ടാണെങ്കിലും അവർ തീർച്ചയായും നമസ്കാരത്തിന് ഹാജരാകുമായിരുന്നു. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 7 പേജ് 135, ഹദീഥ് 21587, മുസ്നദുൽഅൻസ്വാർ ഹദീഥ് അബീ ബസീറുൽ അബദീ,ആലമുൽ ഖുത്ബ് ബേറൂത്ത് 1998).

സുബ്ഹിന്റെയും ഇശായുടെയും നമസ്കാരങ്ങളെക്കുറിച്ച് അവിടന്ന് പ്രത്യേകം താക്കീത് ചെയ്തു.

അവയുടെ ചില പ്രശ്നങ്ങളുടെ പരിഹാരങ്ങളും നിവേദനങ്ങളുണ്ട്. ഒരിക്കൽ ഒരാൾ ഹദ്റത്ത് ഉബയുബ്നു കഅ്ബിനോട് ചോദിച്ചു: ഞങ്ങൾക്ക് യാത്രയ്ക്കിടയിൽ ഒരു ചാട്ട കിട്ടി. ഒട്ടകങ്ങളേയും കുതിരകളേയും മുന്നോട്ടു ഓടിക്കുന്നതിനുവേണ്ടിയുള്ള ഒരായുധമാണ് ചാട്ട. ഇനി എന്താണ് ചെയ്യേണ്ടത്? ഹദ്റത്ത് ഉബയുബ്നു കഅ്ബ് മറുപടി പറഞ്ഞു. ഇതൊരു ചാട്ടയാണ്. എനിക്കൊരു പ്രാവശ്യം 100 ദീനാർ കിട്ടിയിരുന്നു. ഞാൻ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി,എനിക്കൊരു സാധനം കളഞ്ഞുകിട്ടിയിട്ടുണ്ടെന്ന് പറഞ്ഞു. അവിടന്ന് പറഞ്ഞു: ഒരു സാധനം കളഞ്ഞുകിട്ടിയിട്ടുണ്ടെന്നും ആരുടേതാണെങ്കിലും എന്നിൽനിന്ന് വാങ്ങിക്കാവുന്നതാണെന്നും ഒരു വർഷംവരെ വിളംബരം ചെയ്യുക. ഒരു വർഷത്തിനുശേഷവും ഉടമ വന്നില്ല. അപ്പോൾ ഞാൻ ആ ദീനാറുമായി നബി(സ)തിരുമേനിയുടെ സന്നിധിയിൽ എത്തി. വീണ്ടും ഒരു വർഷം വിളംബരം ചെയ്യാൻ അവിടന്ന് നിർദ്ദേശിച്ചു. അങ്ങനെ ഒരു വർഷം കഴിഞ്ഞ് വീണ്ടും

ഞാൻ ആരും വരാതിരുന്നതു കണ്ടപ്പോൾ നബിയോടു പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു. ഒരു വർഷംകൂടി വിളംബരം ചെയ്യുക. മൂന്നാം വർഷവും ആരേയും കാണാതിരുന്നപ്പോൾ നാലാംവട്ടവും നബിയോടു ചോദിച്ചു. അവിടന്ന് പറഞ്ഞു: 'ഇനി ആ ദീനാർ നീ ഉപയോഗിച്ചുകൊള്ളുക.' (സഹീഹുൽ ബുഖാരി, ഹദീഥ് 2437).

ഇതാണ് ദൈവഭക്തിയുടെ നിലവാരം. ഒരിക്കൽ അദ്ദേഹം നബി(സ)യോടു ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഞാൻ ദുആ ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ അങ്ങയുടെമേൽ സ്വലാത്ത് ചൊല്ലണമെന്ന് എന്റെ മനസ്സ് ആഗ്രഹിക്കുന്നു. ദുആയുടെ നാലിലൊരു ഭാഗം സ്വലാത്ത് ചൊല്ലുകയാണെങ്കിൽ അത് ശരിയാകുമോ? നിന്റെ മനസ്സ് ആഗ്രഹിക്കുന്നത്ര ചൊല്ലികൊള്ളുക എന്ന് നബി(സ)തിരുമേനി പറഞ്ഞു. നീ പറഞ്ഞതിനേക്കാൾ കൂടുതലാണെങ്കിലും വേണ്ടില്ല. അപ്പോൾ ഹദ്റത്ത് ഉബയുബ്നു കഅ്ബ് പറഞ്ഞു: പകുതിനേരം സ്വലാത്ത് ചൊല്ലിയാലോ. നിനക്കിഷ്ടമുള്ളത്ര ചൊല്ലാനും അതിനേക്കാൾ കൂടുതൽ ചൊല്ലിയാൽ ഉത്തമമാണെന്നും നബി(സ) പറഞ്ഞു. ഹദ്റത്ത് ഉബയുബ്നു കഅ്ബ് പറഞ്ഞു: മൂന്നിൽരണ്ടു ഭാഗം ചൊല്ലുകയാണെങ്കിലോ? നബി(സ) പറഞ്ഞു: എത്ര ആഗ്രഹിക്കുന്നുവോ അത്ര ചൊല്ലിക്കൊള്ളുക. അതിനേക്കാൾ കൂടുതൽ ചൊല്ലാൻ കഴിഞ്ഞാൽ ചൊല്ലുക. അപ്പോൾ ഹദ്റത്ത് ഉബയുബ്നു കഅ്ബ് തന്റെ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ!ഞാൻ എന്റെ ദുആയിൽ സ്വലാത്ത് മാത്രം ചൊല്ലിക്കൊണ്ടിരിക്കാനാണ് ആഗ്രഹിക്കുന്നത്.' നബി(സ) പറഞ്ഞു: 'നീ നിന്റെ ദുആകളുടെ കൂടുതൽ ഭാഗം സ്വലാത്ത് ചൊല്ലുന്നതിൽ ചെലവഴിക്കുകയാണെങ്കിൽ അല്ലാഹു നിന്റെ വിഷമങ്ങളുടേയും സങ്കടങ്ങളുടേയും സ്വയം ജാമ്യക്കാരനായിരിക്കും. നിന്റെ പാപം പൊറുക്കപ്പെടുന്നതാണ്. ഇക്കാര്യം അല്ലാഹുവിന്റെ പക്കൽ നിന്റെ ഉന്നത പദവികൾക്ക് കാരണമാകും.' (സുനനുത്തുർമുദി അബ് വാബു സിഫത്തുൽഖിയാമത്തി, ബാബ് ഫിത്തർഗീബി ബിദിക് രില്ലാഹ് ഹദീഥ് 2457)

'അദ്ദേഹത്തിന് വിശുദ്ധഖുർആനോട് വളരെ സ്നേഹമായിരുന്നു. അധികമായി ഖുർആൻ പാരായണം ചെയ്യുമായിരുന്നു.' (അത്ത്വബഖാത്തുൽ കുബ്റ, ലിഇബ്നു സഅ്ദ് വാല്യം 3 പേജ് 260, വമിൻ ബനീ ഉമർ.....അബീ ബിൻ കഅ്ബ് ദാറു അഹ്യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

അദ്ദേഹത്തിന്റെ സത്യസന്ധതയും വിശ്വസ്തതയും പാരമ്യതയിലെത്തിയിട്ടുണ്ടായിരുന്നു. നബി(സ)തിരുമേനി ഒരിക്കൽ അദ്ദേഹത്തെ സക്കാത്ത് പിരിക്കുന്നതിനുവേണ്ടി നിശ്ചയിച്ചു. മദീനയിലെ അടുത്ത ഗോത്രങ്ങളായ ബനീഉദ്റാ, ബനീ സഅദ് ലേക്കാണ് അയച്ചത്. പറയുന്നു: ഞാൻ അവിടെയെത്തി സക്കാത്ത് പിരിച്ചു. തിരിച്ചുവരുമ്പോൾ മദീനയുടെ അടുത്ത് ഒരാളെ കണ്ടുമുട്ടി. അദ്ദേഹത്തിന്റെ മുഴുവൻ ഒട്ടകങ്ങളിൽ ഒരുവയസുള്ള പെൺഒട്ടകം സക്കാത്തിന്റെ വകയിൽ വരുമായിരുന്നു. അദ്ദേഹത്തിന്റെ പക്കൽ ഒട്ടകമാണുണ്ടായിരുന്നത്. സക്കാത്താണെങ്കിൽ ഒരു വയസ് പ്രായമുള്ള പെൺഒട്ടകവും. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: ഒരു വയസുള്ള പെൺഒട്ടകം സക്കാത്ത് തരിക. അയാൾ പറഞ്ഞു, 'ഒരു വയസുള്ള പെൺഒട്ടകം കൊണ്ടുപോയിട്ട് താങ്കൾ എന്തു ചെയ്യാനാണ്. അതിന്റെമേൽ യാത്രചെയ്യാനോ, ഭാരം കയറ്റാനോ സാധ്യമല്ല. ഞാൻ താങ്കൾക്ക് സക്കാത്തിന്റെ ഇനത്തിൽ വലിയ പ്രായമുള്ള അഴകും യുവത്വവുമുള്ള പെൺഒട്ടകം നലകുകയാണ്. അത് എന്തിനെങ്കിലും പ്രയോജനം ചെയ്യുകയും ചെയ്യും. ഹദ്റത്ത് ഉബയുബ്നു കഅ്ബ് പറഞ്ഞു: ഞാൻ അദ്ദേഹത്തോടു പറഞ്ഞു. 'ഞാൻ ഒരു അമീനാണ്. സൂക്ഷിപ്പ് മുതൽ സമാഹരിക്കാനാണ് വന്നത്. വലിയ പെൺഒട്ടകം വാങ്ങാൻ എനിക്ക് സാധ്യമല്ല.' മറുഭാഗത്തുണ്ടായിട്ടുള്ള വ്യക്തി ആത്മാർഥതയുള്ള ആളായിരുന്നു. വലിയ പ്രായമുള്ള പെൺഒട്ടകത്തെ എടുത്തുകൊള്ളുക എന്ന് അയാൾ നിർബന്ധം പിടിച്ചുകൊണ്ടുമിരുന്നു. അങ്ങനെ ആ സ്വഹാബിയെ നബി(സ)തിരുമേനിയുടെ സന്നിധിയിൽ കൊണ്ടുവന്നു. അയാൾ എല്ലാ കാര്യങ്ങളും പറഞ്ഞുകൊണ്ട് വലിയ ഒട്ടകത്തെ സ്വീകരിക്കാൻ പറഞ്ഞു. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ ത്യാഗത്തിൽ വളരെ സന്തോഷം പ്രകടിപ്പിച്ചു. ചോദിച്ചു താങ്കൾ സന്തോഷത്തോടുകൂടി ഈ ഒട്ടകത്തെ നൽകുകയാണെങ്കിൽ അല്ലാഹുതആല താങ്കൾക്ക് ഇതിന് വളരെ നല്ല പ്രതിഫലം നല്കുന്നതാണ്.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 7 പേജ് 139-140, ഹദീഥ് 21603, മുസ്നദ് ഉബയുബ്നു കഅ്ബ് ആലമുൽ ഖുതുബ് ബേറൂത്ത് 1998)

ഹദ്റത്ത് ഉബയ്ബ്നു കഅ്ബ് വലിയ ജ്ഞാനിയുമായിരുന്നു. വിശുദ്ധഖുർആനെകുറിച്ചും അദ്ദേഹത്തിന് നല്ല അറിവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മജ്‌ലിസുകളിൽ ജ്ഞാനപരമായ ചർച്ചകൾ നടക്കാറുണ്ടായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹത്തിന് നല്ല സ്ഥാനമായിരുന്നു ഉണ്ടായത്. നല്ല പദവിയായിരുന്നു ഉണ്ടായിരുന്നത്. ആ മഹാത്മാക്കളായ സ്വഹാബാക്കളുടെ അനുഗ്രഹങ്ങളിൽനിന്നാണ് നമ്മൾ ഇന്ന് ഫലമെടുത്തുകൊണ്ടിരിക്കുന്നത്.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു, സ്വഹാബാക്കൾ ഇത്രമാത്രം സത്യസന്ധത പ്രകടിപ്പിക്കാൻ നബി(സ) തിരുമേനിയുടെ കൈവശം എന്തായിരുന്നു ഉണ്ടായിരുന്നത്.? അവർ കേവലം വിഗ്രഹാരാധനയും സൃഷ്ടിപൂജയും മാത്രമല്ല ഉപേക്ഷിച്ചത്, യഥാർഥത്തിൽ അവരുടെ അന്തരാളങ്ങളിൽനിന്ന് ഭൗതികതയോടുള്ള താല്പര്യം തന്നെ ഇല്ലാതായി. അവർ അല്ലാഹുവിനെ ദർശിക്കാൻ തുടങ്ങി. അങ്ങേയറ്റത്തെ ആവേശത്തോടെ അല്ലാഹുവിന്റെ മാർഗത്തിൽ ഇപ്രകാരം ലയിച്ചവരായി. അങ്ങനെ അവർ എല്ലാവരും ഇബ്റാഹീം ആയിതീർന്നു. അവർ തികഞ്ഞ ആത്മാർഥതയോടെ അല്ലാഹുവിന്റെ മഹത്വം പ്രകടമാക്കുന്നതിനായി ചെയ്ത പ്രവൃത്തികൾ, അതിനുശേഷം അതിന് സമാനമായ ഉദാഹരണങ്ങൾ പിന്നീട് ഒരിക്കലും തന്നെ ഉണ്ടായിട്ടില്ല. സന്തോഷത്തോടെ ദീനിന്റെ മാർഗത്തിൽ ബലിയാകുന്നതിന് തയ്യാറായി. എന്നുമാത്രമല്ല ചില സ്വഹാബാക്കൾ തങ്ങൾക്ക് പെട്ടെന്ന് ശഹാദത്ത് ലഭിച്ചില്ലെങ്കിൽ അവർ വിചാരിക്കുന്നത്, തങ്ങളുടെ സത്യസന്ധതയിൽ എന്തോ ബലഹീനത വന്നിരിക്കുന്നുവെന്നായിരുന്നു. അതായത് ഈ ആയത്തിൽ വിവരിച്ചതുപോലെ മിൻഹും മൻഖളാ നഹ്ബഹൂ വ മിൻഹും മ്മൻ യ്യൻതളിർ (33:24)

അതായത് ചിലർ ശഹീദായി. മറ്റുചിലർ ശഹാദത്ത് എപ്പോൾ ലഭിക്കുമെന്ന് കരുതി കാത്തിരിക്കുന്നു. അവിടുന്ന് പറയുന്നു: നോക്കുക! അവർക്ക് മറ്റുള്ളവരെപോലെ ആവിശ്യങ്ങളുണ്ടായിരുന്നില്ലേ? മക്കളോട് സ്നേഹവും മറ്റുള്ള ബന്ധങ്ങളും ഉണ്ടായിരുന്നില്ലേ? എന്നാൽ, ഈ ആകർഷണം അവരെ എപ്രകാരം ഉന്മത്തരാക്കിയിരുന്നുവെന്നാൽ അവർ ദീനിന് എല്ലാ വസ്തുകളെക്കാളും മുൻഗണന നല്കിയിരുന്നു.(മൽഫൂദാത്ത് വാല്യം 6 പേജ് 137-138, 1985 ലണ്ടൻ പതിപ്പ്)

വീണ്ടും അവിടന്ന് പറയുന്നു: ഭൗതിക ജീവിതത്തിന്റെ അടിസ്ഥാനത്തിൽ നബി (സ) തിരുമേനിയുടെ പക്കൽ ആ സമയത്ത് എന്തായിരുന്നു ഉണ്ടായിരുന്നത്. അതിന്റെ പ്രതീക്ഷയിൽ അവർ അവരുടെ ജീവനും അഭിമാനവും അപകടത്തിൽ അകപ്പെടുത്തി, അവരുടെ പഴക്കം ചെന്നതും ഉപകാരപ്രദവുമായ ബന്ധം തങ്ങളുടെ സമൂഹത്തിൽനിന്ന് വിഛേദിക്കുന്നതിനും കാരണമായിത്തീർന്നു. ആ സമയത്ത് നബി (സ) തിരുമേനിയുടെമേൽ കഷ്ടപാടിന്റെയും ഞെരുക്കത്തിന്റെയും പ്രയാസത്തിന്റെയും ക്ലേശത്തിന്റെയും കാലഘട്ടമായിരുന്നു. ഭാവിയെകുറിച്ചുള്ള പ്രതീക്ഷയ്ക്ക് ഒരു പഴുതും മാർഗവും അവരുടെ പക്കൽ ഉണ്ടായിരുന്നില്ല. യഥാർഥത്തിൽ മഹാനുഭാവ ചക്രവർത്തിയായിരുന്ന ആ ദരിദ്ര ദർവേശിനെ(സ) അവ്വിധം സങ്കീർണമായ സാഹചര്യത്തിൽ ആത്മാർഥതയോടെ സ്നേഹവും മമതയും നിറഞ്ഞ ഹൃദയത്താൽ ആ മഹാത്മാവിന്റെ മുറുകെ പിടിച്ചു. ആ കാലഘട്ടത്തിൽ ഭാവിയിലെ പുരോഗതി അവിടെ നില്ക്കട്ടെ, ആ മഹാത്മാവിന്റെ സ്വന്തം ജീവൻ തന്റെ അപകടത്തിലായിരുന്ന അവസ്ഥയായിരുന്നു കാണാൻ സാധിച്ചിരുന്നത്. എന്നാൽ, ഈ ആത്മാർഥത വെറും വിശ്വാസത്തിന്റെ പെരുമ കൊണ്ട് മാത്രമായിരുന്നു. അതിന്റെ ലഹരിയിൽ അവർ, അങ്ങേയറ്റം ദാഹപരവശത്താൽ മധുരപാനീയം കുടിക്കാനായി എഴുന്നേറ്റ് നില്ക്കുന്നത് പോലെ അവരുടെ ജീവൻ നല്കുവാനായി എഴുന്നേറ്റ് നിന്നു.'(ഇസാലയെ ഔഹാം റൂഹാനീ ഖസായിൻ വാല്യം 3 പേജ് 151-152 അടിക്കുറിപ്പ്)

സിർറുൽഖിലാഫ എന്ന ഗ്രന്ഥത്തിൽ അവിടന്ന് പറയുന്നു: ഇഅ്ലമൂ റഹിമക്കുമുല്ലാഹു അന്നസ്സഹാബത്തകുല്ലഹും കാനൂ ക ജവാരിഹി റസൂലില്ലാഹ് സല്ലല്ലാഹു അലയ്ഹിവസല്ലമ വ ഫഖ്റ നൗഇൽ ഇൻസാനി ഫ ബഅ്ളുഹും കാനൂ കൽഉയൂനി വ ബഅ്ളുഹും കാനൂ കൽ അദാനി വ ബഅ്ളുഹും കൽ അയ്ദീ, വ ബഅ്ളുഹും കൽഅർജുലി മിൻർറസൂലിർറഹ്മാനി വ കുല്ല മാ അമിലൂ മിൻ അമലിൻ ഔ ജാഹദൂ മിൻ ജഹ്ദിൻ ഫ കാനത് കുല്ലഹാ സ്വാദിറത്തൻ ബിഹാദിഹിൽ മുനാസിബാത്തി വ കാനൂ യബ്ഗൂന ബിഹാ മർളാത്ത റബ്ബിൽകായിനാത്തി റബ്ബിൽ ആലമീൻ(സിർറുൽ ഖിലാഫ റൂഹാനീ ഖസായിൻ വാല്യം 8 പേജ് 341)

അറിഞ്ഞുകൊള്ളുക! അല്ലാഹു നിങ്ങളുടെ മേൽ കരുണ ചൊരിയുമാറാകട്ടെ. സ്വഹാബിമാരെല്ലാവരും നബി(സ)തിരുമേനിയുടെ അവയവങ്ങളും ശരീരഭാഗങ്ങളും പോലെയായിരുന്നു.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)

മനുഷ്യകുലത്തിന്റെ അഭിമാനമായിരുന്നു. പരമകാരുണികനായ അല്ലാഹുവിന്റെ തിരുദൂതർക്കു വേണ്ടി അവരിൽ ചിലർ കണ്ണുകൾ പോലെയായിരുന്നു; ചിലർ ചെവികൾ പോലെയായിരുന്നു; ചിലർ കൈകൾ പോലെയായിരുന്നു; ചിലർ കാലുകൾ പോലെയായിരുന്നു; ആ സ്വഹാബിമാർ ഏതു ജോലിയാണോ ചെയ്തത് അല്ലെങ്കിൽ എന്ത് പ്രയത്നമാണോ നടത്തിയത് അതെല്ലാം ഈ അവയവങ്ങളുടെ പസ്പരബന്ധത്താലാണ് നടപ്പിൽ വന്നത്. ഇതുകൊണ്ടുള്ള അവരുടെ ഉദ്ദേശ്യം പ്രപഞ്ചനാഥന്റേയും സർവലോക രക്ഷിതാവിന്റേയും തൃപ്തി മാത്രമായിരുന്നു.' (സിർറുൽ ഖിലാഫ, റൂഹാനി ഖസായിൻ, വാള്യം 8, പേജ് 344)

അല്ലാഹു ഈ തിളക്കമാർന്ന നക്ഷത്രങ്ങളുടെ മാതൃകയിലൂടെ നടന്നുകൊണ്ട് നമ്മെ അല്ലാഹുവിനേയും അവന്റെ റസൂലിനേയും സ്നേഹിക്കുന്നവരാക്കട്ടെ. നമ്മുടെയും എല്ലാ കർമങ്ങളും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിയായിരിക്കുമാറാകട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഞാൻ ഒരു ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്. ഈ ജനാസ ഹോളണ്ടിലെ ഫഹീം ഡൈഫൻ ഫ്ളോർ സാഹിബിന്റെ ഭാര്യ അരീശാ ഡൈഫൻ സാഹിബയുടേതാണ്. ഇപ്പോൾ അവർ ബെനിനിലായിരുന്നു. ഡിസംബർ 11ന് ബെനിനിൽ ഹൃദയാഘാതത്താൽ 62–ാം വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. ഇവർ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം ഒരു ബാങ്കിൽ ജോലിചെയ്യുകയായിരുന്നു. 2002ൽ അവരുടെ വിവാഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ അനുവാദത്തോടെ ഡച്ച് അഹ്മദിയായ ഫഹീം ഡൈഫൻ ഫ്ളോർ സാഹിബുമായി നടന്നു. ആ സമയത്ത് പരേത ഇസ്ലാം സ്വീകരിച്ചിരുന്നില്ല. പക്ഷേ, ജമാഅത്തിനോട് താല്പര്യമുണ്ടായിരുന്നു. വിവാഹത്തിനുശേഷം അവർ റമളാൻ മാസത്തിൽ പരീക്ഷണാർഥം നോമ്പു നോറ്റു. അവരുടെ ഭർത്താവായ ഫഹീം സാഹിബും ഡച്ച് അഹ്മദിയാണ്. ഇദ്ദേഹം പറയുന്നു: അതിനിടയിൽ ഒരു പ്രാവശ്യം ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അവർ കരയാൻ തുടങ്ങി. ഞാൻ എന്തോ കഠിനമായി സംസാരിച്ചതുകൊണ്ടാണെന്ന് എനിക്ക് തോന്നി. പിന്നീട് പരേത പറയുന്നു, അവർ തന്റേയും അഹ്മദിയ്യത്തിന്റേയും ഇടയിൽ പഠനം നടത്തുകയായിരുന്നു. എന്നിലും അഹ്മദിയ്യത്തിലും ഒരുപാട് വ്യത്യാസമുണ്ടെന്നും ഞാനൊരിക്കലും അഹ്മദി മുസ്ലിം ആവുകയില്ലെന്നും എനിക്കു തോന്നി. അതാണ് എന്നെ കരയിച്ചത്. ഫഹീം സാഹിബിനോടൊപ്പം ഗാംബിയായിൽ പര്യടനത്തിനു പോയിരുന്നു. അവർ അവിടെ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ കണ്ടു. അതിന്റെ വലിയ സ്വാധീനം അവരിലുണ്ടായി. അതിനുശേഷം അവിടെ ഫഹീം സാഹിബ് അവർക്ക് ബയ്അത്തിന്റെ ഫോറം നല്കി. അവർ അതും ബയ്അത്തിന്റെ നിബന്ധനകളും വായിച്ചു. താനൊരിക്കലും അതിൽ ഒപ്പിടുകയില്ലെന്ന് ആദ്യമേതന്നെ പരേത പറഞ്ഞിരുന്നു. പക്ഷേ, വായിച്ചതിനുശേഷം അവർ പെട്ടെന്ന് 2006 മാർച്ച് 18ന് ബയ്അത്ത് ഫോറം പൂരിപ്പിച്ചു. അതേ സമയം തന്നെ ബയ്അത്ത് ചെയ്തുകൊണ്ടുള്ള കത്തും എനിക്കയച്ചു. ഖിലാഫത്തിനോട് പരേതയ്ക്ക് വളരെയധികം സ്നേഹമായിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ തന്റെ ഭർത്താവിനെ സഹായിക്കാറുണ്ടായിരുന്നു. അദ്ദേഹം ഹോളണ്ട് ജമാഅത്തിന്റെ പ്രസ് സെക്രട്ടറിയുമായിരുന്നു. തർജമയിൽ അദ്ദേഹത്തെ സഹായിക്കാറുണ്ടായിരുന്നു.

പിന്നീട് വസിയ്യത്തിന്റെ ആഹ്വാനമുണ്ടായപ്പോൾ അതിനെക്കുറിച്ച് അവരറിഞ്ഞു. എന്റെ ഖുത്ബ കേട്ടു. താമസംവിനാ വസിയ്യത്തും ചെയ്തു. 2009ൽ പരേത തന്റെ ഭർത്താവ് ഫഹീം സാഹിബിനോടൊപ്പം വഖ്ഫ് ചെയ്ത് ഹ്യൂമാനിറ്റി ഫസ്റ്റിന്റെ കീഴിൽ പശ്ചിമാഫ്രിക്കയിലെ ബെനിനിൽ പ്രവർത്തിച്ചുവരുന്ന അനാഥമന്ദിരത്തിൽ സേവനത്തിനുപോയി. ബാഹ്യത്തിൽ നോക്കുമ്പോൾ ഇതൊരു വികാരപരമായ തീരുമാനമായി തോന്നിയിരുന്നു. കാരണം പരേതയ്ക്ക് ബാങ്കിൽ നല്ല ഉദ്യോഗമാണുണ്ടായിരുന്നത്. അതുപേക്ഷിച്ചിട്ടാണ് പോയത്.

ഹോളണ്ടിലെ ഇൻചാർജ് മുറബ്ബി സാഹിബ് പറയുന്നു: ആഫ്രിക്കയിലെ അവസ്ഥകൾ ഇത്ര മാത്രം സുഖകരമല്ലെന്ന് പറഞ്ഞ് ഞാൻ അവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചു. അവർ മാനസികമായി തയ്യാറാകുന്നതിനുവേണ്ടിയായിരുന്നു ഞാനിത് പറഞ്ഞത്. പരേത പറഞ്ഞു: 'മുറബ്ബി സാഹിബേ! ഇതൊന്നും എന്നോട് പറയാതിരിക്കുക. ഞാൻ വളരെ ചിന്തിച്ചാണ് എല്ലാം തീരുമാനിച്ചത്.'നീ എന്തിനാണ് ആഫ്രിക്കയിൽ പോകുന്നതെന്ന് പറഞ്ഞ് അവരുടെ ബന്ധുക്കളും അവരെ ഉപദേശിച്ചു. ബന്ധുക്കൾ മനസ്സിലാക്കിയത് അവിടെ അഹ്മദിയ്യാ ജമാഅത്ത് എന്നത് ഏതോ കമ്പനിപോലെയാണെന്നാണ്. കമ്പനികളുടെ ലാഭങ്ങൾ തലയിൽ കയറിയാൽ പിന്നൊന്നും ഉണ്ടാകുകയില്ലല്ലൊ.

പരേതയ്ക്ക് വളരെ ശക്തമായ വിശ്വാസമായിരുന്നു. അവർ തങ്ങളുടെ ബന്ധുക്കൾക്കും ക്രിസ്ത്യാനികൾക്കും മറുപടി നല്കി. നിങ്ങൾ ഇക്കാര്യത്തെക്കുറിച്ച് ചിന്തിക്കേണ്ട ആവശ്യമില്ല. ജമാഅത്ത് ഒരു കമ്പനിപോലെയല്ല. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ മരിക്കുകയാണെങ്കിൽ ഈ യത്തീംഖാനയിൽ മറവടക്കുന്നതായിരിക്കും എനിക്ക് ഇഷ്ടം.

പരേത പാശ്ചാത്യസമൂഹത്തിലാണ് വളർന്നത്. നല്ല ഉദ്യോഗവും ഉണ്ടായിരുന്നു. എന്നിട്ടും ആഫ്രിക്കയിൽ അവർ വളരെ വിഷമത്തോടെ തന്റെ ജീവിതം മുന്നോട്ടുകൊണ്ടുപോയി. വലിയ ഉത്തരവാദിത്വമാണ് നിറവേറ്റിയത്.

നമസ്കാരം കൃത്യമായി അനുഷ്ഠിക്കാറുണ്ടായിരുന്നു. അഹ്മദിയായ കാലംമുതൽ പതിവായി നമസ്കരിക്കുമായിരുന്നു. തഹജ്ജുദും നമസ്കരിക്കുമായിരുന്നു. ഒരിക്കലും നമസ്കാരം ഉപേക്ഷിച്ചിരുന്നില്ല. എന്നല്ല സമയാസമയങ്ങളിൽ നമസ്കരിക്കാൻ മറ്റുള്ളവരെ ഉപദേശിക്കുകയും ചെയ്യുമായിരുന്നു. ഖുത്ബ വളരെ ശ്രദ്ധയോടെ കേൾക്കുമായിരുന്നു. ഉപദേശകരമായ കാര്യങ്ങളുണ്ടെങ്കിൽ അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുമായിരുന്നു. ഇസ്ലാമിനോടും അഹ്മദിയ്യത്തിനോടുമുള്ള സ്നേഹത്തിന്റെ അളവ് നമുക്ക് ഇതിൽനിന്നും മനസ്സിലാക്കാം: അഹ്മദിയായ മറ്റുള്ള ആളുകൾ ഇസ്ലാമികാധ്യാപനങ്ങളനുസരിച്ച് പൂർണമായും പ്രവർത്തിക്കാത്തതു കാണുമ്പോൾ എന്തുകൊണ്ട് ഇവർ അഹ്മദിയായിട്ടും ഇസ്ലാമികാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നില്ല എന്നോർത്ത് വളരെ വ്യസനിക്കുമായിരുന്നു. വിശുദ്ധഖുർആൻ നിത്യവും പാരായണം ചെയ്യുമായിരുന്നു. തർജ്ജമയും വ്യാഖ്യാനവും മനസ്സിലാക്കാൻ ശ്രമിച്ചിരുന്നു.

അവർക്ക് മക്കളില്ല. അനഥമന്ദിരത്തിന്റെ ഇൻചാർജായിരുന്നു. അവരെ തന്റെ സ്വന്തം മക്കളായി മനസ്സിലാക്കി. ഹ്യൂമാനിറ്റി ഫസ്റ്റിലെ അഹ്മദി യഹ്യാ സാഹിബ് പറയുന്നു: അവിടത്തെ യത്തീംഖാനയാണ് ജമാഅത്ത് നടത്തിക്കൊണ്ടിരിക്കുന്ന 'ദാറുൽഇക്റാം.' അത് കാണാൻ അവസരം കിട്ടി. അക്കാലത്ത് ദാറുൽ ഇക്റാമിൽ രണ്ടുമാസം മുതൽ പന്ത്രണ്ട് വയസ്സുവരെ പ്രായമുള്ള കുട്ടികളുണ്ടായിരുന്നു. സ്റ്റാഫ് എന്തായാലും ഉണ്ടായിരുന്നു. പക്ഷേ രണ്ടുമാസം പ്രായമുള്ള അനാഥയായ പെൺകുട്ടി എപ്പോഴും അവരുടെ മടിയിലിരിക്കുന്നതാണ് ഞാൻ കണ്ടത്. ഏതെങ്കിലും കുട്ടിക്ക് സുഖമില്ലാതായാൽ വളരെ വിഷമത്തോടെ അവർക്ക് പ്രത്യേകമായ ഭക്ഷണവും മരുന്നും കൊടുക്കുമായിരുന്നു. കുട്ടിയുടെ വിദ്യാഭ്യാസപരമായ റിപ്പോർട്ടിൽ എന്തെങ്കിലും റിപ്പോർട്ട് ആവശ്യപ്പെട്ടാൽ അത് വിവിധ രീതിയിൽ മെച്ചപ്പെടുത്തുന്നതിന് പ്രവർത്തിക്കുമായിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ അവരോട് ഏതെങ്കിലും വ്യക്തിപരമായ കാര്യം അന്വേഷിച്ചാൽ, എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ പറയണമെന്ന് പറഞ്ഞാൽ അവർ മറുപടി പറഞ്ഞത് തങ്ങൾ വഖ്ഫാണെന്നും വഖ്ഫ് ചെയ്തിട്ടുള്ളവരാണെന്നും തങ്ങൾ അല്ലാഹുവിനോട് നന്ദി പറയുന്നുവെന്നും അവനാണ് തങ്ങൾക്ക് തൗഫീഖ് നല്കിയതെന്നും അനാഥകുട്ടികളെ സേവിക്കാൻ തങ്ങൾക്ക് അവസരം നല്കിയതെന്നും തങ്ങൾ അതിൽ സന്തോഷിക്കുന്നുവെന്നും തങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങൾക്ക് ഒരു വിഷമവുമില്ലെന്നുമാണ്. ഇനി സ്ഥാപനത്തിന്റെ നടത്തിപ്പുപരമായ വല്ല കാര്യവുമാണെങ്കിൽ അതിന്റെ ഉന്നമനത്തിന് ഉടനെ ശ്രദ്ധിക്കുമായിരുന്നു.

ജർമനി ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ചെയർമാൻ അഖ്തർ സുബയ്ർ സാഹിബ് പറയുന്നു: അവരുടെ ഭർത്താവ് ഫഹീം സാഹിബ് പറഞ്ഞു, ആരംഭം മുതൽ അവർക്ക് ലോട്ടറി കളിക്കുന്നത് വളരെ ഇഷ്ടമായിരുന്നു. യൂറോപ്പിൽ ലോട്ടറി വളരെ പ്രചാരമുള്ളതാണ്. ഇസ്ലാം അത് വിരോധിച്ചിരിക്കുന്നുവെന്ന് അവരോട് പറഞ്ഞപ്പോൾ ഉടനെ അത് ഉപേക്ഷിച്ചു. ലോട്ടറിയിൽ ചെലവഴിക്കുന്ന പണം എല്ലാ ആഴ്ചയും മസ്ജിദ് ചന്ദയിൽ കൊടുക്കുമായിരുന്നു.

വീണ്ടും പറയുന്നു: ഞാൻ അവരുമായി കാണുമ്പോൾ എന്റെ പര്യടനത്തെക്കുറിച്ച് റിപ്പോർട്ട് എടുക്കുമായിരുന്നു. ഡോക്ടർ അത്ഹർ സുബയ്ർ സാഹിബ് ജർമൻ പര്യടനങ്ങളിൽ ഞങ്ങളോടൊപ്പമുണ്ടായിരുന്നു. പറയുന്നു: കാര്യങ്ങളും സംഭവങ്ങളും കേട്ട് വലിയ വികാരാധീനയായിപോകുമായിരുന്നു. അതിഥിസൽക്കാരപ്രിയയായിരുന്നു. അവിടത്തെ ആളുകളോട് വലിയ സന്തോഷത്തോടും ആദരവോടുംകൂടി പെരുമാറിയിരുന്നു. ഇതേ സ്നേഹം കാരണത്താൽ ബെനിനിൽ അവർ താമസിച്ചിരുന്ന സ്ഥലത്തെ മഹല്ലുകാർ അവരെ മാമ എന്നാണ് വിളിച്ചിരുന്നത്. അവർ തങ്ങളുടെ വ്യക്തിപരമായ കാര്യങ്ങളിൽ പരേതയോടു അഭിപ്രായം തേടാറുണ്ടായിരുന്നു. ബെനിൻ ജമാഅത്തിന്റെ അമീർ എഴുതുന്നു: 'അവർക്ക് തന്റെ ചന്ദയെക്കുറിച്ച് വളരെ ചിന്തയായിരുന്നു. കൃത്യമായി ചന്ദ കൊടുക്കാറുണ്ടായിരുന്നു.

നിങ്ങൾ കൃത്യസമയത്ത് വന്ന് ഞങ്ങളുടെ ചന്ദ സ്വീകരിക്കണമെന്ന് പോർത്തോനോ റീജിയണിന്റെ മുബല്ലിഗിനോടു രണ്ടുമൂന്നു പ്രാവശ്യം പറഞ്ഞു. എപ്പോഴും തന്റെ വസിയ്യത്ത് ചന്ദ ആദ്യം ഒഴിവുണ്ടായാൽ ഉടനെ അടയ്ക്കുമായിരുന്നു. ഇപ്പോൾ ഞാൻ ബയ്ത്തുൽ ഫുത്തൂഹിന്റെ പുനർനിർമാണത്തെക്കുറിച്ച് പറഞ്ഞപ്പോൾ അവർ വളരെ സന്തോഷത്തോടെ അതിൽ ചേർന്നു. ചന്ദയെക്കുറിച്ചുള്ള വിവരങ്ങളും അറിഞ്ഞുകൊണ്ടിരുന്നു. പറയുന്നു: അഹ്മദിയ്യാ ദാറുൽ ഇക്റാം യത്തീംഖാനയിൽ വളരെ ഉത്സാഹത്തോടും ആത്മാർഥതയോടുംകൂടി ജോലി ചെയ്തിരുന്നു. പാല് കുടിക്കുന്ന കുഞ്ഞുങ്ങളെ എടുത്തുകൊണ്ട് നടന്നു. അവരെ വളരെ ശ്രദ്ധിച്ചു. ഇവരുടെ മരണത്തോടുകൂടി ഞാൻ മനസ്സിലാക്കുന്നത് ദാറുൽ ഇക്റാമിലെ കുട്ടികൾ ഇപ്പോൾ യത്തീമായിപ്പോയെന്നാണ്. അല്ലാഹു അവരുടെ ദർജകൾ ഉയർത്തുമാറാകട്ടെ. അവരോട് കാരുണ്യത്തോടും മഗ്ഫിറത്തോടുംകൂടി പെരുമാറട്ടെ. ആത്മാർഥതയുള്ളവരും വഖ്ഫിന്റെ ആത്മാവ് മനസ്സിലാക്കുന്നവരുമായ ധാരാളം ആളുകളെ അല്ലാഹു ജമാഅത്തിന് നല്കുമാറാകട്ടെ.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

( പേജ് 2ൽനിന്ന്)

യെത്ര മതങ്ങളുണ്ടോ അവയെല്ലാം ദൈവാസ്തികൃത്തിന്റെ അടിസ്ഥാനത്തിലാണ് നിലകൊള്ളുന്നത്. കാലം കഴിഞ്ഞുപോയതിനോടൊപ്പം മതവിശ്വാസികളുടെ ദൈവവിശ്വാസവും കേവലം ആചാരപരമായി തീർന്നു. ഭൗതികതയുടേയും പുതിയ ടെക്നോളജിയുടേയും വിഷം അവരുടെ ദൈവവിശ്വാസത്തെ തുണ്ടംതുണ്ടം ആക്കിവെച്ചു. അൻകബൂത്ത് എന്ന അധ്യായത്തിലെ 70-ാം വചനം അനുസരിച്ച് ആരാണോ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അത്യധ്വാനം ചെയ്യുന്നത് ജീവനുള്ള ദൈവത്തിന്റെ ജീവസുറ്റ ദിവ്യജ്യോതിസ്സുകൾ പ്രകടമാകുന്നു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ആദരണീയരായ ഖലീഫമാരുടേയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ പറഞ്ഞു, ഇന്ന് ദൈവാസ്തികൃത്തിനുള്ള ജീവസുറ്റ തെളിവ് ഇസ്ലാമിൽ മാത്രമേ ലഭിക്കുകയുള്ളൂ.

കോയി മദ്ഹബ് നഹി ഐസാ കെ നിശാൻ ദിഖ്ലായെ,
യെ ഥമർ ബാഗെ മുഹമ്മദ് സെ ഹി ഖായ ഹംനെ.

തുടർന്ന് അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിന് വെളിപ്പെട്ട അടയാളം 'പ്ലേഗ്' എന്ന മഹാമാരിയെ കുറിച്ച് വിശദീകരിച്ചു. ഹദ്റത്ത് ഇബ്റാഹിം(അ), മൂസാ(അ), ഈസാ(അ), ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തുടങ്ങിയവരുടെ ഉദാഹരണങ്ങൾ വിവരിച്ചു. എങ്ങനെയാണ് അല്ലാഹുവിന്റെ മഹത്തായ പെരുമാറ്റം ആ പ്രവാചകന്മാരോട് ഉണ്ടായിരുന്നതെന്ന്. അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള ജീവസുറ്റ തെളിവുകൾ ലോകത്ത് എത്തിച്ചുകൊടുത്തവരായിരുന്നു അവർ. അവസാനം അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്)ന്റെ ഈ ഉപദേശം സമർപ്പിച്ചു: 'അല്ലാഹു നമുക്ക് നബി(സ) തിരുമേനിയുടെ ഈ കാലഘട്ടത്തിലെ സേവകനെ പിൻപറ്റിക്കൊണ്ട് ഈ ജീവനുള്ള ദൈവത്തിന്റെ സന്ദേശം ലോകത്ത് എത്തിച്ചുക്കൊടുക്കാൻ തൗഫീഖ് തന്നരുളുമാറാകട്ടെ. ജീവനുള്ള ദൈവമുണ്ടെന്നും, നിലവിലുണ്ടെന്നും, ഇപ്പോഴും കേൾക്കുന്നുണ്ടെന്നും, അടയാളവും കാണിക്കുന്നുണ്ടെന്നും, അവനിലേക്ക് മടങ്ങേണ്ടതാണെന്നുമുള്ള ബോധം നൽകുന്നവരാകട്ടെ. അവനിലേക്ക് വരിക. നമ്മൾ തന്നെയും ആ ദൈവവുമായി ബന്ധമുണ്ടാക്കുന്നവരും ഈ അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരുമാകട്ടെ. അവന്റെ ഗുണവിശേഷങ്ങളുടെ ശരിയായ ഗ്രാഹ്യം കരസ്ഥമാക്കുന്നവരാകട്ടെ. അവന്റെ അനുഗ്രഹങ്ങളുടെ അവകാശികളാക്കി നമ്മുടെ തലമുറയും നമ്മളും എപ്പോഴും അല്ലാഹുവിന് പങ്കുകാരെ വെക്കുന്നതിൽനിന്ന് സുരക്ഷിതരായിരിക്കുമാറാകട്ടെ.

ഇന്നത്തെ സമ്മേളനത്തിന്റെ രണ്ടാമത്തെ പ്രസംഗം മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറിയുടേത് ആയിരുന്നു. നബി(സ) തിരുമേനിയുടെ ജീവിതം അല്ലാഹുവിലേക്കുള്ള ക്ഷണത്തിന്റെ വെളിച്ചത്തിൽ എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷയം. അദ്ദേഹം അഹ്സാബ് എന്ന അധ്യായത്തിലെ 46,47 വചനവും മാഇദ അധ്യായത്തിലെ 68-ാം വചനവും തിലാവത്ത് ചെയ്തുകൊണ്ട് അവയുടെ തർജമ കേൾപ്പിച്ചു. തന്റെ പ്രസംഗത്തിന്റെ തുടക്കത്തിൽ നബി (സ) തിരുമേനിയുടെ നിയോഗത്തിന് മുമ്പേയുള്ള കാലഘട്ടത്തെ കുറിച്ച് പറഞ്ഞു. അങ്ങേയറ്റം വഴിപിഴച്ച കാലഘട്ടമായിരുന്നു അത്. ബഹുദൈവാരാധന കൊടികുത്തിവാണിരുന്ന കാലഘട്ടമായിരുന്നു അത്. ആ അന്ധകാര കാലഘട്ടത്തിൽ വിലപിച്ചുകൊണ്ടിരുന്ന ഒരു മനസുണ്ടായിരുന്നു. അദ്ദേഹം തന്റെ ജനതയുടെ തിന്മകളും ദോഷങ്ങളുംകണ്ട് ഗതിമുട്ടിയിരുന്നു. ദൈവികവെളിച്ചത്തിനുവേണ്ടി പിടച്ചുകൊണ്ടിരുന്ന ഒരു ആത്മാവുണ്ടായിരുന്നു, 25-30 വയസ്സുള്ള ഒരു യുവാവ്, അദ്ദേഹം ഈ വിഷമത്തിൽ സമാധാനം അന്വേഷിച്ച് മക്കയിൽ നിന്ന് മൂന്ന് മൈൽ ദൂരെ ഹിറാമലയുടെ അടിവാരത്തുള്ള ഒരു ഗുഹയെ തന്റെ രക്ഷിതാവുമായുള്ള പ്രണയസല്ലാപത്തിനായി ഒരു സങ്കേതം ഉണ്ടാക്കിവെച്ചിരുന്നു. നിരന്തരം 15 വർഷംവരെ പലപല ദിവസങ്ങളും അവിടെ താമസിച്ച് ഏകനായി രാവും പകലും ദുആകളിൽ മുഴുകി. ഇദ്ദേഹമായിരുന്നു നമ്മുടെ യജമാനരും മുഴുലോകത്തിന്റെയും കാരുണ്യവുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ). അവസാനം അദ്ദേഹത്തിന്റെ ദുആകൾ അല്ലാഹു കേട്ടു. സത്യത്തിന്റെ ആത്മാവ് ഹദ്റത്ത് ജിബിരീലിനെ തന്റെ ചൈതന്യവത്തും അന്തർദൃഷ്ടിപരവുമായ പരിശുദ്ധ ഗ്രന്ഥത്തോടുകൂടി ആ മഹാത്മാവിന്റെ അടുത്തേക്ക് അയച്ചു. അവിടത്തെ സേവകൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഒരു പദ്യത്തിൽ പറയുന്നു,

നൂർ ലായെ ആസ്മാൻ സേ ഖുദ് ഭി വോ
ഏക് നൂർ ഥേ
ഖൗമേ വഹ്ശീമേ അഗർ പൈദാഹുവേ
കിയാ ജായേ ആർ

ഈ ആത്മീയ പ്രകാശം കൊണ്ട് അന്ധകാരത്തിൽ അധഃപതിച്ചു കിടന്നവനെ പ്രശോഭിതരാക്കാനും വഴികേടിന്റെ അഗാധ ഗർത്തത്തിൽ പതിച്ചവരെ എടുത്ത് പ്രകാശത്തിന്റെ മിനാരത്തിൽ കയറ്റാനും വേണ്ടി ആ മഹാത്മാവിന് കൽപനയുണ്ടായി. ബല്ലിഗ് മാ ഉൻസില ഇലയ്ക എ മുഹമ്മദ് (സ)! ഇനി വിശുദ്ധഖുർആനിലെ ഇറങ്ങാൻ പോകുന്ന ഓരോ വചനവും ജനങ്ങൾക്ക് കേൾപ്പിക്കണം, എഴുതിക്കണം ഹൃദ്യസ്തമാക്കണം. പിന്നീട് വിശുദ്ധഖുർആനിന്റെ ഓരോ കൽപനയുമനുസരിച്ച് കർമം ചെയ്ത് കാണിക്കണം. വ ഇൻല്ലം തഫ്അൽ ഫമാ ബല്ലഗ്ത്ത രിസാലത്തഹു, ഈ പരിപവിത്രമായ കടമ നിറവേറ്റിയില്ലെങ്കിൽ നീ പ്രവാചകത്വത്തിന്റെ കടമ നിറവേറ്റിയില്ല.

നബി(സ)തിരുമേനിയുടെ സത്യത്തിലേക്കുള്ള ക്ഷണത്തെ സംബന്ധിച്ച് അദ്ദേഹം ഈമാൻ ദൃഢീകരണ സംഭവങ്ങൾ അവതരിപ്പിക്കുകയുണ്ടായി. അവയിൽ ത്വായിഫിലെ സംഭവം ഇവിടെ രേഖപ്പെടുത്തുകയാണ്. അദ്ദേഹം പറഞ്ഞു, 'നബി (സ) തിരുമേനിയുടെ ത്വാഇഫുകാരെ ഇസ്ലാമിലേക്ക് ക്ഷണിക്കുന്നതിനുവേണ്ടി അവിടെ പോയ സംഭവം അവിസ്മരണീയമാണ്. മക്കയിൽ നിന്ന് 40 മൈൽ അകലെ ത്വായിഫ് എന്ന സ്ഥലത്ത് തന്റെയൊരു സ്വതന്ത്രനായ ഗുലാം സയ്ദിനോടൊപ്പം അവിടന്ന് പോയി. അവിടെ മറ്റു അമീറുമാർക്ക് പുറമെ ഥഖീഫ് ഖബീലയിലെ മൂന്ന് സർദാർമാരും ഉണ്ടായിരുന്നു. അവരുമായി നബി(സ) തിരുമേനിക്ക് മാതാമഹിപരമായ കുടുംബബന്ധവും ഉണ്ടായിരുന്നു. ഹദ്റത്ത് നബി(സ) തിരുമേനി അവരെ ഇസ്ലാമിലേക്ക് ക്ഷണിച്ചു, മക്കയിലെ ഖുറയ്ശികളുടെ എതിർപ്പ് പറഞ്ഞ് അവരുടെ സഹായംതേടി. ഇതുകേട്ട് അവരിൽനിന്നുള്ള ഒരു സർദാർ പറഞ്ഞു. നിന്നെ ദൈവം പ്രവാചകനാക്കി അയച്ചിട്ടുണ്ടെങ്കിൽ അവൻ കഅ്ബയുടെ കില്ല മുറിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടാമൻ പറഞ്ഞു, നിന്നെക്കൂടാതെ ഒരുത്തനേയും പ്രവാചകനായി നിയോഗിക്കാൻ അല്ലാഹുവിന് കിട്ടിയില്ലേ?. മൂന്നാമൻ പറഞ്ഞു, അല്ലാഹുവാണ, ഞാൻ നിന്നോട് സംസാരിക്കാൻ തന്നെ ഇഷ്ടപ്പെടുന്നില്ല. (ഇബ്നു ഹിശാം). പറഞ്ഞു, ഈ നാട്ടിൽ നിന്ന് ഉടനെ പുറത്ത് പോയി കൊള്ളുക. അതിൽ മാത്രം അവർ ഒതുങ്ങി നിന്നില്ല, അടിമകളേയും തെരുവ് കുട്ടികളേയും ആ മഹാത്മാവിന്റെ പിന്നാലെ അയച്ചു. അവർ ചീത്ത പറയുകയും ബഹളമുണ്ടാക്കുകയും ചെയ്തു. അപ്പോൾ വലിയൊരു ജനക്കൂട്ടം അവിടെ വന്നു. വഴിയിൽ ഇരുവശങ്ങളിലും നിന്നുകൊണ്ട് കല്ലെറിയാൻ തുടങ്ങി. ഹദ്റത്ത് സയ്ദ്(റ), നബി (സ) തിരുമേനിയുടെ മുമ്പിൽ പരിചയായി നിന്നുകൊണ്ട് കല്ലുകളിൽനിന്ന് ആ മഹാതാവിനെ രക്ഷിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ, അദ്ദേഹം എങ്ങനെ രക്ഷിക്കാനാണ്? നബി(സ) തിരുമേനിയുടെ കാലിനു പിന്നിലെ മാംസള ഭാഗങ്ങളിൽ നിന്ന് ചോര ഒലിച്ചിറങ്ങി, ചെരുപ്പുകൾ അതുകൊണ്ട് നിറഞ്ഞു. ഹദ്റത്ത് സയ്ദിനും ഗുരുതരമായി പരിക്കേറ്റു. നബി (സ) തിരുമേനി സർദാർമാരായ ഉത്ബ-ശീബയുടെ അധീനതയിലുള്ള മക്കയിലെ മുന്തിരിതോപ്പിൽ അഭയം തേടിയപ്പോഴാണ് ഈ ജനം മടങ്ങിപോയത്.

ചുരുക്കി പറഞ്ഞാൽ ത്വായിഫിലെ ദിവസം നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ മേൽ അങ്ങേയറ്റം കാഠിന്യമുള്ളതായിരുന്നു. ഹദ്റത്ത് ആയിശ(റ) ഒരിക്കൽ നബി (സ) തിരുമേനിയോട് ചോദിച്ചു, ഉഹുദ് ദിവസത്തേക്കാൾ ഏറെ കഠിനമായ ദിവസം അങ്ങേക്കുണ്ടായിട്ടുണ്ടോ ? (ഉഹദിൽ അദ്ദേഹത്തിന്റെ അനുഗൃഹീത പല്ലുകൾ ശഹീദായിരുന്നു. മുഖത്ത് മുറിവുകൾ ഉണ്ടായിരുന്നു) അവിടന്ന് പറഞ്ഞു, ആയിശാ! ഞാൻ നിങ്ങളുടെ ജനതയിൽനിന്ന് ഒരുപാട് ബുദ്ധിമുട്ടുകൾ സഹിച്ചു. എന്നാൽ, ഏറ്റവും കഠിനമായ ബുദ്ധിമുട്ട് ഉണ്ടായത് ത്വായിഫ് യാത്രയിലായിരുന്നു. ആ നേരത്ത് ഞാൻ കഠിനമായ ദുഃഖത്തിന്റെ അവസ്ഥയിൽ തല കുനിച്ചുകൊണ്ട് പോകുകയായിരുന്നു. അപ്പോൾ എന്താണ് കണ്ടത്? ഒരു കാർമേഘം എന്നെ അതിന്റെ തണലിൽ വെച്ചിരിക്കുന്നു. അപ്പോൾ മലകളുടെ മലക്കുകൾ എന്നെ വിളിക്കുകയും സലാം പറയുകയും ചെയ്തു. പറഞ്ഞു: 'ഞാൻ മലകളുടെ മലക്കാണ്. എന്നെ താങ്കളുടെ രക്ഷിതാവ് താങ്കളുടെ അടുത്തേക്ക് അയച്ചിരിക്കുന്നു; താങ്കൾ എന്ത് കൽപ്പിച്ചാലും അത് നടപ്പിൽ വരുത്താൻ! മുഹമ്മദേ!(സ) ഈ താഴ്വരയിലെ രണ്ടു മലകളേയും ഇവരുടെ മേൽ വീഴ്ത്താൻ താങ്കൾ ആഗ്രഹിക്കുന്നുവോ?' റഹ്മത്തിന്റെ നബി പറഞ്ഞു, പാടില്ല, പാടില്ല, അങ്ങനെ ചെയ്യരുത്. അല്ലാഹു ഇവരിൽനിന്ന് ഏകദൈവത്തെ ആരാധിക്കുന്ന ആളുകളെ സൃഷ്ടിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അവർ അവനോട് ഒന്നിനേയും പങ്കുചേർക്കയില്ല. (ബുഖാരി)

തന്റെ പ്രസംഗത്തിന്റെ അവസാനം സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ 2017 സപ്തംബർ 8-ലെ ജുമാ ഖുത്ബയിലെ ചില ഉപദേശങ്ങളും അദ്ദേഹം അവതരിപ്പിച്ചു. ഹുദൂർ പറയുന്നു, നമുക്ക് നമ്മുടെ പ്രബോധനപരമായ താൽപരതകളിൽ ഒരു നൈരന്തര്യം ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. വർഷത്തിൽ ഒന്നോ രണ്ടോ തവണ ദശദിന തർബിയ്യത്ത് ആഘോഷവും ദശദിന തബ്ലീഗ് പരിപാടിയും നടത്തുകയും റോഡിൽനിന്ന് നോട്ടീസ് വിതരണം നടത്തുകയും ചെയ്ത് തബ്ലീഗിനോടുള്ള കടമ നിറവേറ്റി എന്ന് മനസ്സിലാക്കുകയല്ല. അല്ലാഹു സദുപദേശത്തോടും യുക്തിദീക്ഷയോടും കനത്ത തെളിവോടും കൂടി തബ്ലീഗ് നടത്താനാണ് കൽപന തന്നിട്ടുള്ളത്. അതനുസരിച്ച് നടത്തേണ്ടത് നമ്മുടെ ജോലിയാണ്. പതിവായി അത് ചെയ്തു കൊണ്ടുപോകേണ്ടത് നമ്മുടെ ജോലിയാണ്. അതിനുണ്ടാകുന്ന ഫലം

അല്ലാഹു പറഞ്ഞത്, താൻ ഉണ്ടാക്കുമെന്നാണ്. ആർ വഴികേടിലിരിക്കണം ആർ നേർമാർഗ്ഗം പ്രാപിക്കണം എന്നത് അല്ലാഹുവിനറിയാം. ഇക്കാര്യങ്ങൾ അല്ലഹുവിന്റെ അറിവിലുണ്ട്. നമ്മളോട് എന്തെങ്കിലും ചോദിക്കുകയാണെങ്കിൽ ഇത്രമാത്രം, 'നിങ്ങൾ സന്ദേശം എത്തിച്ചുക്കൊടുത്തുവോ? നിങ്ങൾ എന്തുകൊണ്ട് നിങ്ങളുടെ തബ്ലീഗിന്റെ കടമ നിറവേറ്റിയില്ല? അല്ലാഹുവിന്റെ നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് എന്തുകൊണ്ട് കർമങ്ങൾ ചെയ്തില്ല?' ഒരാൾ സന്മാർഗ്ഗം പ്രാപിക്കുമോ പ്രാപിക്കില്ലേ എന്നറിയുന്നത് അല്ലാഹു മാത്രമാണ്. നമ്മൾ നമ്മുടെ കടമ നിറവേറ്റുകയാണെങ്കിൽ മരിച്ചതിന് ശേഷം കുറഞ്ഞപക്ഷം ലോകം അല്ലാഹുവിനോട് തങ്ങൾക്ക് സന്ദേശം കിട്ടിയില്ല എന്ന് പറയുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'ഇസ്ലാമിന്റെ സംരക്ഷണത്തിനും സത്യസന്ധത പ്രകടിപ്പിക്കുന്നതിനും ഒന്നാമത്തെവശം നിങ്ങൾ സത്യസന്ധരായ മുസ്ലിംകളുടെ മാതൃകയായി കാണിക്കുക എന്നതാണ്. രണ്ടാമത്തെ വശം അതിന്റെ സവിശേഷ ഗുണങ്ങളും ശ്രേഷ്ഠതകളും ലോകത്ത് പ്രചരിപ്പിക്കുക എന്നതാണ്. ഹുദൂർ പറഞ്ഞു, അതുകൊണ്ട് തബ്ലീഗ് ചെയ്യുന്നതിന് സ്വന്തം അവസ്ഥകളിൽ ആദ്യം പരിശുദ്ധി ഉണ്ടാക്കേണ്ടുന്ന ആവശ്യമുണ്ട്. ഒരു സത്യവാനായ മുസ്ലിമിന്റെ മാതൃകയായി കഴിഞ്ഞാൽ അന്യരുടെ ശ്രദ്ധ ഉണ്ടാകാതിരിക്കുന്ന പ്രശ്നമേയില്ല. മാതൃക കണ്ടുകൊണ്ട് തന്നെയാണ് ജനങ്ങളിൽ ശ്രദ്ധയുണ്ടാകുന്നത്. ഇപ്രകാരം പതിവായ തബ്ലീഗുകൊണ്ട് ആദ്യം തബ്ലീഗിന്റെ വഴികൾ തുറക്കാൻ നോക്കുക. അല്ലാഹു നമുക്ക് അതനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. ഈ പ്രസംഗത്തോടെ ആദ്യ ദിനത്തെ ആദ്യ യോഗം സമാപിച്ചു.

ളുഹർ അസ്ർ നമസ്കാരങ്ങൾക്ക് ശേഷം ആദ്യദിവസത്തെ രണ്ടാമത്തെ യോഗം ഉച്ച കഴിഞ്ഞ് 2:15ന് മൗലാന മുഹമ്മദ് ഇനാം സാഹിബ് ഗോറിയുടെ അധ്യക്ഷതയിൽ ത്വാരിഖ് അഹ്മദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. സൂറാ സ്വഫിലെ 7 മുതൽ 10 വരെയുള്ള വചനങ്ങളാണ് തിലാവത്ത് ചെയ്തത്. എം.നാസർ അഹ്മദ് സാഹിബ് ആ വചനങ്ങളുടെ അർഥം കേൾപ്പിച്ചു. ജാമിഅ അഹ്മദിയ്യാ ഉസ്താദ് നസ്റുൻമ്മിനല്ലാഹ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ

നിശാൻ കൊ ദേഖ് കർ ഇൻകാർ കബ്തക്
പേശ് ജായേഗ
അരേ ഇക് ഔർ ജൂട്ടോം പർ ഖിയാമത്ത്
ആനേ വാലി ഹേ

എന്ന പദ്യം ആലപിച്ചു.

ഈ യോഗത്തിലെ ആദ്യ പ്രസംഗം ഇനായത്തുല്ലാഹ് സാഹിബിന്റെത് ആയിരുന്നു. വർത്തമാനകാലത്ത് ഖുർആൻ പഠനത്തിന്റെ ആവശ്യകതയും പ്രാധാന്യവും ജമാഅത്തംഗങ്ങളുടേയും ഭാരവാഹികളുടേയും ഉത്തരവാദിത്വവും എന്നതായിരുന്നു വിഷയം. സൂറാ ജുമുഅയിലെ മൂന്ന് നാല് വചനങ്ങൾ പാരായണം ചെയ്തും അതിന്റെ പരിഭാഷ കേൾപ്പിച്ചുകൊണ്ടുമാണ് അദ്ദേഹം പ്രസംഗത്തിന് തുടക്കം കുറിച്ചത്. ഈ വചനങ്ങളിൽ സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ രണ്ട് നിയോഗത്തിന്റെയും ആ മഹാത്മാവിനിറങ്ങിയ വിശുദ്ധഖുർആനിന്റെ മഹത്തായ കൽപനകൾ നടപ്പിൽ വരുത്തുന്നതിന്റെയും ഉത്തരവാദിത്തങ്ങളേയും കുറിച്ചാണ് പറയുന്നത്. അവിടത്തെ ആദ്യ നിയോഗമുണ്ടായത് അറേബ്യൻ നാട്ടിലായിരുന്നു. നാലുഭാഗത്തും അന്ധകാരം വ്യാപിച്ചിരുന്ന കാലഘട്ടമായിരുന്നു അത്. മനുഷ്യകുലത്തിന്റെ അവസ്ഥ അങ്ങേയറ്റം മോശമായിരുന്നു. വിശുദ്ധഖുർആൻ അതിനെ കുറിച്ച് പറഞ്ഞത് ളഹറൽ ഫസദു ഫിൽ ബർറി വൽ ബഹ്ർ എന്നാണ്. കരയിലും കടലിലും ഒരുപോലെ അക്രമം വ്യാപിച്ചിരുന്നു. അക്രമവും അനാചാരവും നിറഞ്ഞ ആ കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ പരിശുദ്ധശക്തിപ്രഭാവവും വിശുദ്ധഖുർആനിന്റെ മഹിമാവിലാസവുംകൊണ്ട് മനുഷ്യകുലത്തെ പരിശുദ്ധരാക്കി മഹത്തായ വിപ്ലവം ലോകത്ത് വരുത്തി. വിശുദ്ധഖുർആന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ആദരണീയരായ ഖലീഫമാരുടേയും നിർദേശങ്ങളുടേയും ഉപദേശങ്ങളുടേയും വെളിച്ചത്തിൽ ഖുർആൻ പഠനത്തിന്റെ ആവശ്യകതയും പ്രാധാന്യവും അദ്ദേഹം വിശദീകരിച്ചു. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസിന്റെ ചില ഉപദേശങ്ങൾ അദ്ദേഹം എടുത്തു പറഞ്ഞു. 2004 സെപ്തംബർ 24ന് ചെയ്ത ജുമുഅ ഖുത്ബയിൽ അവിടന്ന് പറഞ്ഞു, 'തന്റെ ഭാര്യാമക്കൾ വിശുദ്ധഖുർആൻ പഠിക്കുന്നതിലേക്കും അത് നിത്യവും പാരായണം ചെയ്യുന്നതിലേക്കും ശ്രദ്ധയുള്ളവരായിരിക്കുവാൻ ഓരോ അഹ്മദിയും ചിന്തിക്കേണ്ടതാണ്. അതിനുശേഷം തർജമ വായിക്കുക. അതു കഴിഞ്ഞാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തഫ്സീർ വായിക്കുക, ഇങ്ങനെ തങ്ങൾ ചെയ്യുന്നില്ലെങ്കിൽ ചിന്തിക്കേണ്ടതാണ്. ഓരോരുത്തരും അവരവരെ കുറിച്ച് ചിന്തിക്കേണ്ടതാണ്.

(തുടരും)

# വിശുദ്ധ ഖുർആൻ

വിശുദ്ധഖുർആന്റെ പ്രകാശം
മറ്റെല്ലാ പ്രകാശങ്ങളേക്കാളും
പ്രോജ്ജ്വലമായി പ്രകാശിക്കുന്നു.
ഈ പ്രകാശനിർഝരി നിർഗമിച്ചിടം
പരിശുദ്ധമാകുന്നു.

ഏകദൈവസത്യത്തിന്റെ ചെടി
വാടിക്കൊണ്ടിരിക്കുകയായിരുന്നു.
അപ്പോൾ അദൃശ്യത്തിൽ നിന്ന്
ഈ പരിശുദ്ധനീരുറവ
നിർഗമിക്കുകയുണ്ടായി.

എന്റെ നാഥാ, നിന്റെ ഫുർഖാൻ
ഒരു പ്രപഞ്ചം തന്നെയാകുന്നു
ആവശ്യമുള്ളതെല്ലാം ഇതിൽ
ലഭ്യമാണ്.

നാം എല്ലാ ലോകവും
അരിച്ച് പെറുക്കി,
സകലകടകളിലും അന്വേഷിച്ചു.
ആത്മീയലഹരിയുടെ തിരുചഷകം
ഇതൊന്നു മാത്രമാണെന്നറിഞ്ഞു.
ഈ പ്രകാശത്തെ ഈ ലോകത്ത്
എന്തിനോടുപമിക്കാൻ സാധിക്കും?

അതെല്ലാകാര്യത്തിലും
എല്ലാ സവിശേഷതകളിലും
അനുപമമാണെന്ന് വെളിപ്പെട്ടു.

ആദ്യം കരുതിയിരുന്നത്
ഫുർഖാൻ മൂസയുടെ
മാന്ത്രികദണ്ഢാണെന്നായിരുന്നു.

പിന്നെ ചിന്തിച്ചപ്പോൾ
അതിലെ ഓരോ വാക്കും
മസീഹിന്റേത് പോലെ
ജീവധായകമാണെന്ന് വെളിപ്പെട്ടു.

അന്ധന്മാർക്ക് തന്നെയാണ്
പിഴവു പറ്റിയിരിക്കുന്നത്.
അല്ലാത്തപക്ഷം ആ പ്രകാശം
നൂറുക്കണക്കിന്
പ്രകാശിതനക്ഷത്രങ്ങളേക്കാളും
പ്രോജ്ജ്വലമായി പ്രകാശിക്കുന്നു.

ഈ പ്രകാശമുണ്ടായിട്ടും
ഈ ലോകത്ത്
ഹൃദയം അന്ധമായിതന്നെ
കഴിയുന്ന ആളുകളുടെ
ജീവിതം നിരർഥമാകുന്നു.

(റൂഹാനീ ഖസായിൻ വാല്യം 1,
ഭാ.305,306; ബറാഹീനെ അഹ്മദിയ്യ,
ഖണ്ഡം 3, ഭാ. 275, ഉപ അടിക്കുറിപ്പ്,
നമ്പർ 2. ഒന്നാം പതിപ്പ്)

**കലാമുൽ ഇമാം:-**

"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്വ അത്യാവശ്യമായ മൂലധനമാണ്."
(മൽഫൂദാത്ത്, വാല്യം 5, പേജ് 121)

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**കലാമുൽ ഇമാം:-**

"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-3 Thursday 1 February 2018 Issue-5

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# ദൈവമുണ്ടെങ്കിൽ എന്തുകൊണ്ടു കാണുന്നില്ല?

ഞാനെന്റെ വിഷയത്തിലേക്ക് കടക്കുന്നതിനുമുമ്പേ ഒരു ഇത് വായിക്കുന്നവരിൽത്തന്നെ, സ്നേഹിക്കാത്തവരായോ വിരഹദുഃഖം അനുഭവിക്കാത്തവരായോ ആരെങ്കിലുമുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. അഥവാ ആരെങ്കിലുമുണ്ടെങ്കിൽ അവരോടു ഞാൻ ചോദിക്കുന്നു. തൂക്കിനോക്കിയാൽ 125 ഗ്രാമിൽ അധികം വരാത്ത അവരുടെ ചെറിയ ഹൃദയത്തിൽ, അറ്റമില്ലാത്തതും അത്യഗാധവുമായ സ്നേഹത്തിന്റെ സമുദ്രം അലയടിച്ചുയരുന്നത് അവർ കാണുന്നില്ലേ? ആ സ്നേഹം, പ്രതിബന്ധങ്ങളുമായി ഏറ്റുമുട്ടേണ്ടുന്ന സന്ദർഭം വന്നാൽ ദൈവത്തിന്റെ സൃഷ്ടികളിൽ ഏറ്റവും ഭയങ്കരനും അങ്ങേയറ്റം ശക്തവാനുമാണെന്ന ബഹുമതിക്കുപോലും അർഹമായിത്തീരുന്നു. അബലനും അശുവുമായ മനുഷ്യന്റെ ഉള്ളിൽ ശേഷിയും ശേമുഷിയും നിറച്ചുവെച്ചിട്ടുള്ളതിന്റെ ഫലമായി അവൻ തന്റെ ഇഷ്ടഭാജനത്തിന് വേണ്ടി കൂറ്റൻ പർവ്വതങ്ങളുമായി ഏറ്റുമുട്ടാൻതയ്യാറാവുന്നു. മരുഭൂമിയിലെ ദുസ്സഹമായ ദുർഘടസ്ഥിതിയെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. വന്യമൃഗങ്ങളുടെ വായിലേക്ക് എടുത്തുചാടുന്നു. അഗ്നികുണ്ഡത്തിലേക്ക് വീഴുന്നു. ആർത്തലച്ചു തിമിർത്തുവരുന്ന തിരമാലകൾക്കെതിരെ സധൈര്യം മുന്നോട്ടു കുതിയ്ക്കുന്നു. രാത്രികാലങ്ങളിൽ സുഖനിദ്ര ഉപേക്ഷിച്ച് ഉണർന്നിരുന്നു പ്രാർഥിക്കുന്നു. പകൽ സമയങ്ങളിൽ ദൈവമാർഗത്തിൽ ചുറ്റിക്കറങ്ങുന്നു. മരിക്കാതെ തന്നെ ജീവരക്തം കണ്ണുകളിലൂടെ ഒഴുക്കുന്നു. ഞാനിപ്പറഞ്ഞ ശക്തികളൊന്നും നിലവിലില്ലെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? കരുത്തുറ്റതും മഹത്തരവുമായ ഇത്തരം ശക്തിയെ ആരെങ്കിലും കണ്ടോ, കേട്ടോ, മണത്തോ, രുചിച്ചോ, സ്പർശിച്ചോ തിരിച്ചറിഞ്ഞിട്ടുണ്ടോ? ഇതുപോലെത്തന്നെ സമയം, കാലം, ശക്തി, ബുദ്ധി, കോപം, കാമം, കരുണ തുടങ്ങിയ വികാരങ്ങളേയും നിങ്ങൾ അംഗീകരിക്കുന്നു. എന്നാൽ, ഇവയൊന്നും നിങ്ങളുടെ ബാഹ്യേന്ദ്രിയങ്ങൾ നേരിട്ട് മനസ്സിലാക്കിയിട്ടല്ല നിങ്ങൾ സമ്മതിക്കുന്നത്.

ഞാൻ നേരത്തെ വിവരിച്ചതുപോലെ, വിവിധ വസ്തുക്കളെ തിരിച്ചറിയാൻ വിവിധ മാർഗങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്. ചിലത് കണ്ടറിയുമ്പോൾ ചിലത് കേട്ടറിയുന്നു. ചിലത് മണത്തറിയുമ്പോൾ ചിലത് രുചിച്ചറിയുന്നു. ചിലത് സ്പർശിച്ചറിയുമ്പോൾ ചിലത് മറ്റേതെങ്കിലും ഇന്ദ്രിയം കൊണ്ടാണ് അറിയുന്നത്. ഇവയൊന്നുകൊണ്ടും തിരിച്ചറിയാൻ കഴിയാത്ത നിരവധി കാര്യങ്ങൾ വേറെയുമുണ്ട്. അവയൊക്കെ തിരിച്ചറിയുന്നത് അവയുടെ പ്രവർത്തനവും അടയാളവും നോക്കിയാണ്. ഇപ്പറഞ്ഞ എല്ലാ അറിവും- അത് ഏതു മാർഗത്തിലൂടെ ലഭ്യമായാലും- സന്ദേഹരഹിതവും വിശ്വാസയോഗ്യവും തന്നെയായിരിക്കും. ഇന്ന രീതിയിൽ അറിഞ്ഞെങ്കിൽ മാത്രമേ ഇന്ന വസ്തുവിനെ വിശ്വസിക്കുകയുള്ളൂ, ഇല്ലെങ്കിൽ വിശ്വസിക്കുകയില്ലെന്ന് ശഠിക്കുന്നത് അങ്ങേയറ്റം ബാലിശമാണ്. ഏതു മാർഗത്തിലൂടെയും അറിവു കരസ്ഥമാക്കുക എന്നതായിരിക്കണം യഥാർഥ ലക്ഷ്യം. അതു ലഭ്യമായാൽ നമ്മുടെ പ്രശ്നവും പരിഹരിച്ചു കഴിഞ്ഞു. ഇന്ന മുറി ഞാൻ കണ്ടിട്ടുണ്ട്. എങ്കിലും, അതിന്റെ മച്ച് പൊളിച്ച് അതിലൂടെ അകത്ത് കടത്തിയാലേ ഞാൻ വിശ്വസിക്കുകയുള്ളൂ, വാതിലിലൂടെ പ്രവേശിപ്പിച്ചാൽ വിശ്വസിക്കുകയില്ലെന്നാരെങ്കിലും പറയുമോ? ഇത്തരക്കാരനോട് എനിക്ക് ചോദിക്കാനുള്ളത്, ഹേ മനുഷ്യാ, നിങ്ങളുടെ ഉദ്ദേശ്യം മച്ച് പൊളിക്കുകയാണോ അതോ അകത്ത് കടക്കുകയാണോ? അകത്ത് കടക്കുകയെന്നതാണ് നിങ്ങളുടെ ഉദ്ദേശ്യമെങ്കിൽ മച്ച് പൊളിക്കണമെന്ന വാശിയും വാതിലിലൂടെ കടക്കുകയില്ലെന്ന നിർബന്ധവും അർഥശൂന്യമല്ലേ? കാരണം നിശ്ചിത വാതിലിലൂടെ നിങ്ങൾക്ക് അതിനുള്ളിൽ കടക്കാവുന്നതേയുള്ളൂ. അപ്പോൾ, നിങ്ങളുടെ ചാപല്യമനുസരിച്ച് അതിനുള്ളിൽ കടക്കാൻ വഴിയുണ്ടാക്കണമെന്ന നിങ്ങളുടെ ആവശ്യം അങ്ങേയറ്റം അപഹാസ്യം തന്നെയാണ്. നിങ്ങളുടെ ഇഷ്ടം അംഗീകരിക്കുകയാണെങ്കിൽ സയ്ദിന്റെ ഇഷ്ടം എന്തുകൊണ്ട് സമ്മതിച്ചുകൂടാ. സയ്ദിന്റെ ഇഷ്ടം അംഗീകരിക്കുകയാണെങ്കിൽ ബക്കറിന്റെ ഇഷ്ടം എന്തുകൊണ്ട് സ്വീകരിച്ചുകൂടാ. അപ്പോൾ ദൈവം നിങ്ങളുടെ ഇഷ്ടത്തിനൊത്ത് തുള്ളുകയും, നിങ്ങളുടെ ഭാവനകൾക്കനുസൃതം കളിപ്പാവയെന്നോണം ആടുകയും ചെയ്യുന്നവനായി മാറണമെന്ന് ചുരുക്കം! നഊദുബില്ലാഹ് ഒരു സിനിമാനായകനെപ്പോലെ ആര് എന്ത് എങ്ങനെ ആഗ്രഹിച്ചാലും അതിനൊത്ത് തന്റെ ഗുണങ്ങളെ അവൻ മാറ്റിക്കൊണ്ടിരിക്കണമത്രെ! എന്തിനുവേണ്ടി, നിങ്ങളുടെ ശുഷ്ക്കിച്ച ഭാവനകൾക്ക് ക്ഷതമേല്ക്കാതിരിക്കാൻ! അഹോ കഷ്ടം!

**വമാ ഖദ്റുല്ലാഹ ഹഖ്ഖ് ഖദ്രിഹീ**

അവർ അല്ലാഹുവിന്റെ മഹത്ത്വം അതർഹിക്കും വിധം വിലയിരുത്തുന്നില്ല.

സ്നേഹിതന്മാരേ, ഒരു കാര്യം നിങ്ങൾ നല്ലവണ്ണം ഓർമിച്ചുകൊള്ളുക. ജഡിക വസ്തുക്കളെ അതിന്റെ വലുപ്പത്തിനനുസരിച്ച് ബാഹ്യേന്ദ്രിയങ്ങൾകൊണ്ട് നമുക്ക് ക്ഷണത്തിൽ തിരിച്ചറിയാൻ കഴിയും. എന്നാൽ, സൂക്ഷ്മമായ വസ്തുക്കളെ അതേ രീതിയിൽ തിരിച്ചറിയാൻ ഒരിക്കലും സാധ്യമല്ല. അതിന്റെ വ്യാപ്തി കൂടുന്തോറും ബാഹ്യേന്ദ്രിയങ്ങൾ അതിൽ നിന്ന് അകന്നകന്ന് പോകും. ഇതുകൊണ്ടാണ് അതിസൂക്ഷ്മമായ വസ്തുക്കളെ തിരിച്ചറിയുന്നതിനായി അതിന്റെ അടയാളങ്ങളിലേക്കും പ്രവർത്തനങ്ങളിലേക്കും ഫലങ്ങളിലേക്കും നോക്കേണ്ടിവരുന്നത്. കാരണം നമ്മുടെ ബാഹ്യേന്ദ്രിയങ്ങൾകൊണ്ടൊന്നും അതിനെ നേരിട്ട് തിരിച്ചറിയാൻ സാധ്യമല്ല. ഇതാണ് സാധാരണഗതിയിലുള്ള അവസ്ഥയെങ്കിൽ, സൂക്ഷ്മമായതിനെ സൃഷ്ടിക്കുന്ന സൂക്ഷ്മജ്ഞനായ ദൈവത്തെ ഈ മാംസദൃഷ്ടി കൊണ്ട് എങ്ങനെ ദർശിച്ച് തിരിച്ചറിയാനാണ്. അപ്പോൾ, കണ്ടെങ്കിലേ ദൈവത്തിൽ വിശ്വസിക്കുകയുള്ളൂ എന്ന് പറയുന്നവരുടെ വാദം എത്രമാത്രം നിരർഥവും വ്യർഥവുമാണ്. ഇത്തരത്തിലുള്ള ജല്പനത്തിന്റെ അർഥം ഒന്നുകിൽ അവരുടെ പക്കൽ ദൈവം സ്ഥൂലശരീരമുള്ളവനാണ്; അല്ലെങ്കിൽ അവർക്ക് കണ്ണുകൊണ്ട് കണ്ട് തൃപ്തിയടയുന്നതിനായി കുറഞ്ഞപക്ഷം ദൈവം സ്ഥൂലശരീരത്തോടെ വരണം! എന്നാൽ, ദുഷ്കരമായ ഒരു പ്രശ്നമുണ്ട്. ദൈവം, തങ്ങൾക്ക് മണത്തും രുചിച്ചും അതുമല്ലെങ്കിൽ സ്പർശിച്ചും അറിയാൻ കഴിയുംവിധം രൂപംപ്രാപിച്ചു വരണമെന്നു പറയാൻ ലോകത്തുള്ള ലക്ഷക്കണക്കിന് അന്ധർക്ക് അവകാശമില്ലേ? ദൈവത്തെ സംബന്ധിച്ച് ഇത്തരം പരിഹാസ്യമായ രീതി സ്വീകരിക്കുന്നത് ബുദ്ധിജീവിയെന്ന് അവകാശപ്പെടുന്ന മനുഷ്യർക്ക് ഭൂഷണമാണോ? നഗ്നനേത്രങ്ങൾകൊണ്ട് കാണാത്തിടത്തോളം ദൈവത്തിൽ വിശ്വസിക്കുകയില്ലെന്ന് നിങ്ങൾ ശഠിക്കുന്നു. എന്നാൽ, ഞാൻ പറയുന്നു; ദൈവം ദൃഷ്ടിഗോചരനായാൽ അവനിൽ വിശ്വസിക്കുക നമുക്ക് സുഗമമാണെങ്കിൽപ്പോലും ആ ദൈവം വിശ്വാസത്തിന്നർഹനാവുകയില്ല. കാരണം അപ്പോൾ അവന്റെ നിരവധി ഗുണങ്ങൾ അസാധുവാണെന്ന് സമ്മതിക്കേണ്ടതായി വരും. ഉദാഹരണത്തിന്, ദൈവം സൂക്ഷ്മനാണ്, എന്നാൽ, ദൃഷ്ടിഗോചരനായാൽ അവൻ പരിമിതനായിത്തീരുന്നു; ഇങ്ങനെ പലതും. ഇനി നിങ്ങൾക്കുവേണ്ടി ദൈവം സ്ഥൂലശരീരിയും പരിമിതനുമൊക്കെയായി രംഗത്തുവന്നാൽ നിങ്ങൾ വിശ്വസിച്ചുകൊള്ളുമെന്ന് എന്താണ് ഉറപ്പ്? സ്ഥൂലശരീരിയും പരിമിതനുമായവനെ അംഗീകരിക്കാൻ തയ്യാറല്ലെന്ന് നിങ്ങൾ പറഞ്ഞുകൂടായ്കയുണ്ടോ? ദൈവത്തിന് സ്തോത്രം. എത്രമാത്രം പരിശുദ്ധവും മനോഹരവും പരിപൂർണവുമായ അസ്തിത്വമാണവൻ. അവന്റെ ഓരോ ഗുണവും ഒന്നിനൊന്ന് കാവൽക്കാരനായി നില്ക്കുന്നു. അവന്റെ ഏതെങ്കിലുമൊരു ഗുണത്തിനുമേൽ ആക്രമണം ഉണ്ടാകുമ്പോൾ മറ്റു ഗുണങ്ങൾ ഉത്സുകരും ഉത്തരവാദിത്തബോധമുള്ളവരുമായ കാവൽക്കാരെപ്പോലെ ആ ആക്രമിയെ നിരാശനും നിരാലംബനുമാക്കി നിന്ദ്യതയുടെ പടുകുഴിയിലേക്ക് വലിച്ചെറിയാതിരിക്കുന്നതെങ്ങനെ? ആക്ഷേപകൻ ദൈവത്തിന്റെ മറഞ്ഞിരിക്കുക എന്ന ഗുണത്തിനുമേൽ സന്ദേഹം പ്രകടിപ്പിച്ചപ്പോൾ, അവന്റെ സൂക്ഷ്മൻ, അപരിമിതൻ എന്നീ ഗുണങ്ങൾ എത്ര പെട്ടെന്നാണ് ചാടിവീണ് ആ ആക്ഷേപത്തെ വിപാടനം ചെയ്തത്. സത്യത്തിൽ ദൈവത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ കഴിയുന്നത്, അവൻ മറഞ്ഞിരുന്നുകൊണ്ട് ഗോചരീഭവിക്കുമ്പോഴാണ്. അവൻ അകന്നിരിക്കുന്നതോടൊപ്പം പ്രത്യക്ഷത്തിൽ കാണാൻ കഴിയണം. അവൻ സൂക്ഷ്മനാകണം. എന്നിട്ട് ജഡികവസ്തുക്കൾ തിരിച്ചറിയുന്നതിനെക്കാൾ നല്ലവണ്ണം തിരിച്ചറിയുകയും അനുഭവപ്പെടുകയും വേണം. ഈ ആശയം മനസ്സിലാക്കാത്തവൻ നിർഭാഗ്യനാണ്; അവൻ നാശത്തിന്റെ വായിലാണുള്ളത്.

ഇത്രയും പറഞ്ഞുവന്നതിന്റെ ചുരുക്കം, അല്ലാഹുവിന്റെ പരിപൂർണത ആഗ്രഹിക്കുന്നത് അവൻ സൂക്ഷ്മനായിരിക്കുകയും മാംസദൃഷ്ടികളിൽനിന്ന് മറഞ്ഞിരിക്കുകയും ചെയ്യണം എന്നതാണ്. ഇതുകൊണ്ട് അവന്റെ അസ്തിത്വത്തെ സംബന്ധിച്ച് ഒരിക്കലുംതന്നെ സംശയമുണ്ടാകുക സാധ്യമല്ല. കാരണം അവനെ തിരിച്ചറിയുന്നതിന് വിശ്വാസപരവും ഖണ്ഡിതവുമായിട്ടുള്ള ധാരാളം വഴികൾ തുറന്നു കിടപ്പുണ്ട്. അത് നമ്മുടെ മാംസദൃഷ്ടിക്ക് കാണാൻ പറ്റുന്നതല്ല. സ്നേഹിതന്മാരേ, നിങ്ങൾ നിരർഥമായ സംശയങ്ങളിൽ കുടുങ്ങി സത്യവിശ്വാസംപോലുള്ള വിലമതിക്കാനാവാത്ത കാര്യത്തെ സ്വന്തം കൈകൊണ്ട് തള്ളിക്കളയരുത്. കാന്തികശക്തിയും വൈദ്യുതശക്തിയും അഗോചരമായിരുന്നിട്ടും അതിനെ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ആളുകളെ നിങ്ങൾ പിൻപറ്റുന്നില്ലേ? സമയത്തിന്റേയും കാലത്തിന്റേയും സ്വാധീനത്തെ നിങ്ങൾ സമ്മതിച്ചിട്ടില്ലേ? കാമാസക്തിയുടേയും കോപാവേശത്തിന്റേയും മുന്നിൽ നിങ്ങൾ മുട്ടുമടക്കിയിട്ടില്ലേ? എന്നാൽ, സ്വന്തം സ്രഷ്ടാവും ഉടമസ്ഥനുമായ ദൈവത്തിന് സ്നേഹവായ്പിന്റേയും ഭക്തിപ്രകർഷത്തിന്റേയും കപ്പം കൊടുക്കാൻ നിങ്ങൾ സന്നദ്ധരായില്ല. ഇല്ല. ഒരിക്കലുമില്ല. നിങ്ങൾ അങ്ങനെ ചെയ്യുന്നവരല്ല!

(ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ ഹമാരാ ഖുദാ എന്ന ഗ്രന്ഥത്തിൽനിന്ന്)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin